അടിസ്ഥാനപാഠാവലി

# മലയാളം

## സ്റ്റാൻഡേർഡ്

## VIII

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2009

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ

ഭാരത ഭാഗ്യവിധാതാ,

പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ

ദ്രാവിഡ ഉത്ക്കല ബംഗാ,

വിന്ധ്യഹിമാചല യമുനാഗംഗാ,

ഉച്ഛല ജലധിതരംഗാ,

തവശുഭനാമേ ജാഗേ,

തവശുഭ ആശിഷ മാഗേ,

ഗാഹേ തവ ജയ ഗാഥാ

ജനഗണമംഗലദായക ജയഹേ

ഭാരത ഭാഗ്യവിധാതാ.

ജയഹേ, ജയഹേ, ജയഹേ,

ജയ ജയ ജയ ജയഹേ!

***Prepared by*** :
State Council of Educational
Research and Training (SCERT)
Poojappura, Thiruvananthapuram - 12, Kerala.
*Website* www.scertkerala.gov.in
*e-mail* scertkerala@asianetindia.com

© Government of Kerala • Department of Education • 2009

പ്രിയവിദ്യാർഥികളേ,

മലയാളത്തിന്റെ വിശാലമായ ലോകത്തേക്കു നിങ്ങളെ സ്വാഗതം ചെയ്യുന്നു.

മാതൃഭാഷയുടെ മഹിമയും മധുരവും അടുത്തറിയാനുള്ള അവസരമാണിത്.

വായിച്ചും ചിന്തിച്ചും പങ്കുവച്ചും നമുക്കു മുന്നേറാം.

മനസ്സിൽ തെളിയുന്ന പുതിയ ആശയങ്ങൾ മറ്റുള്ളവരെ അറിയിക്കണ്ടേ?

മനസ്സുകൾ തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്തുന്ന ബലിഷ്ഠമായ ചരടാണ് ഭാഷ.

തലമുറകളായി നമ്മുടെ പൂർവികർ ഒരുക്കൂട്ടിവച്ച ചിന്തകളും അനുഭൂതികളും സ്വന്തമാക്കാൻ ഈ പഠനം നമ്മെ സഹായിക്കും.

നമ്മുടെ ഭാവനയും ചിന്തയും ആ പാരമ്പര്യത്തിൽ ഇണക്കിച്ചേർക്കുകയും ചെയ്യാം.

സ്നേഹാശംസകളോടെ,

**പ്രൊഫ. എം.എ. ഖാദർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

ശ്രീ. അക്ബർ കക്കട്ടിൽ
ശ്രീമതി അനില ബി. നായർ
ശ്രീ. ഉമ്മർ ടി. കെ.
ശ്രീ. ഓംകാരനാഥൻ പി.
ഡോ. പി. കേളു
ശ്രീ. പ്രകാശൻ പി. പി.
ശ്രീ. പ്രേമചന്ദ്രൻ പി.
ശ്രീ. ബഷീർ പി.
ശ്രീമതി പ്രമീള പി. കെ.
ശ്രീ. ബൈജു എൻ.
ശ്രീ. മധുസൂദനൻ സി.
ശ്രീ. രഘുനാഥ് എം.
ശ്രീ. ശ്രീകുമാർ സി.
ശ്രീ. സന്തോഷ്കുമാർ കെ. കെ.

## ചിത്രകാരന്മാർ

ശ്രീ. രാജചന്ദ്രൻ കെ. എസ്.
റജികുമാർ കെ.

## വിദഗ്ധർ

ശ്രീ. കല്പറ്റ നാരായണൻ
ഡോ. കുമ്മിൾ സുകുമാരൻ

## അക്കാദമിക് കോഡിനേറ്റർ

ഡോ. ശ്രീകുമാരി അമ്മ ബി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012



# ഉള്ളടക്കം


1. **പച്ചപ്പുകൾ തേടി**

   മഴ വന്നപ്പോൾ

   ശിശിരത്തിലെ ഓക്കുമരം

   കഥയിലെ പ്രകൃതി

2. **വെളിച്ചത്തിനെന്തൊരു വെളിച്ചം!**

   കിനാവുകളുടെ കാലം

   സ്വാമിജി

   ശുദ്ധരിൽ ശുദ്ധൻ

3. **ജീവനത്തിന്റെ പൊരുൾ**

   വെള്ളപ്പൊക്കത്തിൽ

   മഴയ്ക്കപ്പുറം

   സമൃദ്ധിയെ ക്ഷാമമാക്കി മാറ്റൽ



# 1

# പച്ചപ്പുകൾ തേടി

**ഓ**രോ മാസവും ഓരോ ദിവസവും വിചിത്ര വേഷമണിഞ്ഞ പ്രകൃതിയുടെ മോഹിനിയാട്ടമിവിടെയുണ്ട്. ഇടവപ്പാതിയുടെ ആനയും കതിനയും നിരന്ന പൂരം; മിഥുനം- കർക്കിടകത്തിലെ വർഷമഹോത്സവച്ചന്തം. അലതല്ലുന്ന, നുരകുത്തി പതഞ്ഞൊഴുകുന്ന ഭാരതപ്പുഴ; മനസ്സിൽ വെള്ളപ്പൊക്കമുണ്ടാകുന്ന മലവെള്ളപ്പാച്ചിൽ. ഓണപ്പൂലരികൾ, കന്നിനിലാവ്, തുലാക്കാറ്റ്, വൃശ്ചികക്കുളിർമഞ്ഞ്. ധനുമാസത്തിന്റെ മാമ്പൂമണം; മകരത്തങ്കത്തകിടായ സാന്ധ്യശോഭ. കുംഭമീനപ്പൂരങ്ങൾ, കാളവേലകൾ, വിഷുപ്പുലരി. വിചിത്ര വർണഗന്ധഭേദങ്ങൾ. ഈ പരിസരങ്ങളിൽ ഇതെല്ലാം ഒന്നു വേറെത്തന്നെ - ഇരുട്ട്, ഇരുണ്ട രാത്രി. അതിന്റെ മുഖത്തുമുണ്ട് ഒരു വശ്യകല. രാത്രിവണ്ടികളുടെ ചൂളംവിളി മറ്റേതോ ലോകത്തെ വിളിച്ചുവരുത്തുന്നു.

ഓണക്കാലം, തിരുവാതിരക്കാലം, വേലപൂരങ്ങളുടെ കാലം. പുഴവക്കിലെ ക്ഷേത്രങ്ങൾ, കുന്നിൻചരിവിലെ കാവുകൾ. എല്ലാം പ്രത്യേക അഴകുമുറ്റിയവ; മാധുര്യം നിറഞ്ഞവ; തനി കേരളഗ്രാമത്തിന്റെ ആചാരവിചാര വികാരസംസ്കാര സൗന്ദര്യങ്ങൾ. അതിന്റെ വിത്തറയാണീ നാട്. തേനോലുന്ന വള്ളുവനാടൻ ഭാഷ ഈ മണ്ണിൽ വിളയുന്നു. മലയാളകവിക്കു വേണ്ടുന്ന ആഹാരരസസത്ത് ഈ പ്രകൃതിവിഭവങ്ങളിലുണ്ട്.

(*കവിയുടെ കാൽപ്പാടുകൾ* - **പി. കുഞ്ഞിരാമൻനായർ**)

*കവിയുടെ വാക്കുകൾ ശ്രദ്ധിച്ചല്ലോ. പ്രകൃതിയുടെ മനോഹാരിതകളും ഭാവപ്പകർച്ചകളും എക്കാലത്തേയും കവികൾക്കു പ്രചോദനമായിരുന്നു.*



# മഴ വന്നപ്പോൾ...

ചെറുശ്ശേരി

**ശൈ**ലത്തെപ്പൂജിച്ചു ഗോപന്മാരെല്ലാരും
ആലയം തന്നിലേ പൂകുന്നേരം

മുപ്പാരിതെപ്പേരും മുക്കുവാൻ കെല്പാർന്ന
കല്പാന്തമേഘങ്ങൾ പോന്നുവന്നു.

"കാലമല്ലാതൊരു കാലത്തു കണ്ടാലും
നീലവലാഹകൾ വന്നതിപ്പോൾ.

എന്തിതെ,"ന്നിങ്ങനെ കണ്ടുള്ളോരെല്ലാരും
ചിന്തിച്ചു തങ്ങളിൽ നിന്നനേരം

പാരിച്ചുനിന്നൊരു പാഴിടിനാദത്താൽ
പാരിടമെങ്ങും കുലുങ്ങിച്ചുടൻ

വിണ്ണവർവാരണംതന്നുടെ കൈയോളം
വണ്ണമെഴുന്നുള്ള തുള്ളികളും

തൂകിത്തുടങ്ങീതങ്ങാകാശംതന്നിലേ
പാകിനിന്നീടിന മേഘമെല്ലാം.

പാഴിടി കേട്ടിട്ടു പൈതങ്ങളെല്ലാമേ
പാരം കരഞ്ഞുതുടങ്ങീതപ്പോൾ.

ഒന്നിനോടൊന്നു കലർന്നങ്ങുനിന്നൊരു
കന്നുകിടാക്കളുമവ്വണ്ണമേ.

വൻകാറ്റു വന്നങ്ങു വീതു തുടങ്ങീട്ടു
വൻകുന്നുകൂടെക്കുലുങ്ങിച്ചെമ്മേ

കാലികളെല്ലാമേ ചാല വിറച്ചങ്ങു
നീലക്കാർവർണനെ നോക്കിനിന്നൂ.

ആനായനാരിമാർ തന്മുഖമെല്ലാമേ
ദീനങ്ങളായ്വന്നു പിന്നെപ്പിന്നെ.

നന്ദൻ തുടങ്ങിന വൃദ്ധന്മാരെല്ലാരും
നിന്നുപൊറുക്കരുതാഞ്ഞു ചെമ്മേ.

മെയ്യും വിറച്ചു തങ്കൈയും തിരുമ്മിനി-
"ന്നയ്യോ"! യെന്നിങ്ങനെ ചൊന്നുഴന്നാർ.

*(കൃഷ്ണഗാഥ)*

- "വൻകാറ്റു വന്നങ്ങു വീതു തുടങ്ങീട്ടു
  വൻകുന്നുകൂടെക്കുലുങ്ങിച്ചെമ്മേ
  കാലികളെല്ലാമേ ചാല വിറച്ചങ്ങു
  നീലക്കാർവർണനെ നോക്കിനിന്നു."

  ഇത്തരം മഴക്കാലാനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാവും. ഒരു അനുഭവക്കുറിപ്പ് തയാറാക്കുക.
- ഗോപന്മാർ ശൈലത്തെ പൂജിക്കാൻ ഇടയായ സാഹചര്യവും തുടർന്നുണ്ടായ സംഭവവികാസങ്ങളും കഥാരൂപത്തിൽ ആവിഷ്കരിക്കുക.
- "വിണ്ണവർവാരണംതന്നുടെ കൈയോളം
  വണ്ണമെഴുന്നുള്ള തുള്ളികളും...." തുമ്പിക്കൈയോളം വണ്ണമുള്ള മഴത്തുള്ളി ഉണ്ടാകുമോ? ഈ പ്രയോഗം കവിതയ്ക്ക് അലങ്കാരഭംഗി നൽകുന്നതെങ്ങനെയെന്ന് കണ്ടെത്തി എഴുതുക.

"അരിയോരണിപന്തലായ് സതി -
ക്കൊരു പൂവാക വിതിർത്ത ശാഖകൾ,
ഹരിനീലതൃണങ്ങൾ കീഴിരു -
ന്നരുളും പട്ടുവിരിപ്പുമായിതു"

(*ചിന്താവിഷ്ടയായ സീത*- **കുമാരനാശാൻ**)

*കുശലവന്മാർ വാല്മീകിമഹർഷിയോടൊപ്പം അയോധ്യയിലേക്കുപോയപ്പോൾ, ആശ്രമത്തിൽ ഒറ്റയ്ക്കായ സീത സമീപത്തുള്ള പൂന്തോട്ടത്തിൽ ചിന്താമഗ്നയായി ഇരുന്നു. അവിടെ പൂവാകയുടെ ശാഖകൾ അവൾക്ക് അണിപന്തലും ഹരിനീലതൃണങ്ങൾ പട്ടുവിരിപ്പുമായിത്തീർന്നു.*

*പ്രകൃതി പല ഭാവത്തിൽ നമ്മോടൊപ്പമുണ്ട്. സാന്ത്വനമായി, സംരക്ഷകയായി, ഗുരുവായി, വിദ്യാലയമായി....*



# ശിശിരത്തിലെ ഓക്കുമരം

**യൂറി നഗീബിൻ**

**ത**ലേന്നാൾ രാത്രി മഞ്ഞ് ശക്തമായി പെയ്തിരുന്നു. 'ഉവറോക്കയിൽ' നിന്നു സ്കൂളിലേക്കുള്ള ഇടുങ്ങിയ വഴിയാകട്ടെ, വിട്ടുവിട്ടു വീണിരുന്ന നേരിയ നിഴലിൽ മങ്ങി അവ്യക്തമായിട്ടാണു കാണപ്പെടുന്നത്. ഈ ഒറ്റയടിപ്പാതയിൽക്കൂടി സ്കൂൾടീച്ചർ സൂക്ഷിച്ചു നടന്നു. സാധാരണ ഷൂസിന്റെ മീതെ രോമം കൊണ്ടുള്ള വേറൊരു ഷൂസും അവർ ധരിച്ചിരുന്നു. അപകടം പതിയിരിക്കുന്ന മഞ്ഞിൽനിന്നു രക്ഷപ്പെടാൻ എപ്പോൾ വേണമെങ്കിലും കാലുകൾ വലിച്ചെടുക്കാൻ തയാറായിട്ടാണ് ടീച്ചർ നടന്നത്.

സ്കൂളിലേക്ക് അരനാഴിക നടക്കാനുള്ള ദൂരമേ ഉണ്ടായിരുന്നുള്ളൂ. അവർ ഒരു രോമക്കുപ്പായം കൊണ്ട് ദേഹം പുതച്ച്, വലിയൊരു രോമത്തൂവാലകൊണ്ട് തല മൂടിയിരുന്നു. മഞ്ഞു കഠിനമായി പെയ്തിരുന്നു. കാറ്റ് ആഞ്ഞുവീശി അവരെ മഞ്ഞുകണങ്ങൾ

കൊണ്ട് അടിമുടി നനച്ചിരുന്നു. ഇരുപത്തിനാല് വയസ്സുമാത്രം പ്രായമായ ടീച്ചർക്ക് ഈ ശൈത്യത്തിന്റെ കാഠിന്യം ഇഷ്ടപ്പെട്ടു. തന്റെ മൂക്കും കവിളും നുള്ളിക്കൊണ്ടിരുന്ന, മഞ്ഞുകോട്ടിന്റെ ഉള്ളിൽക്കടന്ന് ദേഹം കുത്തിത്തുളയ്ക്കുന്ന കാറ്റും അവർക്കിഷ്ടമായി. കാറ്റിന് എതിരേ തിരിഞ്ഞുനോക്കിയപ്പോൾ തന്റെ പുറം ഷൂസിന്റെ കൂർത്ത അറ്റത്തിന്റെ പാടുകൾ മഞ്ഞിൽ അവർ കണ്ടു,

ഏതോ ഒരു കൊച്ചുമൃഗത്തിന്റെ കാൽപ്പാടുകൾപോലെ. അതും അവർക്കു പ്രിയങ്കരമായിത്തോന്നി.

ജനുവരിമാസത്തെ ഉന്മേഷദായകവും തിളക്കമാർന്നതുമായ ആ പ്രഭാതം ജീവിതത്തെപ്പറ്റിയും തന്നെപ്പറ്റിയും സന്തോഷത്തോടെ ചിന്തിക്കാൻ അവരെ പ്രേരിപ്പിച്ചു. രണ്ടുവർഷം മുമ്പാണ് അവർ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ഇതിനിടെ പരിചയസമ്പന്നയും കൃതഹസ്തയുമായ ഒരു ടീച്ചറായി അവർ അറിയപ്പെടാൻ തുടങ്ങിയിരുന്നു. ജനങ്ങൾക്ക് അവർ സുപരിചിതയായിരുന്നു. അവർക്കു ടീച്ചറോട് വളരെ മതിപ്പുണ്ടായിരുന്നു. അന്ന വാസ്‌ലിയേവ്ന എന്നാണ് ബഹുമാനപൂർവം അവരെ എല്ലാവരും വിളിച്ചിരുന്നത്.

അന്ന വാസ്‌ലിയേവ്നയുടെ ആദ്യത്തെ ക്ലാസ് അഞ്ചാം തരത്തിലായിരുന്നു. അവർ ക്ലാസിൽ പ്രവേശിച്ചപ്പോഴേക്കും സ്കൂൾ തുടങ്ങുന്നതറിയിച്ചുകൊണ്ടുള്ള മണി മുഴങ്ങിക്കൊണ്ടേയിരുന്നു. കുട്ടികൾ എല്ലാവരും എഴുന്നേറ്റ് ടീച്ചറെ അഭിവാദ്യം ചെയ്തശേഷം അവരവരുടെ സ്ഥാനത്ത് ഇരിപ്പുറപ്പിച്ചു. സാവധാനത്തിൽ എല്ലാം നിശ്ശബ്ദമായി. ഡസ്കുകൾ അടയ്ക്കുന്ന ഒച്ചയും ബെഞ്ചുകൾ ഉരയുന്ന ഒച്ചയും മാത്രം കേൾക്കുന്നുണ്ടായിരുന്നു. ഏതോ ഒരു കുട്ടിയുടെ ദീർഘനിശ്വാസം ടീച്ചർ കേട്ടു. രാവിലെ സ്വതന്ത്രമായി കളിക്കാനുള്ള സമയം തീർന്നുവല്ലോ എന്നോർത്തിട്ടായിരിക്കാം അവൻ സങ്കടപ്പെടുന്നത്.

ടീച്ചർ പാഠം തുടങ്ങി: "ഇന്ന് നമുക്ക് പദവിഭാഗങ്ങളെപ്പറ്റി പഠിക്കാം." കുട്ടികൾ നിശ്ശബ്ദരായി ശ്രദ്ധിച്ചു. ഏതോ ഭാരമേറിയ ഒരു വാഹനം പ്രധാന പാതയിലൂടെ ഇഴഞ്ഞുപോകുന്നതിന്റെ ശബ്ദം മാത്രം കേൾക്കാമായിരുന്നു.

"ഒരു വസ്തുവിനെ സൂചിപ്പിക്കുന്ന പദമാണ് നാമം. വ്യാകരണത്തിൽ ഒരു വ്യക്തിയെയോ വസ്തുവിനെയോ കുറിച്ചുള്ള പദമാണിത്. അതാരാണ്, അതെന്താണ് എന്നീ ചോദ്യങ്ങൾക്കുള്ള മറുപടിയായിരിക്കും ഈ പദം.

ഉദാഹരണമായി, അതാരാണ്? ഒരു വിദ്യാർഥി.

അതെന്താണ്? ഒരു പുസ്തകം."

"ഞാൻ ക്ലാസിൽ കയറട്ടെ?" പൊക്കം കുറഞ്ഞ ഒരാൺകുട്ടി പകുതി തുറന്നുകിടന്നിരുന്ന വാതിലിനു മുമ്പിൽ പ്രത്യക്ഷപ്പെട്ടു. മഞ്ഞുകൊണ്ട് അവന്റെ മുഖം ബീറ്റ്റൂട്ട് പോലെ ചെമന്നുതുടുത്തിരുന്നു. പുരികം മഞ്ഞുപാളി വീണ് നരച്ചിരുന്നു. അവന്റെ വലിയ ബൂട്ടിന്റെ മീതെയുള്ള മഞ്ഞ് ഉരുകാൻ തുടങ്ങിയിരുന്നു.

"പിന്നെയും നീ നേരം വൈകിവന്നോ സവുഷ്കിൻ"– ചെറുപ്പക്കാരികളായ ടീച്ചർമാരെപ്പോലെ അന്ന വാസ്‌ലിയേവ്ന കണിശക്കാരിയാകാൻ ശ്രമിച്ചുകൊണ്ടു ചോദിച്ചു.

പക്ഷേ, അവരുടെ ശബ്ദത്തിൽ പരാതിക്കും ശകാരത്തിനുമുപരി ദയനീയതയാണു നിറഞ്ഞു നിന്നത്. ടീച്ചറുടെ വിമർശനം അനുമതിയായെടുത്ത് സവുഷ്കിൻ വേഗം ക്ലാസിൽ കയറി തന്റെ സ്ഥാനത്ത് ഇരിപ്പുറപ്പിച്ചു. പുസ്തകസഞ്ചി ഡസ്കിനുള്ളിൽ വച്ച് അവൻ അടുത്തിരുന്ന കുട്ടിയോടെന്തോ ചോദിക്കുന്നത് അവർ ശ്രദ്ധിച്ചു. ചിലപ്പോൾ ടീച്ചർ പഠിപ്പിക്കുന്നത് എന്താണെന്നവൻ ചോദിക്കുകയാവാം.

സവുഷ്കിന്റെ നേരംവൈകിയുള്ള വരവ് ടീച്ചറെ വല്ലാതെ വിഷമിപ്പിച്ചു. നല്ല വിധത്തിൽ ആരംഭിച്ച ഒരു ക്ലാസിന്റെ ഗുണം മുഴുവൻ നഷ്ടപ്പെട്ടതിൽ അവർക്കു വിഷമം തോന്നി.

"മനസ്സിലായോ, വ്യക്തമായോ?" അന്ന കുട്ടികളോടു ചോദിച്ചു.

"മനസ്സിലായി, മനസ്സിലായി" - കുട്ടികൾ ഒരുമിച്ച് ഉച്ചത്തിൽ ഉത്തരം പറഞ്ഞു.

"വളരെ നല്ലത്. ഇനി നിങ്ങൾ ഓരോരുത്തരും ഉദാഹരണങ്ങൾ തന്നത്താൻ കണ്ടുപിടിച്ചോളൂ."

കുറച്ചുനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം കുട്ടികൾ പറയാൻ തുടങ്ങി:

"പൂച്ച"

"ശരി"- ടീച്ചർ പറഞ്ഞു. പോയ വർഷവും കുട്ടികൾ ആദ്യമായി പറഞ്ഞ ഉദാഹരണം പൂച്ചയായിരുന്നുവെന്ന് അന്ന ഓർത്തു.

"ജനൽ, മേശ, വീട്, വഴി........." കുട്ടികൾ പറയാൻ തുടങ്ങി.

''ഇതുമതി, നിർത്തിക്കോളൂ'' - അന്ന വാസ്‌ലിയേവ്‌ന പറഞ്ഞു: "നിങ്ങൾക്കു മനസ്സിലായിരിക്കുന്നു."

കുട്ടികളുടെ ഒച്ച നിലച്ചു. കുള്ളനായ വാസ്യാത മാത്രം ടീച്ചർ അവനെ ശ്രദ്ധിക്കാത്തതു കാരണം മന്ത്രിച്ചുകൊണ്ടേയിരുന്നു: "ആണി, ആണി!"

പെട്ടെന്നു സ്വപ്നത്തിൽ നിന്ന് ഉണർന്നതുപോലെ സവുഷ്കിൻ എഴുന്നേറ്റുനിന്നു പറഞ്ഞു:

"ശിശിരത്തിലെ ഓക്കുമരം."

കുട്ടികൾ അതുകേട്ടു പൊട്ടിച്ചിരിക്കാൻ തുടങ്ങി. "മിണ്ടാതിരിക്കൂ"- ടീച്ചർ കൈപ്പടം ഡസ്കിൽ തട്ടി പറഞ്ഞു.

"ശിശിരത്തിലെ ഓക്കുമരം"- മറ്റു കുട്ടികളുടെ പരിഹസിക്കുന്ന ചിരിയോ ടീച്ചറുടെ വിലക്കോ വകവയ്ക്കാതെ സവുഷ്കിൻ ആവതു പറഞ്ഞു. അവന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നാണ് ആ വാക്ക് പുറത്തുവന്നത്; ഉള്ളിൽ താലോലിച്ചുവച്ച ഒരു പരമരഹസ്യം പുറത്തു പറയുന്നതുപോലെ. അവന്റെ വിചിത്രമായ ഈ പെരുമാറ്റം മനസ്സിലാക്കാൻ കഴിയാതെ ടീച്ചർ പൊട്ടിത്തെറിച്ചു: ''എന്തുകൊണ്ട് ശിശിരത്തിലെ ഓക്കുമരം? വെറും ഓക്കുമരം പോരേ?"

"വെറും ഓക്കുമരം എന്നു മാത്രം പറഞ്ഞാൽ ശരിയാവില്ല അന്ന വാസ്‌ലിയേവ്‌നാ. ശിശിരത്തിലെ ഓക്കുമരം എന്നു പറഞ്ഞാലേ അത് അർഥവത്തായ ഒരു നാമപദമാകൂ"- സവുഷ്കിൻ തിരിച്ചടിക്കുന്നതുപോലെ പറഞ്ഞു.

"സവുഷ്കിൻ ഇരിക്കൂ. ക്ലാസിൽ നേരം വൈകി വരുന്നതിന്റെ ഫലം കണ്ടില്ലേ? ഓക്കുമരം ഒരു നാമപദമാണ്. ശിശിരത്തിലെ എന്ന വിശേഷണം അതിനാവശ്യമില്ല. ഇടവേളയിൽ ടീച്ചർമാരുടെ മുറിയിൽ നീ വരണം."

"കണ്ടോ, ശിശിരത്തിലെ ഓക്കുമരത്തിനു പറ്റിയ അമളി"- പിന്നിലെ ബെഞ്ചിലിരുന്ന ബാലൻ പരിഹാസത്തോടെ പറഞ്ഞു. സവുഷ്കിൻ ഇരുന്നു. അവനെന്തോ ഓർത്തു പുഞ്ചിരിച്ചു. ടീച്ചറുടെ ഭീഷണിപ്പെടുത്തുന്ന വാക്കുകളോ സഹപാഠികളുടെ പരിഹസിച്ചുകൊണ്ടുള്ള ചിരിയോ അവനെ ഒട്ടും വിഷണ്ണനാക്കിയില്ല. വിഷമംപിടിച്ചൊരു കുട്ടിയാണല്ലോ ഇവനെന്നു വിചാരിച്ച് ടീച്ചർ പാഠം തുടർന്നു.

സവുഷ്കിൻ ഇടവേളയിൽ ടീച്ചർമാരുടെ മുറിയിൽ ഹാജരായി.

"ഇരിക്കൂ" - ടീച്ചർ അവനോടു പറഞ്ഞു. അവൻ സന്തോഷത്തോടെ, മാർദവമേറിയ വിരിപ്പിട്ട കസേരയിലിരുന്ന് രണ്ടുമൂന്നു പ്രാവശ്യം ചാടിത്തുള്ളി.

"നീ എന്തുകൊണ്ടാണ് എന്നും നേരം വൈകി വരുന്നത്?"

''എനിക്കു തന്നെ അറിഞ്ഞുകൂടാ, അന്ന വാസ്‌ലിയേവ്‌ന" - മുതിർന്ന ആളുകളെപ്പോലെ ചുമല് കുലുക്കിക്കൊണ്ട് അവൻ ഉത്തരം പറഞ്ഞു: "ഞാൻ ഒരു മണിക്കൂർ മുമ്പ് വീടു വിട്ടിറങ്ങും."

ടീച്ചർ വിഷമത്തോടെ വിചാരിച്ചു: ഈ കൊച്ചു കാര്യത്തിൽക്കൂടി സത്യം അറിയാൻ എന്തു

പ്രയാസം? സവുഷ്കിന്റെ വീടിനെക്കാൾ ദൂരത്ത് എത്രയോ കുട്ടികൾ താമസിക്കുന്നുണ്ട്. അവരെല്ലാം സമയത്തിന് ക്ലാസിലെത്തുന്നുണ്ടല്ലോ.

"നീ കുസ്മിൻകിയിലല്ലെ താമസിക്കുന്നത്?" ടീച്ചർ ചോദിച്ചു.

"അല്ല, സാനിട്ടോറിയത്തിൽ."

"എന്നിട്ട് നിനക്കു നാണമില്ലേ, ഒരുമണിക്കൂർ മുമ്പ് വീട്ടിൽ നിന്നു പുറപ്പെട്ടുവെന്നു പറയാൻ? സാനിട്ടോറിയത്തിൽ നിന്നു പതിനഞ്ചു മിനിറ്റ് നടന്നാൽ പ്രധാന പാതയിലെത്താം. പിന്നെ അരമണിക്കൂർ നടന്നാൽ സ്കൂളായല്ലോ."

"പക്ഷേ, ഞാൻ പ്രധാന പാതയിൽക്കൂടി വരാറില്ലല്ലോ, ഞാനെപ്പോഴും കാട്ടിൽക്കൂടിയാണു വരുന്നത്."

സമയം വൈകുന്നതിനു കാരണമെന്തെന്ന് അവനുതന്നെ അറിഞ്ഞുകൂടെന്നു തോന്നും അവന്റെ ഭാവം കണ്ടാൽ. ടീച്ചർക്ക് നീരസവും സങ്കടവും അനുഭവപ്പെട്ടു. കുട്ടികൾ നുണപറഞ്ഞാൽ അവർ എപ്പോഴും ഈ വിധമാണ് പ്രതികരിക്കുക.

"സോറി, അന്ന വാസ്‌ലിയേവ്ന. ഞാൻ മറ്റു കുട്ടികളുമായി മഞ്ഞുകൊണ്ട് പന്തുണ്ടാക്കിക്കളിച്ചു. അതിനാൽ..."

ഈ വിധം അവൻ സത്യം പറഞ്ഞെങ്കിൽ എത്ര നന്നായിരുന്നു! പക്ഷേ, അവൻ തന്റെ ചാരനിറമുള്ള വലിയ കണ്ണുകൾകൊണ്ട് ടീച്ചറെ നോക്കി മിണ്ടാതെയിരുന്നു.

എല്ലാം ടീച്ചർക്കു മനസ്സിലായല്ലോ. ഇനി എന്തെങ്കിലും ചോദിക്കാനുണ്ടോ എന്ന് അവൻ പറയുന്നതുപോലെ തോന്നി.

"സവുഷ്കിൻ, നിന്റെ കാര്യം മോശം! വളരെ മോശം! എനിക്കു നിന്റെ മാതാപിതാക്കളെ കാണണം."

"പക്ഷേ, എനിക്ക് അമ്മ മാത്രമേയുള്ളൂ"- സവുഷ്കിൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

സവുഷ്കിന്റെ അമ്മയെപ്പറ്റി ഓർത്തപ്പോൾ ടീച്ചർക്കു ലജ്ജയും സങ്കടവും തോന്നി. സാനിട്ടോറിയത്തിലെ കുളിമുറിയിലാണ് അവർക്കു ജോലി. സവുഷ്കിൻ അവരെ 'ഷവർ നേഴ്സ്' എന്നാണു വിളിക്കുന്നത്. അവന്റെ അമ്മ വളരെ ക്ഷീണിച്ച ഒരു സ്ത്രീയായിരുന്നു. എപ്പോഴും ചൂടുവെള്ളത്തിൽ കൈമുക്കി ജോലിയെടുക്കുന്നതുകൊണ്ട് അവരുടെ കൈകൾ വിളറി വെളുത്ത് തുണി പോലെയായിരുന്നു. അവരുടെ ഭർത്താവ് സോവിയറ്റ് യൂണിയന്റെ മഹത്തായ വിമോചനസമരത്തിൽ പോരാടി മരിച്ച യോദ്ധാവായിരുന്നു. സവുഷ്കിനു പുറമെ മൂന്നു കുട്ടികളെക്കൂടി അവർക്ക് തനിയെ സംരക്ഷിക്കേണ്ടിയിരുന്നു.

സവുഷ്കിന്റെ അമ്മയ്ക്ക് ഒരുപാട് പ്രാരബ്ധങ്ങൾ ഉണ്ടായിരുന്നെങ്കിലും ടീച്ചർക്ക് അവരെ കണ്ടേ തീരൂ.

"എനിക്ക് നിന്റെ അമ്മയെ കാണണം."

"തീർച്ചയായും! അമ്മയ്ക്ക് ടീച്ചറെ കാണാൻ സന്തോഷമേ ഉണ്ടാകൂ."

"പക്ഷേ, ഞാൻ നിന്നെപ്പറ്റി അവരോടു പറയുന്നതു കേട്ടാൽ നിർഭാഗ്യവശാൽ അവർക്ക് ഒട്ടും സന്തോഷമുണ്ടാകില്ല. എപ്പോഴാണ് അവരുടെ ഷിഫ്റ്റ്?"

"മൂന്നുമണിക്ക് തുടങ്ങുന്ന രണ്ടാമത്തെ ഷിഫ്റ്റിലാണ് അമ്മ."

"വളരെ നല്ലത്. എന്റെ ക്ലാസ് രണ്ടുമണിക്കവസാനിക്കും. ഞാൻ നിന്റെ കൂടെ വരാം."

സ്കൂൾപ്പറമ്പിനു പിന്നിലുള്ള വഴിയിൽക്കൂടിയാണ് സവുഷ്കിൻ ടീച്ചറെ കൂട്ടിക്കൊണ്ടുപോയത്. ഏറെത്താമസിയാതെ അവർ കാടിന്റെ സമീപത്തെത്തി. കാട്ടിൽ പ്രവേശിച്ച ഉടൻ ഫിർമരത്തിന്റെ, മഞ്ഞുമൂടി കനം തൂങ്ങിയ ശാഖകൾ അവരെ വലയംചെയ്തു.

ഒരു അരുവിയുടെ തീരത്തുകൂടിയാണ് ആ കാട്ടുവഴി പോയത്. ഇടയ്ക്കിടെ മരങ്ങൾ വഴിയിൽ നിന്നു വിട്ടുമാറിയപ്പോൾ സൂര്യവെളിച്ചത്തിൽ

തിളങ്ങുന്ന മൈതാനം കാണപ്പെട്ടു. പയറിന്റെ ഇലയുടെ ആകൃതിയിലുള്ള കാൽപ്പാടുകൾ മഞ്ഞിൽ അവർ കണ്ടു. ഏതോ വലിയ മൃഗത്തിന്റെ കുളമ്പടി ആയിരിക്കണമവ. ഈ കാൽപ്പാടുകൾ മരക്കൂട്ടങ്ങളുടെ ഇടയിലേക്കു നീണ്ടുപോയിരുന്നു.

അന്ന വാസ്‌ലിയേവ്നയ്ക്ക് ആ മൃഗത്തിന്റെ കാൽപ്പാടുകളിൽ താൽപ്പര്യമുണ്ടെന്നറിഞ്ഞ സവുഷ്കിൻ പറഞ്ഞു:

"എൽക്ക് ഇവിടെ വന്നിട്ടുണ്ടാകണം." ഒരു ചിരപരിചയക്കാരനായ ചങ്ങാതിയെപ്പറ്റി പറയുന്നതുപോലെയാണ് അവൻ ആ മാനിനെക്കുറിച്ച് പറഞ്ഞത്. "പക്ഷേ, പേടിക്കേണ്ട കേട്ടോ!" ടീച്ചർ ചുറ്റും നോക്കുന്നതു കണ്ട് അവൻ പറഞ്ഞു: "എൽക്ക് ഒരു പാവമാണ്."

"നീയെപ്പൊഴെങ്കിലും എൽക്കിനെ കണ്ടിട്ടുണ്ടോ?" ടീച്ചർ ഉത്സാഹത്തോടെ ചോദിച്ചു.

"ജീവനുള്ളതോ?" അവൻ ദീർഘശ്വാസം വിട്ടു പറഞ്ഞു: "ഇല്ല. പക്ഷേ, അതിന്റെ ചാണകം കണ്ടിട്ടുണ്ട്."

"എന്ത്!" ടീച്ചർ ചോദിച്ചു.

"എൽക്കിന്റെ കാഷ്ഠം" - അവൻ വല്ലായ്മയോടെ പറഞ്ഞു. വെളുത്ത വില്ലോമരത്തിന്റെ ശാഖകൾ തീർത്ത കമാനത്തിനു താഴെക്കൂടി വഴി പിന്നെയും അരുവിയുടെ തീരത്ത് എത്തിച്ചേർന്നു.

"എന്താ എല്ലായിടത്തും മഞ്ഞില്ലാത്തത്?" ടീച്ചർ ചോദിച്ചു.

"ഇവിടെ ചിലയിടങ്ങളിൽ ഉഷ്ണജലം വമിക്കുന്ന നീരുറവകളുണ്ട്. നോക്കൂ, അവിടെ വെള്ളം പൊങ്ങിവരുന്നത്."

അന്ന വാസ്‌ലിയേവ്ന വെള്ളത്തിനു മീതെ കുനിഞ്ഞുനോക്കിയപ്പോൾ വെള്ളം അടിയിൽ നിന്നു പൊങ്ങിവരുന്നതു കണ്ടു. അതു ജലനിരപ്പിനു താഴെ കുമിളകളായി മാറി. നേരിയ നൂലുപോലുള്ള നീരുറവയും അതിന്റെയറ്റത്തെ കുമിളകളും ചേർന്ന് തണ്ടിന്റെയറ്റത്തു വിരിയുന്ന ലില്ലിപ്പൂക്കളെ അനുസ്മരിപ്പിച്ചു!

"ഇവിടെ ഒരുപാടു നീരുറവകളുണ്ട്. മഞ്ഞിന്റെ താഴെ അരുവി സജീവമാണ്"- സവുഷ്കിൻ ഉത്സാഹത്തോടെ പറഞ്ഞു. കൈത്തലം കൊണ്ട് അവൻ മഞ്ഞു മാറ്റിയപ്പോൾ കീഴെ കറുത്തിരുണ്ട തെളിഞ്ഞ ജലം പ്രത്യക്ഷപ്പെട്ടു.

വെള്ളത്തിൽ വീണ മഞ്ഞുകട്ടകൾ പെട്ടെന്ന് ഉരുകുന്നില്ലെന്നു ടീച്ചർ കണ്ടു. അവ കട്ടകൂടി വെള്ളത്തിനു മുകളിൽ പൊന്തിക്കിടന്നു. പച്ചനിറത്തിൽ ജെല്ലിപോലുള്ള ജലസസ്യങ്ങളാണോ അവയെന്ന് ടീച്ചർ സംശയിച്ചു. ഈ ദൃശ്യം വളരെ വശ്യമായി അവർക്കനുഭവപ്പെട്ടു. പിന്നെയും പിന്നെയും കാലുകൊണ്ട് മഞ്ഞ് വെള്ളത്തിലേക്കു തട്ടിവീഴ്ത്തി. വെള്ളത്തിൽ വീണ മഞ്ഞുപാളികളെല്ലാം ചേർന്ന് വിചിത്രരൂപത്തിലുള്ള ഒരു വലിയ മഞ്ഞുകൂമ്പാരമായി മാറി. ഇതിനിടയിൽ സവുഷ്കിൻ മുന്നോട്ടു നടന്ന് അരുവിയുടെ മീതെ ചാഞ്ഞുകിടക്കുന്ന ഒരു മരക്കൊമ്പിൽ ഇരുപ്പുറപ്പിച്ചത് ടീച്ചർ അറിഞ്ഞതേയില്ല. അതറിഞ്ഞപ്പോൾ ടീച്ചർ വേഗം നടക്കാൻ തുടങ്ങി. വെണ്ണക്കൽ പോലെ മിനുസമുള്ള ജലനിരപ്പിൽ നിഴലുകൾ തെന്നിത്തെന്നി വേഗത്തിൽ പാഞ്ഞുകൊണ്ടിരുന്നു.

"നോക്കൂ! മഞ്ഞുപാളികൾ എത്ര ഘനം കുറഞ്ഞതാണ്. അവയ്ക്കു കീഴെ വെള്ളമൊഴുകുന്നതുപോലും കാണാൻ കഴിയുന്നുവല്ലോ."

"അതു വെള്ളത്തിന്റെ ഒഴുക്കല്ല അന്ന വാസ്‌ലിയേവ്നാ. ഞാൻ പിടിച്ചുകുലുക്കിയ മരക്കൊമ്പുകളുടെ നിഴലാണ്."

ഇവിടെ, ഈ വനപ്രദേശത്ത് താനൊന്നും പറയാതിരിക്കുന്നതാണു നല്ലതെന്ന് നാവു കടിച്ചുകൊണ്ട് അവർ ചിന്തിച്ചു.

സവുഷ്കിൻ മുന്നിൽ വഴികാട്ടിയായി നടക്കാൻ തുടങ്ങി. സ്വൽപ്പം കുനിഞ്ഞ് എല്ലാം ശ്രദ്ധിച്ചുകൊണ്ടാണ് അവൻ നടന്നിരുന്നത്.

വൃക്ഷനിരകൾക്കും മഞ്ഞുപാളികൾക്കും അവി

ടത്തെ ശാന്തതയ്ക്കും അവസാനമില്ലെന്നു തോന്നും വണ്ണം ആ സങ്കീർണമായ പാത വന പ്രദേശത്തു കൂടി പോയ്ക്കൊണ്ടേയിരുന്നു. ചിലയിടങ്ങളിൽ മാത്രം സൂര്യപ്രകാശം ഇരുട്ടിനെ അകറ്റിയിരുന്നു.

പെട്ടെന്ന് മരങ്ങളുടെ എണ്ണം കുറഞ്ഞു. മങ്ങിയ നീലനിറമുള്ള ഒരു വിടവ് പ്രത്യക്ഷപ്പെട്ടു. അന്തരീക്ഷത്തിൽ കനം കുറഞ്ഞ ശുദ്ധവായുവിന്റെ സാന്നിധ്യവും അനുഭവപ്പെട്ടു. വനപ്രദേശത്തെ ആ ഇടുങ്ങിയ വഴി സൂര്യപ്രകാശത്തിൽ തിളങ്ങുന്ന ഒരു തുറന്ന പ്രദേശത്ത് എത്തിച്ചേർന്നു. മഞ്ഞിൽ ഒരായിരം വെള്ളിനക്ഷത്രങ്ങൾ വെട്ടിത്തിളങ്ങി. കാട് ഇതോടെ അവസാനിച്ചുവെന്ന് അന്ന വാസ്‌ലിയേവ്നയ്ക്കു മനസ്സിലായി. തുറന്ന, വിശാലമായ ആ മൈതാനത്തിൽ ക്ഷേത്രഗോപുരം പോലെ ഭീമാകാരനും ഉന്നതനുമായ ഒരു ഓക്കുമരം തിളങ്ങുന്ന മഞ്ഞുവസ്ത്രം ധരിച്ച് പ്രൗഢിയോടെ നിന്നിരുന്നു. ശാഖകളെല്ലാം വിടർത്തി ഗാംഭീര്യത്തോടെ വളരാൻ ഇടംകൊടുക്കുന്നപോലെ, മറ്റു മരങ്ങൾ അവരുടെ ജ്യേഷ്ഠസഹോദരനായ ഓക്കുമരത്തിൽ നിന്നു ബഹുമാനത്തോടെ മാറിയാണു വളർന്നിരുന്നത്. ആ മരത്തിന്റെ താഴെയുള്ള ശാഖകൾ പന്തലിച്ച് മൈതാനത്തിനു മുകളിൽ ഒരു മേലാപ്പ് തന്നെയായിത്തീർന്നിരുന്നു. ഓക്കുമരത്തിന്റെ തടിക്ക് മൂന്നാളുകൾ പിടിച്ചാൽ എത്താൻ കഴിയാത്ത്രത വണ്ണമുണ്ടായിരുന്നു. തടിയുടെ കട്ടിയുള്ള പുറന്തൊലി ചാലുകൾ വീണു വിണ്ടിരുന്നു. അവയിൽ തങ്ങിനിൽക്കുന്ന മഞ്ഞ് വെള്ളനൂലുകൾ പോലെ കാണപ്പെട്ടു. ഓക്കുമരം അതിന്റെ ശരത്കാല പത്രങ്ങൾ പൂർണമായും പൊഴിച്ചിരുന്നു. അതിനാൽ മരത്തിന്റെ അഗ്രം വരെ മഞ്ഞു തങ്ങിനിൽക്കുന്ന ഇലകൾ കാണാമായിരുന്നു.

“അപ്പോൾ ഇതാണ് നിന്റെ ‘ശിശിരത്തിലെ ഓക്കുമരം’, അല്ലേ സവുഷ്കിൻ!” അന്ന വാസ്‌ലിയേവ്ന വിസ്മയത്തോടെ ചോദിച്ചു. സവുഷ്കിൻ ശിശിരത്തിലെ ഓക്കുമരം എന്ന് ആവർത്തിച്ചുപറഞ്ഞതിന്റെ അർഥം ടീച്ചർക്കു തികച്ചും മനസ്സിലായെന്നു തോന്നുന്നു. അന്ന വാസ്‌ലി യേവ്ന ഓക്കുമരത്തിന്റെ അടുത്തേക്ക് ശങ്കയോടെ ഒരടിവച്ചു. കാനനത്തിന്റെ കാവൽഭടനായ, ശക്തിമാനായ ആ ഓക്കുമരം ഔദാര്യത്തോടെ എന്നു തോന്നുംവണ്ണം തന്റെ ശാഖകൾ ചലിപ്പിച്ച് അവരെ നോക്കി തലയാട്ടി!

സവുഷ്കിൻ തന്റെ പഴക്കംചെന്ന ചങ്ങാതിയായ ഓക്കുമരത്തിന്റെ ചുവട്ടിൽ, ടീച്ചറുടെ മനസ്സിലെ ചിന്തകൾ അറിയാതെ ബഹളം വച്ചിരുന്നു.

“നോക്കൂ ടീച്ചർ”- കിതച്ചുകൊണ്ടവൻ കനമേറിയ ഒരു മഞ്ഞുകട്ട പൊക്കിയെടുത്തുകൊണ്ട് പറഞ്ഞു. അതിന്റെയിടയിൽ ധാന്യങ്ങളും ദ്രവിച്ച ഇലകളും കിടന്നിരുന്നു. അവയ്ക്കിടയിൽ ഒരു കുഴിയിൽ ചിലന്തിവലപോലെ ദ്രവിച്ച ഇലകൾകൊണ്ടു പുതച്ച് കൊച്ചു പന്തുപോലെയുള്ള ഒരു ജീവിയുണ്ട് ഇരിക്കുന്നു. കൊച്ചുകൊച്ചു സൂചികൾപോലെയുള്ള മുള്ളുകൾ അതിന്റെ ശരീരത്തെ പൊതിഞ്ഞിരുന്നു. അതൊരു കൊച്ചു മുള്ളൻപന്നിയാണെന്നു ടീച്ചർക്കു മനസ്സിലായി. “നോക്കൂ, അവനെത്ര സുഖമായി ഉറങ്ങുന്നു” എന്നു പറഞ്ഞ് സവുഷ്കിൻ മുള്ളൻപന്നിയെ ഇലകൾകൊണ്ടുള്ള കരിമ്പടം പുതപ്പിച്ചു. പിന്നെ അവൻ വേറൊരു വേരിന്റെ അടിയിൽ നിന്നു മഞ്ഞുമാറ്റിയപ്പോൾ ഒരു ഗുഹ പ്രത്യക്ഷപ്പെട്ടു. തവിട്ടുനിറമുള്ള തവള ഗുഹയിലിരിക്കുന്നു. കടലാസുകൊണ്ടു നിർമിച്ച ഒരു പാവത്തവളയെപ്പോലെയായിരുന്നു അത്. അതിന്റെ പുറംതൊലി ഗ്ലാസുപോലെ മിന്നിയിരുന്നു. സവുഷ്കിൻ അതിനെ തൊട്ടുനോക്കി. പക്ഷേ, അത് അനങ്ങാതിരുന്നു. “ചത്തപോലെ അഭിനയിക്കുകയാണ്”- അവൻ ചിരിച്ചുകൊണ്ടു പറഞ്ഞു: “പക്ഷേ, സൂര്യവെളിച്ചം തട്ടിയാൽ മതി. അവൻ ജീവൻവച്ച് ചാടാൻ തുടങ്ങും.”

തന്റെ ആ കൊച്ചുസാമ്രാജ്യത്തിലെ അമൂല്യവസ്തുക്കളെല്ലാം ടീച്ചർക്കു കാണിച്ചുകൊടു

ക്കാൻ അവൻ ആഗ്രഹിച്ചു. വണ്ടുകൾ, പല്ലികൾ, ഓന്തുകൾ, നൂറുകണക്കിനു ഷഡ്പദങ്ങൾ തുടങ്ങിയവയെല്ലാം ഓക്കുമരത്തിന്റെ വേരുകളിൽ ആവാസമുറപ്പിച്ചിരുന്നു. ചില ജന്തുക്കൾ വേരിന്റെ അടിയിൽ താമസിച്ചു. വേറെ ചിലവ വേരിന്റെ ചുളിവുകളിൽ അഭയം തേടി. ഇനിയും ചില സൂക്ഷ്മജീവികൾ തടിയുടെ പുറംതൊലിയിലെ ചാലുകളെ ആവാസകേന്ദ്രമാക്കി. അവയെ തിരിച്ചറിയാൻ തന്നെ പ്രയാസമായിരുന്നു. അവ മരത്തിന്റെ ഒരു ഭാഗം പോലെ തോന്നിച്ചു. പല ജീവികളും ഹേമന്തത്തിലെ കഠിനമായ ശൈത്യത്തിൽ സുഖസുഷുപ്തിയിലാണ്ടുകിടക്കുകയായിരുന്നു. ഇവയെപ്പറ്റിയെല്ലാം സവുഷ്കിൻ ടീച്ചർക്ക് താൽപ്പര്യത്തോടെ വിവരിച്ചുകൊടുത്തു. ജീവന്നാധാരമായ, സ്നേഹം നിറഞ്ഞ, ചൂടും കരുത്തും വീര്യവും നിറഞ്ഞ ഓക്കുമരം അനവധി ജീവികൾക്ക് അഭയം നൽകിയിരുന്നു. ഈ മരത്തെക്കാൾ അനുയോജ്യമായ വേറൊരു താമസസ്ഥലം കണ്ടുപിടിക്കാൻ അവയ്ക്ക് സാധ്യമായിരുന്നില്ല.

അന്ന വാസ്‌ലിയേവ്ന തനിക്ക് അപരിചിതമായ കാട്ടിലെ നിഗൂഢത നിറഞ്ഞ ജീവിതം ശ്രദ്ധിച്ച്, അതിൽ മുഴുകി നിർവൃതിപൂണ്ട് ഏറെനേരം നിന്നു. അപ്പോൾ സവുഷ്കിൻ വിഷമത്തോടെ പറയുന്നതു കേട്ടു:

"ഓ, അമ്മ ജോലിക്കു പോയിരിക്കും. നമുക്കവരെ കാണാൻ പറ്റുകയില്ല."

ടീച്ചർ പെട്ടെന്നു കൈയുയർത്തി വാച്ചിൽ നോക്കി. മൂന്നുമണി കഴിഞ്ഞ് പതിനഞ്ചു മിനിറ്റ്. താനൊരു കെണിയിൽ അകപ്പെട്ടതായി ടീച്ചർക്കനുഭവപ്പെട്ടു. താൻ പറയാൻ പോകുന്ന നിരുപദ്രവമായ നുണയ്ക്ക് ഓക്കുമരത്തോട് മനസ്സിൽ ക്ഷമയാചിച്ചുകൊണ്ട് അവർ പറഞ്ഞു: "ശരി സവുഷ്കിൻ. എളുപ്പവഴി എപ്പോഴും വിശ്വാസയോഗ്യമല്ല എന്നാണ് നമ്മുടെ യാത്ര സൂചിപ്പിക്കുന്നത്. ഭാവിയിൽ നീ പ്രധാന പാതയിൽക്കൂടി സ്കൂളിൽ വന്നാൽ മതി."

"ഈശ്വരാ"- അന്ന വാസ്‌ലിയേവ്ന വേദനയോടെ വിചാരിച്ചു. ഇതിലും തുറന്ന മനസ്സോടെ എന്റെ കഴിവില്ലായ്മയെപ്പറ്റി ഞാനെങ്ങനെ ഏറ്റുപറയും? അന്നേ ദിവസം പഠിച്ച ഗുണപാഠത്തെപ്പറ്റിയും എല്ലാ ഗുണപാഠങ്ങളെപ്പറ്റിയും അവരോർത്തു.

"ശരി, സവുഷ്കിൻ. നിന്റെ കൂടെയുള്ള നടത്തത്തിന് നന്ദി. തീർച്ചയായും കാട്ടിലെ വഴിയിലൂടെയും നിനക്കു പോകാം. നിനക്ക് അതാണ് പ്രിയമെങ്കിൽ..."

സവുഷ്കിന്റെ മുഖം ലജ്ജകൊണ്ടു തുടുത്തു. ഇനിയൊരിക്കലും നേരം വൈകി ക്ലാസിലെത്തില്ലെന്നു വാക്കുകൊടുക്കാൻ അവൻ ആഗ്രഹിച്ചു. പക്ഷേ, നുണ പറയാനുള്ള ഭയം അവനെ അതിനു സമ്മതിച്ചില്ല.

"ഞാൻ ടീച്ചറെ തിരിച്ചുകൊണ്ടുപോയാക്കാം"- തൊപ്പി തലയിൽ വച്ചുകൊണ്ട് അവൻ പറഞ്ഞു.

"അതു സാരമില്ല സവുഷ്കിൻ. ഞാൻ തനിയെ പൊയ്ക്കോളാം."

അവൻ സംശയത്തോടെ ടീച്ചറെ നോക്കിയ ശേഷം, അടുത്തുനിൽക്കുന്ന മരത്തിൽ നിന്ന് ഒരു കമ്പൊടിച്ച് അതിന്റെ വളഞ്ഞ അറ്റം ഒടിച്ചുകളഞ്ഞ ശേഷം ടീച്ചർക്ക് കൊടുത്തിട്ട് പറഞ്ഞു: "ടീച്ചർ, എൽക്കിനെ കണ്ടുമുട്ടുകയാണെങ്കിൽ അതിന്റെ പുറത്ത് പതുക്കെ ഒരടി കൊടുത്താൽ മതി- അതോടിപ്പോകും. അല്ലെങ്കിൽ വടികൊണ്ട് തൊട്ട് അതിനെ ഉണർത്തിയാൽ മതി. അടി കിട്ടിയതുകൊണ്ട് ദേഷ്യം വന്ന് അത് നമ്മുടെ കാടുതന്നെ എന്നന്നേക്കുമായി വിട്ടുപോയാലോ..."

"വളരെ നല്ലത് സവുഷ്കിൻ. ഞാനൊരിക്കലും നമ്മുടെ എൽക്കിനെ തല്ലുകയില്ല. പോരേ?"

കുറച്ചു ദൂരം നടന്നശേഷം അന്ന വാസ്‌ലിയേവ്ന തിരിഞ്ഞുനോക്കി - ഓക്കുമരത്തെ ഒന്നുകൂടി കാണാൻ വേണ്ടി. അസ്തമയസൂര്യന്റെ പ്രകാശത്തിൽ കുങ്കുമനിറം പൂണ്ട് ആ കൂറ്റൻ മരം അവിടെ നിന്നിരുന്നു. ആ മരത്തിന്റെ അരികിൽ ഒരു ചെറിയ രൂപവും അവർ

കണ്ടു. സവുഷ്കിൻ അവിടെത്തന്നെ നിൽപ്പുണ്ടെന്നവർക്കു മനസ്സിലായി; തന്റെ സ്കൂൾടീച്ചറുടെ കാവൽക്കാരനായി അവിടെ നിൽക്കുകയാണ്. പെട്ടെന്നു ടീച്ചർക്കു തോന്നി, ഈ കാനനത്തിലെ ഏറ്റവും വിസ്മയകരമായ വസ്തു ശിശിരത്തിലെ ആ ഓക്കുമരമല്ല, ഈ കൊച്ചുമനുഷ്യനാണ്; അസാധാരണനായ, ഒരിക്കലും ആർക്കും ഒന്നിനും പിടികൊടുക്കാത്ത, ഭാവിയിലെ പൗരൻ, ജന്മനാടിന് വേണ്ടി ജീവൻ വെടിഞ്ഞ യോദ്ധാവിന്റെയും ഷവർ നേഴ്സിന്റെയും പുത്രൻ!

അന്ന വാസ്‌ലിയേവ്ന വാത്സല്യത്തോടെ അവന് നേരെ കൈവീശി, വളഞ്ഞുപോകുന്ന ആ ഒറ്റയടിപ്പാതയിൽക്കൂടി തന്റെ മടക്കയാത്ര തുടർന്നു.

*മൊഴിമാറ്റം :* ***ഡോ. സി. തങ്കം***

- ഓക്കുമരത്തെ സവുഷ്കിൻ 'ശിശിരത്തിലെ ഓക്കുമര'മെന്നു വിശേഷിപ്പിക്കുന്നതിന്റെ യുക്തി വിശദമാക്കുക.
- ഇതുപോലെ എന്തിനെയെങ്കിലും വിശേഷണം ചേർത്തു മാത്രം വിളിക്കാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ? വിശദീകരിക്കൂ.
- സവുഷ്കിന്റെ സ്വഭാവത്തിൽ ചില സവിശേഷതകളില്ലേ? - എന്തൊക്കെയാണവ?
    - പ്രകൃതിയോടുള്ള സ്നേഹം
    - അധ്യാപികയോടുള്ള സ്നേഹം
    - 

  ഈ സവിശേഷതകളെ അടിസ്ഥാനമാക്കി കഥാപാത്രനിരൂപണം തയാറാക്കൂ.
- "ടീച്ചർ, എൽക്കിനെ കണ്ടുമുട്ടുകയാണെങ്കിൽ അതിന്റെ പുറത്ത് പതുക്കെ ഒരടി കൊടുത്താൽ മതി- അതോടിപ്പോകും. അല്ലെങ്കിൽ വടികൊണ്ട് അതിനെ ഉണർത്തിയാൽ മതി. അടി കിട്ടിയതുകൊണ്ട് ദേഷ്യം വന്ന് അതു നമ്മുടെ കാടുതന്നെ എന്നെന്നേക്കുമായി വിട്ടുപോയാലോ!"

  – സവുഷ്കിന്റെ ഈ കാഴ്ചപ്പാടും പ്രകൃതിയോടുള്ള ഇന്നത്തെ സമൂഹത്തിന്റെ സമീപനവും താരതമ്യം ചെയ്യുക. കണ്ടെത്തലുകൾ ഉൾപ്പെടുത്തി ഒരു ലഘൂപന്യാസം തയാറാക്കുക.
- ഈ കഥയ്ക്ക് ഒരാസ്വാദനം തയാറാക്കുകയാണെങ്കിൽ ഏതൊക്കെ ആശയങ്ങൾക്കായിരിക്കും നിങ്ങൾ ഊന്നൽ നൽകുക?
    - പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം
    - അധ്യാപികയും വിദ്യാർഥിയും തമ്മിലുള്ള ബന്ധം
    - ക്ലാസ്മുറിക്കു പുറത്ത് വിശാലമായ പഠനമേഖലകളുണ്ടെന്ന തിരിച്ചറിവ്
    - 
    - 

ഈ സൂചനകളും നിങ്ങളുടെ കണ്ടെത്തലുകളും പരിഗണിച്ച് ആസ്വാദനം തയാറാക്കാം.

# കഥയിലെ പ്രകൃതി

**ജി. മധുസൂദനൻ**

**വൃ**ക്ഷങ്ങളോടു മനുഷ്യനുള്ള ആത്മബന്ധത്തിന്റെ ആദ്യമാതൃകകൾ മലയാള ചെറുകഥയിൽ തേടുമ്പോൾ നാം ചെന്നെത്തുന്നത് കാരൂരിന്റെ 'ചെമ്പൻപ്ലാവ്' എന്ന കഥയിലാണ്. വൃക്ഷങ്ങളെ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന ഒരാൾ നട്ടുവളർത്തിയ ചെമ്പൻപ്ലാവ്. ധനികനായ അയൽക്കാരൻ ഭൂമിയുടെ അളവിൽ കള്ളം കാണിച്ച് പ്ലാവ് സ്വന്തമാക്കി. അയൽക്കാരന്റെ കുടിലതയിൽ മനം നൊന്ത അയാൾ പകരംവീട്ടുന്നത് വൃക്ഷച്ചുവടു തുരന്ന് കൊടും വിഷമായ മെർക്കുറി കയറ്റിവിട്ടാണ്. സ്വാർഥതയ്ക്കപ്പുറം അയാൾക്കു വൃക്ഷത്തോടു സ്നേഹമില്ലെന്നു തോന്നും. വേറൊരു രീതിയിൽ ചിന്തിച്ചാൽ, മനുഷ്യന്റെ സ്പർധ പ്രകൃതിക്കു വിനാശകരമാകുന്നതിന്റെ സൂചനയായി ഈ പ്രവൃത്തിയെ കാണാം.

എൻ.പി. ചെല്ലപ്പൻനായരുടെ 'ചങ്കരൻപ്ലാവ്' നമ്മുടെ പ്രാക്തന കാർഷികസംസ്കാരത്തിന്റെ സൗരഭ്യമുള്ള കഥയാണ്. കളഞ്ഞുകിട്ടിയ ചക്കക്കുരു ദാനംകിട്ടിയ ഭൂമിയിൽ നട്ടുപിടിപ്പിച്ച് ചങ്കുച്ചാർ ആറ്റുനോറ്റു വളർത്തിയെടുത്തതാണ് ചങ്കരൻപ്ലാവ്. നിർധനനായിരുന്ന അയാൾക്കു ക്രമേണ സിദ്ധിച്ച സർവ ഐശ്വര്യങ്ങൾക്കും ആ പ്ലാവാണു കാരണമെന്ന് അയാൾ വിശ്വസിച്ചു. സമൃദ്ധിയിലും പ്രാചീന സംസ്കാരത്തിന്റെ ശിക്ഷണങ്ങൾ അയാൾ മറന്നില്ല. പ്ലാവു കായ്ച്ചുണ്ടാകുന്ന ആദ്യത്തെ ചക്ക അയാൾ തനിക്ക് ഭൂമി ദാനംചെയ്ത മഹാനു നൽകി. രണ്ടാമത്തേത് ചാവുപൂയനയ്ക്കു തെരളിയുണ്ടാക്കാനും മൂന്നാമത്തേത് ചക്കക്കുരു കൊണ്ടുനൽകിയ കാക്കകൾക്കും ലഭിച്ചു. പടർന്നുപന്തലിച്ച ആ കല്പവൃക്ഷത്തോട് അയാൾക്ക് ഭക്തിയും ആരാധനയുമായിരുന്നു. അതിനുകീഴിൽ തറ കെട്ടി അയാൾ ദിവസവും ദീപം കൊളുത്തി. തന്റെ ഏകമകൻ രതീശനെയും പ്ലാവിനെയും ഒരേ ശ്രദ്ധയോടെയാണ് അയാൾ വളർത്തി വലുതാക്കിയത്. നാഗരികവിദ്യാഭ്യാസം നേടിയ മകനു പക്ഷേ, അച്ഛന്റെ വൃക്ഷാരാധനയോടു പുച്ഛമായിരുന്നു. രതീശന്റെ വിവാഹദിവസം യാത്ര പുറപ്പെടും മുമ്പ് പ്ലാവിന്റെ ചുവട്ടിൽ തിരികൊളുത്തി നമസ്കരിക്കാൻ പറഞ്ഞ അച്ഛന്റെ അപരിഷ്കൃതബുദ്ധിയെയും അന്ധവിശ്വാസത്തെയും അവനും കൂട്ടുകാരും ചേർന്ന് അപലപിച്ചു.

പരിഷ്കാരിയായ നവവധുവാകട്ടെ, ചങ്കുച്ചാർ കാശിക്കുപോയ നേരത്ത് ടെന്നിസ്കോർട്ട് പണിയാനായി പ്ലാവു വെട്ടാൻ തീരുമാനിച്ചു. മടിച്ചുനിന്ന രതീശനെ അവൾ പരിഹസിച്ചത് ഇങ്ങനെയാണ്:

"വൃക്ഷങ്ങളെ ദേവതകളായി കരുതി ആരാധിച്ചിരുന്ന ആ കാലം കഴിഞ്ഞിട്ട് നൂറ്റാണ്ടുകളെത്രയായി....... അച്ഛനെപ്പോലെ മകനും മൂഢനാണെന്ന് ഞാൻ കരുതിയില്ല."

നാഗരികമൂല്യങ്ങൾ നമ്മുടെ ഗ്രാമങ്ങളിലേക്കു സംക്രമിച്ചപ്പോൾ കർഷകസംസ്കാരത്തിനുണ്ടായ ലോപവും വിനാശവും ഇക്കഥ നന്നായി ധ്വനിപ്പിക്കുന്നു. ഭീമാകാരം പൂണ്ടുവന്ന് പിൽക്കാലത്ത് പ്രകൃതിയെ ഗ്രസിച്ച വികസനപദ്ധതികളുടെ ആദ്യകാല പ്രതീകമാണ് ഈ കഥയിലെ ടെന്നിസ്കോർട്ട്.

കാരൂരിന്റെയും എൻ.പിയുടെയും തലമുറകളെ പിന്നിട്ട് അടുത്ത തലമുറയിലേക്കു വരുമ്പോൾ കഥയിലെ പ്രകൃതിസാന്നിധ്യത്തിനു മികവ് ഏറിവരുന്നു. ഉണ്ണികൃഷ്ണൻ പുതൂരിന്റെ 'പഞ്ചാരമാവു വീണു' എന്ന കഥ ഒരു കുടുംബത്തിന്റെയും നാടിന്റെയും കല്പവൃക്ഷമായിരുന്ന ഒരു മാവിനെക്കുറിച്ചാണ്. ഇന്നത്തെ ഒട്ടുമാവുകളിൽ നിന്നു വ്യത്യസ്തമായി പടർന്നു

പന്തലിച്ച പടുകൂറ്റൻ മാവ്. നാട്ടുമാവുകളുടെ കായ്ഫലം പോരെന്ന വങ്കത്തം പുതുശാസ്ത്രജ്ഞൻ പറഞ്ഞുതരുന്നതിനു മുമ്പ് എല്ലാ വർഷവും കുല നിറഞ്ഞ് ചായുമായിരുന്ന മാവ്. എൻ.പിയുടെ കഥ ഒരു കുടുംബപുരാവൃത്തമാണെങ്കിൽ ഈ കഥയിലെ മാവ് സമൂഹത്തോടും ഇതര ജീവികളോടും ബന്ധപ്പെട്ടിരിക്കുന്നു. അണ്ണാറക്കുട്ടന്റെയും കിളികളുടെയും ആവാസകേന്ദ്രമായിരുന്നു അതിന്റെ മേൽപ്പടർപ്പ്. മാവിന്റെ ചുവട്ടിൽ മനുഷ്യരുടെ സുഹൃദ്സംഘങ്ങൾ സമ്മേളിക്കും. മൂന്നു നൂറ്റാണ്ടോളം പഴക്കമുള്ള മാവിനെക്കുറിച്ച് ഒരുപാടു കഥകളുണ്ട്; പ്രേമകഥകൾ മുതൽ പ്രേതകഥകൾ വരെ. ഗ്രാമജീവിതത്തിലെ കേന്ദ്രസ്ഥാനങ്ങളായ വൃക്ഷത്തറകളുടെ സാമൂഹികപ്രാധാന്യം മറക്കാനാവുന്നതല്ല. ജീവിതത്തിന്റെ നൈരന്തര്യത്തെയും പഴമയിലെ നന്മകളെയും ഓർമപ്പെടുത്തുന്നതിൽ നൂറ്റാണ്ടുകൾ ജീവിച്ചിരിക്കുന്ന വൃക്ഷങ്ങൾക്കു പങ്കുണ്ട്.

കർഷകസംസ്കാരം മനുഷ്യന്റെ അധ്വാനഫലമാണ്. പ്രകൃത്യനുസാരിയായിരിക്കുമ്പോൾത്തന്നെ ഒരർഥത്തിൽ അത് വന്യതയ്ക്കു വിരുദ്ധവുമാണ്. കേരളത്തിലെ സമീപകാല പ്രകൃത്യവബോധം കർഷകസംസ്കാരത്തിന്റെ ഉൽപ്പന്നമാണെന്നു മുമ്പു പറഞ്ഞുവല്ലോ. ഗ്രാമീണ-കർഷക സംവേദനതലമുള്ള നമ്മുടെ മറ്റൊരു കഥാകൃത്താണ് നന്തനാർ. പ്രകൃതിയോ വൃക്ഷമോ കേന്ദ്രകഥാപാത്രമായുള്ള കഥകളൊന്നും അദ്ദേഹം എഴുതിയിട്ടില്ല. എങ്കിലും പ്രകൃതി അദ്ദേഹത്തിന്റെ സർഗസൃഷ്ടിയുടെ പശ്ചാത്തലമായി കഥകളിൽ പ്രത്യക്ഷപ്പെടുന്നു.

'കൊന്നപ്പൂക്കൾ' എന്ന സ്വന്തം കഥാസമാഹാരത്തിന് അദ്ദേഹമെഴുതിയ മുഖക്കുറിപ്പിൽ ഇങ്ങനെ പറയുന്നു: “അമ്പലമുറ്റത്ത് പടർന്നു പന്തലിച്ചുനിൽക്കുന്ന അരയാൽവൃക്ഷങ്ങൾക്കിടയിലൂടെ ഊർന്നിറങ്ങിവരുന്ന പുലരിത്തുടുപ്പും അമ്പലമുറ്റത്ത് അയവിറക്കിക്കൊണ്ടു കിടക്കുന്ന പശുക്കളും ഇടയ്ക്കിടയ്ക്ക് ശ്രീകോവിലിന്റെ അകത്തുനിന്നു കേൾക്കുന്ന പൂജാമണിനാദങ്ങളും എന്റെ ആത്മാവിനു സുഖശീതളമായ അനുഭൂതികൾ പകർന്നുതരും. നട്ടുച്ചസമയത്ത്, തിരുമാന്ധാംകുന്ന് ക്ഷേത്രത്തിന്റെ വടക്കേ നടയ്ക്കരികിലൂടെ ഒഴുകുന്ന പുഴയുടെ കരയിലെ പ്രശാന്തത നുകർന്നുകൊണ്ടിരിക്കുമ്പോൾ, എന്റെ ഹൃദയതന്ത്രികളിൽ അസ്പഷ്ടമധുരമായ ശബ്ദതരംഗങ്ങൾ അനുരണനം ചെയ്യുന്നപോലെ തോന്നിയിരുന്നു. വൈകുന്നേരത്തെ മഞ്ഞവെയിൽ മറഞ്ഞുപോയി. സന്ധ്യാതുടുപ്പുകൾ പ്രപഞ്ചത്തെ വലയം ചെയ്യുന്നതും കാണക്കാണെ മാഞ്ഞുപോയി. പ്രപഞ്ചം നറുനിലാവിൽ മുങ്ങിക്കുളിച്ചു നിൽക്കുന്നതും എന്നിൽ എന്തെല്ലാമെന്തെല്ലാം വികാരങ്ങളാണു സൃഷ്ടിച്ചിട്ടുള്ളത്. ഇപ്പറഞ്ഞ പ്രപഞ്ചപ്രതിഭാസങ്ങളൊക്കെ, എന്നിലുളവാക്കിയ അനുഭൂതികളിൽ നിന്നല്ലേ എന്നിലെ സാഹിത്യകാരൻ ഉരുത്തിരിഞ്ഞിട്ടുള്ളത്” - കല പ്രകൃതിജന്യം കൂടിയാണെന്ന വലിയൊരു സത്യത്തിലേക്കു നന്തനാർ നമ്മെ നയിക്കുന്നു.

***(കഥയും പരിസ്ഥിതിയും)***

- ലേഖനത്തിൽ പരാമർശിച്ചിട്ടുള്ള കഥകൾ ഏതൊക്കെയാണ്? കഥകൾ കണ്ടെത്തി വായിക്കുക. വായനക്കുറിപ്പ് തയാറാക്കുകയും വേണം.
- നിങ്ങൾ പരിചയപ്പെട്ട രചനകളിൽ പ്രകൃതി എങ്ങനെയെല്ലാമാണു പ്രതിഫലിക്കുന്നത്? ഏതാനും രചനകൾ അടിസ്ഥാനമാക്കി ഒരു നിരൂപണം തയാറാക്കാം.
- പ്രകൃതിയുടെ രമണീയത നിങ്ങളെ ആഹ്ലാദിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്ത ഒരനുഭവം എഴുതുക.



# 2
# വെളിച്ചത്തിനെന്തൊരു വെളിച്ചം!



**1921**-ൽ സ്വാമികൾ ശിവഗിരിയിൽ സ്വസ്ഥമായി വിശ്രമിച്ചിരുന്ന ഒരു ദിവസം, അകലെ എവിടെയോ നിന്ന് രണ്ടാളുകൾ സന്ദർശനം കാത്തു നിൽക്കുന്നു എന്ന് ഒരന്തേവാസി സ്വാമികളെ അറിയിച്ചു. "കാത്തുനിൽക്കുന്നതെന്തിന്? അവരെ കൂട്ടിക്കൊണ്ടുവരാമല്ലോ" എന്നു സ്വാമികൾ പറഞ്ഞു.

ആഗതരെ കണ്ടപ്പോൾ സ്വാമി: "എന്താ നമ്മെക്കാണാൻ വന്നതായിരിക്കും അല്ലേ, കൊള്ളാം."

ഉത്തരം : അല്ല സ്വാമീ, ഒരു സങ്കടമുണർത്തിക്കാൻ വന്നതാണ്.

സ്വാമി : നമ്മോടോ! സങ്കടമോ? എന്താണ്; പറയാമല്ലോ.

ഉത്തരം : വളരെനാളായി അടിയത്തിന്റെ വീട്ടിൽ കുട്ടിച്ചാത്തന്റെ ഉപദ്രവം കൊണ്ടു കിടക്കപ്പൊറുതിയില്ല സ്വാമീ. പലേ കർമങ്ങളും പ്രവർത്തിച്ചുനോക്കി. ഒരു മാറ്റവും ഇല്ല. സ്വാമി അടിയങ്ങളെ രക്ഷിക്കണം.

സ്വാമി : ആരാണെന്നാ പറയുന്നത്? കുട്ടിച്ചാത്തനോ! കൊള്ളാമല്ലോ. ആളിനെ നിങ്ങൾ കണ്ടോ?

ഉത്തരം : കണ്ടു സ്വാമീ. വളപ്പിന്റെ ഒരിരുണ്ട മൂലയിൽ കരിക്കട്ടപോലെ നിൽക്കുന്നത് അടിയങ്ങൾ കണ്ടു. എപ്പോഴും ഉപദ്രവമാണ്. ഇടതടവില്ലാതെ കല്ലെറിഞ്ഞുകൊണ്ടിരിക്കും.

സ്വാമി : അതു തരക്കേടില്ല! ആൾ കുട്ടിച്ചാത്തനാണെന്ന് എങ്ങനെ അറിഞ്ഞു? അത് നാം പറഞ്ഞാൽ കേൾക്കുമോ?

ഉത്തരം : ഉവ്വ് സ്വാമീ; അവിടുന്ന് പറഞ്ഞാൽ കേൾക്കും.

സ്വാമി : ആവോ! കുട്ടിച്ചാത്തനും നാമും തമ്മിൽ പരിചയം ഇല്ല. (ഉത്തരം കേട്ട് ആഗതർ വല്ലാതെ വിഷണ്ണരായിനിൽക്കുന്നതു കണ്ടിട്ട്)

സ്വാമി : ആട്ടെ, കുട്ടിച്ചാത്തന് നാമൊരു കത്തു തന്നാൽ മതിയാകുമോ? (ഒരു ഭക്തനോട്) ഇതൊന്ന് എഴുതി എടുത്തോളൂ. (എന്നിട്ട് താഴെപ്പറയുന്ന വിധം, കടിച്ചുപിടിച്ച ഒരു ചിരിയോടുകൂടി പറഞ്ഞുകൊടുത്തു):

"ശ്രീ. കുട്ടിച്ചാത്തനറിവാൻ, ഈ കത്തു കൊണ്ടുവരുന്ന പെരയ്രായുടെ വീട്ടിൽ മേലാൽ യാതൊരുപദ്രവവും ചെയ്യരുത്.

എന്ന്, **നാരായണഗുരു"**

*ശ്രീനാരായണഗുരു അടക്കിപ്പിടിച്ച ഒരു ചിരിയോടെ 'കുട്ടിച്ചാത്തന്' കത്തെഴുതിക്കൊടുത്തത് എന്തുകൊണ്ടാവാം? അന്ധവിശ്വാസങ്ങളെ യുക്തികൊണ്ട് വിചിന്തനം ചെയ്യേണ്ടതില്ലേ?*

# കിനാവുകളുടെ കാലം

വൈക്കം മുഹമ്മദ് ബഷീർ

**പ**കൽ വരുന്നു; രാത്രിയാവുന്നു. വ്യക്തമായി ഒന്നും കുഞ്ഞുപാത്തുമ്മായ്ക്കറിഞ്ഞുകൂടാ. ഊണില്ല, ഉറക്കമില്ല. എല്ലാം ഒരു കിനാവു പോലെ. ആരെല്ലാമോ വരുന്നു. എന്തൊക്കെയോ ചോദിക്കുന്നു. അവൾ ഉണർന്നിരിക്കുന്നോ, അതോ ഉറങ്ങുകയാണോ? ആയിഷയോ മറ്റോ എന്തോ ചോദിച്ചു; ആവർത്തിച്ചാവർത്തിച്ചു ചോദിച്ചു. അവളതിനു സമാധാനം പറയുന്നുണ്ടായിരുന്നു. പിന്നീടും അതേ ചോദ്യം. അവളതിന് ഹൃദയം നൊന്ത് ഉച്ചത്തിൽ പറഞ്ഞു:

"തുട്ടാപ്പീ, ന്ന കെട്ടിച്ചാമ്പോണ്!"

പിന്നീടു കണ്ണീരാണ്; കണ്ണീരിന്റെ കടൽ! അവളതിൽ പൊങ്ങിക്കിടക്കയാണ്. ഇരുണ്ട ലോകത്തിന്റെ ഒരറ്റത്തു നിന്നു ചെന്തീ പൊന്തുന്നു. അതു സൂര്യോദയമാണ്. പക്ഷേ, കാക്കകൾ കരഞ്ഞില്ല; കിളികൾ ചിലച്ചില്ല. ആളുകൾ സംസാരിക്കുന്നുണ്ട്. ഉമ്മായും ബാപ്പായുമാണ്. പിന്നെയും ആരോ ഉണ്ട്. അതു സൂര്യോദയമല്ല! മുറ്റത്തുള്ള കുഴിയിൽ കനൽക്കട്ടകൾ. അതിന്റെ ചുറ്റിനും മൺചട്ടികളിൽ ചെറുതിരികൾ കത്തുന്നു. കുഞ്ഞുപാത്തുമ്മായെ ഒരു പലകയിൽ അതിനടുത്തായി ഇരുത്തിയിരിക്കുകയാണ്. സമീപത്തുതന്നെ കൈയിൽ ചൂരലുമായി ഒരാൺപിറന്നോനുമുണ്ട്.

ഷൈത്താൻ 'ഒയിക്കുന്ന' മുസ്ല്യാരാണ്!

കുഞ്ഞുപാത്തുമ്മായ്ക്കു ജീവിതത്തിൽ ആദ്യമായി ദേഷ്യം വന്നു; ഉഗ്രമായ ദേഷ്യം. അവൾക്കൊരാനയെപ്പോലെ അമറണമെന്നു തോന്നി. ഒരു കടുവയെപ്പോലെ അലറണമെന്നു തോന്നി; ചാടിയെണീറ്റ് എല്ലാറ്റിനെയും കടിച്ചുകീറുക!

അവൾ അങ്ങനെ ഇരുന്നു. നല്ലൊരു വാസന; മുസ്ല്യാർ അവളുടെ തലയ്ക്കുഴിഞ്ഞ് എന്തെല്ലാമോ തീയിലിടുന്നു. കൂട്ടത്തിൽ കുന്തിരിക്കവും ചന്ദനവുമുണ്ട്. മുസ്ല്യാർ സുഹ്, ഫല, ഹല എന്നൊക്കെ 'മന്തിരിക്ക'യാണ്. ഷൈത്താൻ ഒഴിക്കുന്നു! ഇഫ്‌രീത്ത്, ജിന്ന്, റൂഹാനി - അങ്ങനെ പലേ ഷൈത്താനെയും ഒഴിപ്പിച്ച സുപ്രസിദ്ധമായ ചൂരലാണത്!

അതുകൊണ്ടവളെ അടിക്കും; മുടിക്കു കുത്തിപ്പിടിച്ച് അവളുടെ പുറത്തും തുടയിലുമൊക്കെ അടിക്കും! അങ്ങനെയാണ് ഷൈത്താൻ ഒഴിപ്പിക്കുന്നത്. അതുകൊണ്ടും ഷൈത്താൻ ഒഴിഞ്ഞില്ലെങ്കിൽ മുളകരച്ചു കണ്ണിൽ തേയ്ക്കും. തീക്കനൽ കൈവെള്ളയിൽ വയ്ക്കും. അപ്പോൾ ശ്ര്

എന്നു തൊലി കരിയും. തലച്ചോറുമുതൽ ഉള്ളംകാലുവരെ വേദനിക്കും! ഓ വേദനിക്കട്ടെ. ഉമ്മായും ബാപ്പായും വേദനിപ്പിക്കാൻ അനുവദിച്ചിരിക്കുന്നു.

"ബാപ്പാ, ന്ന തല്ലണ്ടെന്നു പറ!"

മുസ്ല്യാർ ഒന്നും പറഞ്ഞില്ല. ബാപ്പായും ഒന്നും പറഞ്ഞില്ല. ഉമ്മായും ഒന്നും പറഞ്ഞില്ല.

''തുട്ടാപ്പീ, ന്ന തല്ലാമ്പോണെന്നു പറ!'' അങ്ങനെ അവളുടെ മനസ്സിൽ പറഞ്ഞു. ആരോടു പറയാനാണ് ആയിഷയോടും പറയുന്നത്?

"ആരാണെന്നു പറ"- മുസ്ല്യാർ ആജ്ഞാപിച്ചു: "കൂടീരിക്കണത് ആരാണെന്നു പറ."

കൂടീട്ടുണ്ടെങ്കിൽ ആരാണെന്നു പറയാം! വല്ലവരും കൂടീട്ടുണ്ടോ?

മുസ്ല്യാർ വീണ്ടും ചോദിച്ചു. മൂന്നാമത്തെ തവണ ചൂരലാണ് ചോദിച്ചത്. പിന്നെ അവൾക്ക് നല്ല ഓർമയില്ല. മുസ്ല്യാർ പത്തോ പന്ത്രണ്ടോ അടിച്ചു. അവൾ കരഞ്ഞു; വാവിട്ടു കരഞ്ഞു. ചൂരൽ പിടിച്ചുപറിച്ച് അവൾ ഒടിച്ചു. അവളതു തീയിലിട്ടു. എങ്ങോട്ടെങ്കിലും ഓടിപ്പോകണമെന്നു തോന്നി. അവൾ ഓടിയില്ല. തീജ്ജ്വാലയുടെ വൃത്തത്തിനടുത്ത് നിസാർ അഹമ്മദ് നിൽക്കുന്നു!

നിസാർ അഹമ്മദ് അവളെ വാരിയെടുത്തതാണോ? അതോ, നിസാർ അഹമ്മദിന്റെ അടുത്തേക്ക് അവൾ ഓടിച്ചെന്നതാണോ?

നിസാർ അഹമ്മദാണ് അവളെ താങ്ങിയെടുത്തു വരാന്തയിൽ കയറി പുരയ്ക്കകത്തു പായിൽ കിടത്തിയത്. പിന്നെ കണ്ണുതുറന്നപ്പോൾ നല്ല പകലാണ്.

പായ്ക്കടുത്ത് ആയിഷ ഇരിപ്പുണ്ട്. ആയിഷയുടെ ഉമ്മായുമുണ്ട്.

കുഞ്ഞുപാത്തുമ്മായുടെ ഉമ്മ എന്തോ അരച്ചു കൊണ്ടുവന്ന് അവളുടെ നെറ്റിയിൽ പുരട്ടി. അതിനു നല്ല തണുപ്പുണ്ട്. അവളുടെ മൂക്കിലൂടെ പുറത്തേക്കു വരുന്ന കാറ്റിനു നല്ല ചൂടുണ്ട്. തീയാണോ?

അവളുടെ ബാപ്പാ ആ മുറിയിലേക്കു കയറിവന്നു. ആയിഷയും അവളുടെ ഉമ്മായും



എണീറ്റു മാറി. ബാപ്പാ ചോദിച്ചു:

"മകളേ, കഞ്ഞി വേണോ?"

ഒന്നും വേണ്ട; വിശപ്പും ദാഹവുമില്ല.

"എന്റെ മകളെത്ര ദെവസായെന്നോ വല്ലതും കഴിച്ചിട്ട്?" ബാപ്പാ ദുഃഖത്തോടെ പറയുകയാണ്. ഓ... എന്തിനു ദുഃഖിക്കണം? അവൾ മരിക്കാൻ പോകുകയാണ്. കാറ്റു വീശിത്തുടങ്ങി.... ഇല ഇപ്പോൾ വീഴും! സത്യമായ കാറ്റു വീശുന്നുണ്ട്. ഇലകൾ പാറുന്നു; മരങ്ങൾ കൂട്ടിമുട്ടുന്നു. മരണത്തിന്റെ കാറ്റായിരിക്കാം. മരണത്തിന്റെ ദൂതൻ വന്നു കഴിഞ്ഞോ? ലോകം അവസാനിക്കാൻ പോകയാണ്. ഇസ്രാഫീൽ എന്ന മലക്ക് സൂർ എന്ന കുഴൽ ഊതിത്തുടങ്ങിയിരിക്കാം. ഒടുവുനാൾ അടുത്തിരിക്കുന്നു! വൃക്ഷങ്ങൾ കടപറിഞ്ഞു വീഴുകയും പർവതങ്ങൾ കുലുങ്ങിത്തകർന്നു പൊടിയായി....ഭൂഗോളം ശൂന്യമാകാൻ പോകുകയാണോ?

മഴ പെയ്യുന്നുണ്ട്; പുതുമണ്ണിന്റെ മണം. ആളുകൾ വർത്തമാനം പറഞ്ഞു ചിരിച്ചുകൊണ്ടു പോകുന്നു. പകലാണ്. പരുന്തിന്റെ കരച്ചിൽ കേൾക്കുന്നു. അതിനെ കാണാൻ വയ്യ. എങ്കിലും അത് ആകാശത്തങ്ങനെ വിതൃത്തിപ്പിടിച്ച ചിറകുകൾ അനക്കാതെ പറക്കുകയാണ്. മുറിയിൽ രാവുമല്ല, പകലുമല്ല. അവൾക്കനങ്ങാൻ വയ്യ. സർവാംഗം വേദനിക്കുന്നു. ആരോ അവളെ വെട്ടിനുറുക്കുന്നതുപോലെ. പതിനായിരം കൊച്ചുകഷണങ്ങളാക്കി നുറുക്കുകയാണ്. കിളികൾക്കു വിതറി ഇട്ടുകൊടുക്കാനായിരിക്കും. കിളികൾ അങ്ങനെ കൊത്തിവിഴുങ്ങി കെളകെളയായി പറന്നുപോകും. പിന്നെ....?

'കുഞ്ഞുപാത്തുമ്മാ' - ആരോ വിളിക്കുന്നു. ആരാണത്? അവൾ കണ്ണുതുറന്നു. അവളുടെ ഉള്ള് ആളിപ്പോയി. നിസാർ അഹമ്മദിന്റെ ബാപ്പാ! മുറിയിൽ വന്നു നിൽക്കുകയാണ്. അദ്ദേഹം പറഞ്ഞു:

"ഇതിൽ കാറ്റും വെളിച്ചവും കടക്കണം. ആ ജനൽ അടച്ചിട്ടിരിക്കുന്നതെന്തിന്?"

അദ്ദേഹം ജനൽ തുറന്നു. കാറ്റും വെളിച്ചവും അകത്തുകടക്കുകയാണ്: വെളിച്ചത്തിന് എന്തൊരു വെളിച്ചം!

'കുഞ്ഞുപാത്തുമ്മാ!' അദ്ദേഹം വീണ്ടും വിളിച്ചു. 'ഓ!' എന്നവൾ വിളികേട്ടു. പക്ഷേ, ശബ്ദം പൊന്തിയോ എന്തോ. അദ്ദേഹം ഇറയത്തിറങ്ങി. ബാപ്പായോടെന്തൊക്കെയോ പറയുകയാണ്. എന്താണത്? വയ്യ; കണ്ണുതുറന്നങ്ങനെ കിടക്കാൻ വയ്യ. ഉണർന്നിരിക്കുന്നതിനെക്കാൾ നല്ലത് ഉറക്കമാണ്. ഉറക്കം കറുത്ത കടലാണ്. അവൾ അതിൽ അലിഞ്ഞുചേരുകയാണ്. അതും വയ്യ. വെളിച്ചം! എവിടെയെങ്കിലും ഒരു പിടിത്തം വേണം. ആലംബമില്ലാതെ ജീവിക്കസാധ്യമല്ല. അവളൊരു വൃക്ഷമാണ്. ഭൂമിയിൽ കുത്തനെ നിൽക്കുകയാണ്. മുടിയെല്ലാം വേരുകളാണ്. കൈകാലുകൾ എല്ലാം വൃക്ഷത്തിന്റെ ശിഖരങ്ങളാണ്. ധാരാളം ഇലകളും പൂക്കളും ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. രണ്ടു പക്ഷികൾ കൂടുകൂട്ടാൻ പോകുന്നു. അത് എന്തു പക്ഷികളാണ്?

'കുഞ്ഞുപാത്തുമ്മാ!' ആരോ അവളെ കുലുക്കിവിളിക്കുന്നു. ആരാണത്? എവിടെ വച്ചോ പണ്ടു കേട്ടിട്ടുള്ള ശബ്ദം. ആലസ്യത്തോടെ അവൾ കണ്ണുതുറന്നു. ആരാണത്? ഓ.... നിസാർ അഹമ്മദ്!

'കുഞ്ഞുപാത്തുമ്മാ!' നിസാർ അഹമ്മദ് വിളിച്ചു. എന്നിട്ടു പറഞ്ഞു:

"നീ എണീറ്റിരുന്ന് ഇതങ്ങു കുടിക്ക്. കയ്പ്പുള്ളതാണ്. എന്നാലും മധുരമുണ്ടെന്നു വിചാരിച്ചോളൂ. രുചിച്ചുനോക്കണ്ട."

മരുന്നു വേണ്ടെന്നു പറയണമെന്ന് അവൾക്കു തോന്നി. അതിനു മുമ്പ് നിസാർ അഹമ്മദ് അവളെ താങ്ങി എണീപ്പിച്ചിരുത്തി. വെള്ളക്കുഴിയൻ പിഞ്ഞാണത്തിൽ എന്തോ കറുത്ത ദ്രാവകം അവളെക്കൊണ്ടു കുടിപ്പിച്ചു. എന്നിട്ടെന്തെല്ലാമോ പറഞ്ഞു. അവളതിനു സമാധാനം പറയാൻ ഭാവിച്ചപ്പോൾ നിസാർ

അഹമ്മദിനെ കണ്ടില്ല. ഉമ്മാ പൊടിയരിക്കഞ്ഞി അവളെക്കൊണ്ടു കുടിപ്പിക്കുകയാണ്. ഉമ്മാ ചോദിച്ചു:

"നെനക്ക് ആയിഷാന്റെ ഉമ്മാ മുടികെട്ടണ പോലെ മുടികെട്ടണോ!"

കുഞ്ഞുപാത്തുമ്മാ പറഞ്ഞു:

"ഞാമ്മരിച്ചാമ്പോണ്."

ഉമ്മാ പറഞ്ഞു:

"ന്റ പുന്നാരമോളങ്ങനെ പറേല്ലേ. നിന്റെ കല്യാണക്കാര്യോക്കെ നിശ്ചയിച്ചുകഴിഞ്ഞു."

കുഞ്ഞുപാത്തുമ്മാ പറഞ്ഞു:

"ന്ന ഇപ്പ കെട്ടിച്ചണ്ട! ഞാമ്മരിച്ചാമ്പോണ്!"

"ഞാൻ മരിക്കാൻ പോകുന്നു, എന്നു പറയണം," എന്നും പറഞ്ഞ് ചിരിച്ചുകൊണ്ട് ആയിഷ കടന്നുവന്നു. അവൾ ചോദിച്ചു:

"മരുന്നിനു മധുരമുണ്ടായിരുന്നോ?"

"പോ തുട്ടാപ്പീ!"

"കള്ളബുദ്ദൂസിന് ഒരാള് മരുന്നുകൊടുത്താലേ കുടിക്കൂ!"

"ചുമ്മായിരി തുട്ടാപ്പീ!" അവളങ്ങനെ കിടന്നു. ഹൃദയത്തിൽ തേനാണ്; അവൾ ആകെ മധുരമായി മാറിയിരിക്കുന്നു. അവൾക്കു രുചിയുണ്ടായി. വിശപ്പും ദാഹവുമുണ്ടായി. ആരുടെയും സഹായം കൂടാതെ എണീറ്റിരിക്കാം. പതുക്കെ നടക്കുകയും ചെയ്യാം. അങ്ങനെ വരുമ്പോൾ ഒരു ദിവസം ആയിഷ പറഞ്ഞു:

"കള്ളബുദ്ദൂസിനെ കെട്ടിക്കാൻ പോണത് ആരെക്കൊണ്ടാണെന്നറിയാമോ?"

"ചുമ്മായിരി തുട്ടാപ്പീ!"

"നോക്കൂ, ആരാണെന്നറിയാമോ?"

***(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്!)***

- കുഞ്ഞുപാത്തുമ്മായുടെ രോഗം ഇല്ലാതാക്കാൻ മുസ്ല്യാർ കണ്ടെത്തുന്ന പ്രതിവിധി എന്താണ്? അതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? ചർച്ച ചെയ്യുക.
- "കുഞ്ഞുപാത്തുമ്മാ" - ആരോ വിളിക്കുന്നു. ആരാണത്? അവൾ കണ്ണുതുറന്നു. അവളുടെ ഉള്ള് ആളിപ്പോയി. നിസാർ അഹമ്മദിന്റെ ബാപ്പാ! മുറിയിൽ വന്നുനിൽക്കുകയാണ്. അദ്ദേഹം പറഞ്ഞു:

  "ഇതിൽ കാറ്റും വെളിച്ചവും കടക്കണം. ആ ജനൽ അടച്ചിട്ടിരിക്കുന്നതെന്തിന്?"

  അദ്ദേഹം ജനൽ തുറന്നു. കാറ്റും വെളിച്ചവും അകത്തുകടക്കുകയാണ്: വെളിച്ചത്തിന് എന്തൊരു വെളിച്ചം!"

  – ഈ സന്ദർഭം നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാമാണെന്നു കണ്ടെത്തി ആസ്വാദനം തയാറാക്കുക.
- "കുഞ്ഞുപാത്തുമ്മാ പറഞ്ഞു:

  "ന്ന ഇപ്പ കെട്ടിച്ചണ്ട! ഞാമ്മരിച്ചാമ്പോണ്!"

  "ഞാൻ മരിക്കാൻ പോകുന്നു, എന്നു പറയണം," എന്നും പറഞ്ഞ് ചിരിച്ചുകൊണ്ട് ആയിഷ കടന്നുവന്നു" - കുഞ്ഞുപാത്തുമ്മായുടെ സംഭാഷണമെല്ലാം ഇങ്ങനെ മാറ്റേണ്ടതുണ്ടോ? നോവലിലെ സംഭാഷണഭാഷയുടെ സവിശേഷതകൾ വിശകലനംചെയ്തു കുറിപ്പ് തയാറാക്കുക.

# സ്വാമിജി

**സഞ്ജയൻ**

**നി**ങ്ങൾ സ്വാമിജിയെ അറിയുകയില്ലല്ലോ? അറിയേണ്ടുന്ന ആളാണ്. സ്വാമിജിയും ഞാനും തമ്മിൽ പരിചയമായിട്ട് കഷ്ടിച്ച് ഒരു പന്തീരാണ്ട് കാലമായി. അങ്ങോർക്ക് വയസ്സ് 35 ആയി. അച്ഛനമ്മമാർ നൽകിയ പേർ കുഞ്ഞിക്കണ്ണനെന്നായിരുന്നു. പക്ഷേ, പലേ അവസരങ്ങളിലുമായി, ഓരോ താൽക്കാലികാവശ്യത്തിനുവേണ്ടി, താൻ അംഗീകരിക്കാത്ത പേരുകൾ ചുരുങ്ങും. സാമുവൽ സക്കെറിയസ് എന്നപേരിൽ മാനാഞ്ചിറമൈതാനത്തിൽവച്ച് ഭയങ്കരമായ കൈയും കലാശവും കാട്ടിക്കൊണ്ട് അങ്ങോർ ക്രിസ്തുമതപ്രസംഗം നടത്തുന്നതു ഞാൻ കേട്ടിട്ടുണ്ട്; ഡോക്ടർ ഹമീദ്ഖാൻ എന്ന പേരിൽ കുറച്ചുദിവസം കണ്ണൂരിൽ യൂനാനി ഔഷധങ്ങൾ വിറ്റുകൊണ്ടുനടക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്; പാലും പഴവും മാത്രം ആഹാരമായി, ആംഗ്യഭാഷയിൽ മാത്രം ഇംഗിതങ്ങളെ അറിയിച്ചുകൊണ്ടും അനേകം രോഗികളുടെ രോഗം മാറ്റിക്കൊണ്ടും അനേകം ഭക്തന്മാർക്ക് ദർശനമാത്രത്താൽ സംസാരക്ലേശമുക്തി നൽകിക്കൊണ്ടും ഒരു വിശ്വസ്ത ശിഷ്യന്റെ അകമ്പടിയോടുകൂടി പാലക്കാട്ട് ഒരാലിൻചുവട്ടിൽ കുറേദിവസം നിർമലാനന്ദജി എന്ന പേരിൽ സ്വാമിജി തപസ്സനുഷ്ഠിച്ച വിവരം അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്.



ഒരുദിവസം സ്വാമിജി പകൽ പതിനൊന്നര മണിക്ക് എന്റെ വീട്ടിൽ കയറിവന്നു.

"ഇപ്പോൾ എവിടുന്നാ?" ഞാൻ ചോദിച്ചു.

"ലക്നോവിൽനിന്ന്"- സ്വാമിജി വിദൂരസ്ഥമായ ചക്രവാളത്തിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് പറഞ്ഞു.

ഞാൻ:" അവിടെ എത്ര താമസിച്ചു? എന്തെല്ലാം ചെയ്തു?"

സ്വാമിജി:"എട്ടുമാസം, ചെയ്തതോ? (അദ്ദേഹം എന്റെ മുഖത്തുനോക്കി ഒന്നു മന്ദഹസിച്ചു) സുപ്രസിദ്ധമായ മഹേശ്വരകവചത്തെപ്പറ്റി ഇന്ത്യയിലെ പ്രധാന ദിനപത്രങ്ങളിലെല്ലാം പ്രത്യക്ഷപ്പെട്ട ഫുൾ പേജ് പരസ്യങ്ങൾ കണ്ടില്ലെന്നോ?"

ഞാൻ തലയ്ക്കു പെട്ടെന്ന് കല്ലേറുകൊണ്ടതുപോലെ ഒന്നു ഞെട്ടി: "എന്ത്? മഹേശ്വരകവചമോ? അത് സ്വാമിജിയുടെ വകയായിരുന്നുവോ?"

സ്വാമിജി: "അതേ, ഹിമാലയ മഹാഗിരിയുടെ ഉത്തുംഗശൃംഗങ്ങളിന്മേൽ മുന്നൂറുകൊല്ലം കഠിനതപം ചെയ്ത്, മഹേശ്വരദത്തമായ വരപ്രസാദത്തോടുകൂടി ലോകോപകാരാർഥം താഴ്‌വരകളിലേക്കിറങ്ങിവന്ന സർവസംഗപരിത്യാ

ഗിയും മഹായോഗീശ്വരനുമായ മഹാത്മാ നിത്യാനന്ദജിയുടെ ഉപദേശപ്രകാരം അദ്ദേഹത്തിന്റെ പ്രിയശിഷ്യനും..."

ഞാൻ: "മതി, മതി. എനിക്കൊന്നും കേൾക്കണ്ട! ഗുരുവായൂരപ്പാ. അഞ്ചുറുപ്പിക എന്റേതും പോയല്ലോ! കഷ്ടമേ കഷ്ടം! എനിക്കൊരു പോഴത്തം പറ്റിയല്ലോ, മരണംവരെ തീരാത്ത ഒരപമാനമായിപ്പോയി.... അപ്പോൾ, സ്വാമിജി, 'ഡെയിലി ന്യൂസി'ലും 'മോണിങ് എക്സ്പ്രസി'ലും മറ്റും പ്രസിദ്ധപ്പെടുത്തിക്കണ്ട ആ വില പിടിച്ച പരസ്യങ്ങളിൽ ചേർത്ത സർട്ടിഫിക്കറ്റുകളൊക്കെ കളവായിരുന്നുവെന്നോ?"

സ്വാമിജി : "സാധോ, താനെന്തൊരവിശ്വാസിയാണ്, അങ്ങനെ കളവായി ഞാൻ ഒരു പരസ്യം ചേർക്കുമോ? ആ രാജാക്കന്മാരുടെയും വക്കീലന്മാരുടെയും ഡോക്ടർമാരുടെയുമൊക്കെ സർട്ടിഫിക്കറ്റുകൾ മുഴുവൻ-ഒന്നൊഴിയാതെ-നേർപ്പകർപ്പുകളാണ്. അവയുടെ മൂലരേഖകൾ ആ പെട്ടിയിൽ നോക്കിയാൽ കാണും. അവയൊക്കെ കളവായി നിർമിച്ചവയാണെങ്കിൽ ഞാനിന്ന് ജയിലിലല്ലേ? എന്നെ കുതിരച്ചമ്മട്ടിക്കൊണ്ട് ബീക്കണ്ടേ? അങ്ങനെയൊരു വഞ്ചന ഞാൻ ചെയ്യുമോ? ഞാൻ വിധവകളുടെയും അച്ഛനില്ലാത്ത കുട്ടികളുടെയും പണം തട്ടിപ്പറിക്കുന്ന വല്ല ഇൻഷ്യുറൻസ് കമ്പനിയുടെയോ മറ്റോ ഡയറക്ടറാണെന്നാണോ താൻ വിചാരിക്കുന്നത്?"

ഞാൻ : "എനിക്ക് ഇതൊന്നും മനസ്സിലാകുന്നില്ല. അവ മുഴുവൻ അനവധി വ്യവഹാരങ്ങളിൽ ജയിച്ചവരുടെയും പരീക്ഷകളിൽ പാസായവരുടെയും ആഗ്രഹങ്ങൾ സാധിച്ചവരുടെയും മഹാരോഗങ്ങൾ മാറിയവരുടെയും സർട്ടിഫിക്കറ്റുകളാണല്ലോ."

സ്വാമിജി: ''അതുകൊണ്ടെന്താണെടോ? കഴിഞ്ഞ പ്രാവശ്യം ഞാൻ തന്നെ കാണുമ്പോൾ താൻ അൽപ്പം വകതിരിവുള്ള ഒരു ചെറുപ്പക്കാരനായിരുന്നുവല്ലോ. തന്റെ ബുദ്ധിയൊക്കെ എവിടെപ്പോയി? അൽപ്പമൊന്നാലോചിച്ചുനോക്കൂ-താൻ നൂറു കവചങ്ങളുണ്ടാക്കി എന്നു വിചാരിക്കൂ-എന്നുവച്ചാൽ ഹ്റാം-ഹ്റീം ഹ്റൂ എന്നോ ഭ്രാം-ഭ്രീം-ഭ്രേം എന്നോ ഡ്റോം-ഡ്റീം-ഡ്റേം എന്നോ എഴുത്താണിത്തുമ്പത്ത് തൽക്കാലം വന്നതെന്തെങ്കിലും എഴുതിനിറച്ചിട്ടുള്ള നൂറു ചെമ്പിൻതകിടുകൾ എന്നർഥം. അതിൽ ഇരുപത്തഞ്ചെണ്ണം ഇരുപത്തഞ്ച് രോഗികൾക്കും ഇരുപത്തഞ്ചെണ്ണം ഇരുപത്തഞ്ച് പരീക്ഷയ്ക്ക് പോകുന്ന വിദ്യാർഥികൾക്കും, ഇരുപത്തഞ്ചെണ്ണം ഇരുപത്തഞ്ചു വ്യവഹാരക്കാർക്കും ശേഷിച്ചുള്ള ഇരുപത്തഞ്ചെണ്ണം ഇരുപത്തഞ്ച് കാമുകന്മാർക്കും വിൽക്കുന്നു എന്നും വിചാരിക്കുക. ഇരുപത്തഞ്ച് രോഗികളെ എടുത്താൽ നമ്മുടെ ഗവണ്മെന്റാശുപത്രികളിൽക്കൂടി ഇരുപത്തഞ്ചും ചാവുകയെന്നുള്ളത് സംഭാവ്യമല്ല, ആണോ? ഇരുപത്തഞ്ചു കുട്ടികൾ പരീക്ഷയ്ക്കു പോയാൽ ഇരുപത്തഞ്ചും തോൽക്കുകയെന്നതും പതിവല്ല. വ്യവഹാരികളുടെ കാര്യവും കാമുകന്മാരുടെ കഥയും അങ്ങനെത്തന്നെ. തന്റെ കവചം കൈവശമുള്ളതുകൊണ്ടു മാത്രം ഒരാൾക്ക് പഠിച്ചത് തോന്നാതിരിക്കുകയോ സൗന്ദര്യം പൊയ്പ്പോവുകയോ ചെയ്യുകയില്ലല്ലോ-അതു തീർച്ചയല്ലേ? അതു കൈവശമുണ്ടല്ലോ എന്നു കരുതി രോഗികൾ മരുന്നു കഴിക്കാതിരിക്കുകയോ വിദ്യാർഥികൾ പഠിക്കാതിരിക്കുകയോ കക്ഷികൾ കേസിനുവേണ്ടുന്ന റിക്കാർഡുകൾ ഹാജരാക്കാതിരിക്കുകയോ ചെയ്യുന്നതുമല്ല - അതും തീർച്ചയല്ലേ? ശരി. എന്തു സംഭവിക്കും? കവചം ഉപയോഗിച്ചവരുടെ ഇടയിൽ അഞ്ചാളുകളുടെ രോഗം മാറിയിട്ടുണ്ടായിരിക്കും. എട്ടാളുകൾക്ക് കുറവുണ്ടായിരിക്കും. ഏഴാളുകൾക്ക് അധികമായിട്ടുണ്ടായിരിക്കും. അഞ്ചാളുകൾ മരിച്ചിട്ടുണ്ടായിരിക്കും എന്നു സങ്കൽപ്പിക്കുക. ഒടുക്കത്തെ ക്ലാസിൽപ്പെട്ടവരുടെ ശബ്ദം താൻ കേൾക്കില്ല; രോഗം അധികമായ ഏഴാളുകൾ ഒരുപക്ഷേ, തന്നെയും തന്റെ കവചത്തെയും ശകാരിച്ചും ശപിച്ചും കൊണ്ടെഴുതും; ആരോഗ്യം വീണ്ടുകിട്ടിയ അഞ്ചു വിഡ്ഢികൾ തന്റെ കവചമാണ് അതിന് ഹേതുവെന്നു തീർച്ചപ്പെടുത്തി തനിക്ക്

അഭിനന്ദനക്കത്തുകളയക്കും. അങ്ങനെ ത്തന്നെ മറ്റുള്ളവരും. തോറ്റവരും പൊളിഞ്ഞവരും നഷ്ട പ്പെട്ടവരും ബ്ലീച്ചടിച്ചവരും-അവരായിരിക്കും അധികം-ഒന്നും മിണ്ടുകയില്ല, അല്ലെങ്കിൽ കവ ചത്തെ പഴിച്ചുകൊണ്ടെഴുതും. ആ എഴുത്തുക ളൊക്കെ വായിച്ച ഉടനെ ചീന്തി ചവറ്റുകൊട്ട യിൽ തള്ളുകയേ വേണ്ടൂ. ജയിച്ചവരും സുഖ പ്പെട്ടവരും കാര്യം നേടിയവരും, “പ്രിയഗുരോ, അവിടുന്നാണ് ഇന്നത്തെ അവതാരപുരുഷൻ. അവിടുത്തെ മഹേശ്വരകവചം ഉപയോഗിപ്പാൻ തുടങ്ങിയശേഷം എന്റെ ആന്ത്രശൂല തീരെ മാറിയിരിക്കുന്നു,” “മഹാത്മൻ, മാഹേശ്വരക വചം ഉപയോഗിച്ചതിന്റെ ഫലമായി ഏറ്റവും പ്രധാനമായ ഒരു വ്യവഹാരത്തിൽ ഞാൻ പ്രതീക്ഷിക്കാത്ത വിധത്തിൽ വിജയം നേടി യിരിക്കുന്നു. ദയചെയ്ത് അരഡസൻ കവച ങ്ങൾ കൂടി അയക്കണം,” “സ്വാമിൻ, അങ്ങ യുടെ കവചം എനിക്കു ചെയ്ത ഗുണങ്ങൾ പറഞ്ഞാലൊടുങ്ങില്ല; അവിടത്തേക്ക് നന്നെന്ന് തോന്നുന്ന ഏതെങ്കിലും ലോകോപകാരപ്രദ മായ കാര്യത്തിന് ചെലവാക്കുവാനായി ഒരു ലഘുകൃതജ്ഞതാചിഹ്നമായി ഞാനിതാ ഇരു പതുറുപ്പിക മണിയോഡർ ചെയ്യുന്നു'' എന്നൊക്കെ എഴുതി അയക്കാൻ തുടങ്ങും. പതിനായിരം കവചങ്ങൾ വിറ്റുതീരുമ്പോ ഴേക്കും ഏറ്റവും ചുരുങ്ങിയത് ഒരഞ്ഞൂറ് എഴു ത്തുകൾ തനിക്ക് കിട്ടിക്കഴിയും. ആലോചിക്കൂ: ഇത്തരത്തിലുള്ള അഞ്ഞൂറ് എഴുത്തുകൾ വഴി ക്കുവഴിയായി ഒരു ദിനപത്രത്തിൽ കാണു മ്പോൾ ഏതു വമ്പനാണ് അമ്പരക്കാതിരി ക്കുക? ഇല്ല ചങ്ങാതീ, ലോകത്തിൽ വിഡ്ഢി കളുള്ളിടത്തോളം കാലം മനസ്സാക്ഷിയില്ലാത്ത വർ പട്ടിണികിടക്കേണ്ടിവരില്ല തന്നെ.”

ഞാൻ : “ആട്ടെ, സ്വാമിജി എത്ര തട്ടി?”

സ്വാമിജി: ആ ‘തട്ടി’ എന്ന വാക്കാണ് എനിക്ക് പിടിക്കാത്തത്. കലക്ടർ സായ്പോട് ആരെ ങ്കിലും നിങ്ങൾ ഗവണ്മെന്റിൽ നിന്നും എത്ര ‘തട്ടി’ എന്നു ചോദിക്കാറുണ്ടോ? വക്കീലന്മാ രോടോ ഡോക്ടർമാരോടോ ജന്മിമാരോടോ കച്ചവടക്കാരോടോ ചോദിക്കാറുണ്ടോ? അവ രൊക്കെയാകുമ്പോൾ ‘സമ്പാദ്യം’; ഞാനാകു മ്പോൾ ‘തട്ടൽ!’ എടോ, മാമൂൽമാറാല പിടിച്ചുകിടക്കുന്ന തന്റെ ആദർശങ്ങളൊക്കെ ഒന്നു തുടച്ചു പുത്തനാക്കേണ്ടിയിരിക്കുന്നു. ഇനി ഞാനൊരു കാര്യം പറയട്ടെ. എന്റെ കവചം അതിൽ വിശ്വസിക്കുന്നവർക്ക് ഇന്ന് മാർക്കറ്റിൽ വിൽക്കപ്പെടുന്ന അനേകമനേകം മരുന്നുകളെക്കാൾ ഗുണം ചെയ്തിട്ടുണ്ടെന്നും ചെയ്തുവരുന്നുണ്ടെന്നുംകൂടെ പറഞ്ഞുകൊ ള്ളട്ടെ, എന്താ മൂളുന്നത്? ഞാൻ പറഞ്ഞത് അതിശയോക്തിയില്ലാത്ത പരമാർഥമാണ്. എനിക്കു കിട്ടിയ എഴുത്തുകൾ മുഴുവൻ തങ്ങൾക്കു വന്നുചേർന്ന നന്മയുടെ യഥാർഥ കാരണം മനസ്സിലാകാത്ത വങ്കന്മാർ എഴുതി യതാണെന്ന് താൻ കരുതേണ്ട. ഒരു ഗണ്യമായ ശതമാനം അക്കൂട്ടത്തിൽ അങ്ങനെയല്ലാത്തവ യുമുണ്ട്.”

ഞാൻ : “സ്വാമിജിയല്ലേ പറഞ്ഞത്, ആ കവച ങ്ങളൊക്കെ എന്തൊക്കെയോ വായിൽ തോന്നിയ അക്ഷരങ്ങളെഴുതി മടക്കിയ വെറും ചെമ്പുതകിടുകളാണെന്ന്?”

“വെറും ചെമ്പിന് രോഗം മാറ്റാനും ആളുകളെ പരീക്ഷകളിൽ ജയിപ്പിക്കാനുമുള്ള ശക്തി യുണ്ടോ?”

സ്വാമിജി : “ഇല്ല, പക്ഷേ, മനസ്സിനുണ്ട്; എല്ലാ മരുന്നുകളെക്കാളും മന്ത്രങ്ങളെക്കാളും അധി കമുണ്ട്. മനസ്സിൽ വിശ്വാസവും വിജയപ്രതീ ക്ഷയും ഫലപ്രാർഥനയും വേണ്ടിടത്തോളമു ണ്ടെങ്കിൽ ഏതു മരുന്നും ഏതു മന്ത്രവും ഫലിക്കും. ഇല്ലെങ്കിൽ മൃതസഞ്ജീവനിയും മൃത്യുഞ്ജയവും ഫലിക്കുകയുമില്ല.”

ഞാൻ : “ആട്ടെ; എന്റെ ചോദ്യത്തിന് മറുപടി പറഞ്ഞില്ല.”

സ്വാമിജി : “എന്തു ചോദ്യം?”

ഞാൻ : “ആകെ എത്ര പണം ത... കിട്ടിയെ ന്ന്.”

സ്വാമിജി:“എട്ടുമാസംകൊണ്ട് മൊത്തത്തിൽ

ഇരുപത്തിമൂവായിരം ഉറുപ്പിക കിട്ടി. (ഞാൻ ഞെട്ടിയതുകണ്ട് സ്വാമിജി ചിരിച്ചുകൊണ്ട്) പക്ഷേ, ചെലവ് ഭയാനകമായിരുന്നു. പരസ്യങ്ങൾക്ക് മാത്രം പതിനായിരം ഉറുപ്പിക; നാല് ടൈപ്പിസ്റ്റ്മാരുടെ അക്കാലത്തേക്കുള്ള ശമ്പളം ആയിരം ഉറുപ്പിക. തട്ടാന്മാർക്കും മറ്റു വേലക്കാർക്കുംകൂടി ആയിരത്തഞ്ഞൂറ്; ആപ്പീസ് വാടക എണ്ണൂറ്; സ്വകാര്യച്ചെലവ് ഏതാണ്ട് മൂവായിരത്തഞ്ഞൂറ്; തപാൽ - സ്റ്റേഷനറി മുന്നൂറിലധികം. എന്തിനു പറയുന്നു, എല്ലാംകൂടി ഇരുപത്തിരണ്ടോളം കാഞ്ഞു. ഇപ്പോൾ കഷ്ടിച്ച് ആയിരം കൈവശമുണ്ട്. അതുംകൊണ്ടിങ്ങോട്ട് പുറപ്പെട്ടു. സൂക്ഷിച്ച് ചെലവുചെയ്തു സമ്പാദിക്കുന്ന സമ്പ്രദായക്കാരനായിരുന്നുവെങ്കിൽ ഇപ്പോൾ പതിനായിരത്തിൽ ഒരു പൈ ചുരുങ്ങാതെ ബേങ്കിലുണ്ടാകുമായിരുന്നു; പത്തേപത്തു കൊല്ലം കൊണ്ട് ലക്ഷാധിപൻ!"

ഞാൻ : "പിന്നെ എന്തേ അതുവിട്ട് ഇങ്ങോട്ടു പോന്നത്? നിയമപാലകന്മാരെക്കൊണ്ട് വല്ല ബുദ്ധിമുട്ടുമുണ്ടായോ?"

സ്വാമിജി : "ഹെയ്, യാതൊന്നുമുണ്ടായിട്ടില്ല. എനിക്ക് സർട്ടിഫിക്കറ്റുകൾ തന്നവരിൽ രണ്ട് പോലീസ് കമ്മീഷണർമാരും ഏഴു ഡി.എസ്. പികളും രണ്ടുമൂന്നു ഡസൻ സർക്കിൾ ഇൻസ്പെക്ടർമാരും പെടുമെന്ന് താൻ ആലോചിക്കണം. അതുകൊണ്ടല്ല ഞാൻ അപ്പണി മതിയാക്കിയത്. മനംമടുപ്പ് - അത്രമാത്രം. ഒരിടത്തുതന്നെയിരുന്ന്, ഒരേ പ്രവൃത്തിയിൽത്തന്നെ മനസ്സുകൊടുത്ത്, പണത്തിലുള്ള ആഗ്രഹത്തോടുകൂടി പ്രയത്നിച്ചിരുന്നുവെങ്കിൽ ഞാനിന്ന് ഇന്ത്യയിലെ കോടീശ്വരന്മാരിൽ ഒരാളായിരിക്കുമെന്നതിനെക്കുറിച്ച് തനിക്ക് വല്ല സംശയവുമുണ്ടോ? ഞാനിതൊരു വമ്പുപറയുന്നതാണെന്ന് താൻ കരുതുന്നുണ്ടോ? (അൽപ്പനേരത്തെ മൗനത്തിനു ശേഷം സ്വാമിജി തുടർന്നു) പിന്നെ നിയമപാലകന്മാരെ സംബന്ധിച്ചേടത്തോളം അവരുമായി ഞാൻ നന്നെക്കുറച്ചേ ഏറ്റുമുട്ടാറുള്ളുവെന്ന് താൻ അറിയുകയില്ലേ? എങ്കിലും ചിലപ്പോൾ പറ്റിപ്പോകാറുണ്ട്. കഴിഞ്ഞ തവണ ഇവിടെനിന്നു പോയ ഉടനെ അങ്ങനെയൊരു സംഭവമുണ്ടായി."

ഇത്രയുമായപ്പോഴേക്കു വാല്യക്കാരൻ കാപ്പിയും പലഹാരവും കൊണ്ടുവന്നു. സ്വാമിജി കാപ്പി കുടിക്കുന്നതിൽ ഏർപ്പെട്ടു. ഞാൻ കഥകേൾക്കാൻ അക്ഷമനായി കാത്തു.

**(സഞ്ജയൻ)**

- സഞ്ജയൻ അവതരിപ്പിക്കുന്ന സ്വാമിജിയെ ശ്രദ്ധിച്ചല്ലോ. പത്രങ്ങളിൽ ഇത്തരം തട്ടിപ്പുകളെക്കുറിച്ച് നിരവധി വാർത്തകൾ നിങ്ങൾ കണ്ടിട്ടുണ്ടാവും. അവയെ അടിസ്ഥാനമാക്കി ഒരു നർമലേഖനം തയാറാക്കുക.
- തട്ടിപ്പുകളെക്കുറിച്ചുള്ള പത്രവാർത്തകൾ ശേഖരിച്ച് പതിപ്പുണ്ടാക്കാം. പതിപ്പിനുവേണ്ട എഡിറ്റോറിയലും തയാറാക്കുക.

# ശുദ്ധരിൽ ശുദ്ധൻ

വള്ളത്തോൾ നാരായണമേനോൻ

**കോ**ലായിലുമിയിട്ടു വെച്ചൊരു നെരിപ്പോടിൽ-
ജ്ജ്വാലയായ്പ്പാളീ, തിയ്യിൻ മാരുതാഗമാഹ്ലാദം.
പെട്ടെന്നക്കലത്തിൽനിന്നൊ,രു ചെമ്പൊന്നിൻപൂച്ച-
ക്കുട്ടിതൻ ചാട്ടം കാണായ് - വീണ്ടുമതാവർത്തിച്ചൂ.
ഒടുവിൽ, നാലാമത്തെ,ച്ചാട്ടത്തിലിറയിന്മേൽ-
പ്പിടിത്തം കിട്ടീ, തനിക്കുദ്ദേശ്യം നിറവേറി!
വൃദ്ധരും തരുണരും ബാലരുമായിട്ടൊരു
പത്തുമുപ്പതുപേർകളകത്തു പലേടത്തായ്
നിദ്രയിൽക്കിടക്കുന്ന വലുതാം വീടൊന്നല്ലോ
കത്തുന്നു; പുകഞ്ഞിരുൾക്കൊൾകയായ് വാനിൻനെഞ്ചം!
ചുട്ടെരിഞ്ഞാർത്ത്യാ മാറത്തടിച്ചുംകൊണ്ടാ വീടു-
വിട്ടു വാനത്തേക്കോടും സമ്പദ്ദേവതയുടെ
മാലികകളിൽ നിന്നു തെറിച്ച മണികളെ-
പ്പോലവേ പാറീ, ചെന്തീപ്പൊരികൾ ചുഴലവും.
ചൂടലയ്ക്കയാൽ ഞെട്ടിയുണർന്നു സംഭ്രാന്തരായ്-
ച്ചാടിനാർ വെളിയിലേക്കാളുകൾ തെരുതെരെ.
തീയണ്ണു തളർത്തുവാൻ പാഞ്ഞുപാഞ്ഞണഞ്ഞതു,
തീയരും പുലയരും മറ്റു 'ഹീന'രുമത്രേ;
പാൽത്തെളിക്കിടക്കയെഗ്ഗണിയാത,നുകമ്പേ,
പായ്ത്തുണ്ടിൽച്ചുരുണ്ടുള്ള കിടപ്പോ നിനക്കിഷ്ടം!
കിണഞ്ഞാൽ മുഴുനാശം വരില്ലെന്ന,സ്സാധുക്കൾ
കിണറ്റിൽനിന്നംഭസ്സു കോരുവാനോടിച്ചെൽകെ,
തോർത്തുമുണ്ടിനാൽ വീശിക്കൊണ്ടു തീയിനു ചുറ്റും
വേർത്തു വീർത്തുഴറ്റോടേ നടക്കും ഗൃഹനാഥൻ,
"നീറെങ്കിൽ നീറാവട്ടെ വീടെല്ലാം; നിലവിട്ടു
കേറിയെൻ കിണറു തൊട്ടശുദ്ധമാക്കായ്കെ"ന്നാൻ!

നായരേ, ഭവാൻ തന്നെ ശുദ്ധരിൽ ശുദ്ധൻ; വീടു
പോയാലെന്ത,നർഘമാം ജാതിയെ രക്ഷിച്ചല്ലോ!
ഹാ കഷ്ടം, മലയാളത്തറവാടൊക്കെത്തന്നെ
വേകുകയല്ലോ ചെയ്‌വതീ,യയിത്തത്തിൻ തീയാൽ!
ആ വിശുദ്ധിമാനായ നായർതൻ പുര തിന്ന
പാവകൻ പതിതനായ് നിസ്‌തേജഃപ്രസരനായ്
ആവിലതരമായ വെണ്ണീറ്റിൽ,ച്ചുകപ്പനാം
ശ്വാവിനെപ്പോലേ പറ്റിക്കിടക്കും കിടപ്പല്ലോ,
ഇന്നലെയസ്തംവരെ പ്രശസ്തമൊരു ഗൃഹം
നിന്ന നൽത്തോപ്പിൽക്കണ്ടതി,ന്നുദിതനാം സൂര്യൻ!

*(സാഹിത്യമഞ്ജരി)*

- തറവാടു കത്തിച്ചാമ്പലായാലും താഴ്ന്ന ജാതിക്കാർ കിണർതൊട്ട് അശുദ്ധമാക്കരുതെന്ന കാരണവരുടെ മനോഭാവത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? യുക്തിപൂർവം സ്വാഭിപ്രായം സ്ഥാപിച്ച് കുറിപ്പ് തയാറാക്കുക.
- "നായരേ, ഭവാൻ തന്നെ ശുദ്ധരിൽ ശുദ്ധൻ -"

  ശുദ്ധരിൽ ശുദ്ധൻ എന്ന പ്രയോഗം കൊണ്ട് കവി ധ്വനിപ്പിക്കുന്ന ആശയമെന്താവാം? ഏതെല്ലാം അർഥത്തിൽ ഈ പ്രയോഗത്തെ കാണാനാവുമെന്ന് വിശദീകരിക്കുക.
- വിവേകാനന്ദസ്വാമികൾ കേരളത്തെ ഭ്രാന്താലയമെന്നു വിശേഷിപ്പിക്കാനിടയാക്കിയ സാമൂഹികസാഹചര്യം കവിതയിൽ തെളിയുന്നുണ്ടോ? ചർച്ചചെയ്യുക. കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ലഘുപ്രഭാഷണം തയാറാക്കുക.
- "<u>പെട്ടെന്ന</u>ക്കലത്തിൽനിന്നൊരു ചെമ്പൊന്നിൻപൂച്ച-
  <u>ക്കുട്ടിതൻ</u> ചാട്ടം കാണായ് - വീണ്ടുമതാവർത്തിച്ചു."

  അടിവരയിട്ട ഭാഗങ്ങളുടെ പ്രത്യേകത എന്താണ്? ഈ സവിശേഷത കവിതയ്ക്ക് സൗന്ദര്യം നൽകുന്നുണ്ടോ? ചർച്ചചെയ്യുക. ഇത്തരം ഭാഗങ്ങൾ കവിതയിൽനിന്നു കണ്ടെത്തുക.
- മലയാളത്തറവാടാകെ അയിത്തത്തീയിനാൽ വേവുകയാണ് എന്ന കവിയുടെ ആശങ്ക സമകാലിക സാമൂഹിക സംഭവവികാസങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിക്കുക. നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം സംഘടിപ്പിക്കാം.
- അന്ധവിശ്വാസങ്ങളെ മറികടക്കുന്നതിനായി നിരവധി സാമൂഹികപരിഷ്കർത്താക്കൾ ത്യാഗപൂർണമായ ജീവിതം നയിച്ചിട്ടുണ്ടല്ലോ.

  - ശ്രീനാരായണഗുരു
  - അയ്യങ്കാളി
  - വാഗ്ഭടാനന്ദൻ
  - വക്കം അബ്ദുൽഖാദർ മൗലവി
  - ചട്ടമ്പിസ്വാമികൾ
  - വിവേകാനന്ദസ്വാമികൾ
  -
  -

  ഇവരിൽ ഒരാളുടെ ജീവചരിത്രക്കുറിപ്പ് തയാറാക്കുക.



3

# ജീവനത്തിന്റെ പൊരുൾ

*ഒരു ചെറുമത്സ്യം കടലിന്റെ ആഴത്തിൽ വച്ചു മത്സ്യരാജ്ഞിയെ കണ്ടുമുട്ടി. മത്സ്യം ചോദിച്ചു: "ഞാൻ പലപ്പോഴും കടലിനെപ്പറ്റി കേൾക്കുന്നുണ്ട്. പക്ഷേ, എന്താണ് കടൽ?"*

*"നിനക്കു ചുറ്റും ഉള്ളതാണ് കടൽ"- മത്സ്യരാജ്ഞി മറുപടി പറഞ്ഞു.*

*"എനിക്ക് എന്തുകൊണ്ട് അത് കാണാൻ കഴിയുന്നില്ല?"*

*മത്സ്യറാണി പറഞ്ഞു: "നീ ജീവിക്കുകയും ചലിക്കുകയും നിലനിൽക്കുകയും ചെയ്യുന്നതു കടലിലാണ്. കടൽ നിന്റെ ഉള്ളിലാണ്; അതുപോലെ പുറത്തുമാണ്."*

മത്സ്യറാണിയുടെ വാക്കുകൾ ശ്രദ്ധിച്ചല്ലോ. എന്താണ് നിങ്ങളുടെ അഭിപ്രായം?
സ്വന്തം ജീവിതപരിസരത്തെ ഉള്ളിൽ കൊണ്ടുനടക്കാൻ മനുഷ്യനു കഴിയുന്നുണ്ടോ?

# വെള്ളപ്പൊക്കത്തിൽ

**എസ്.വി. വേണുഗോപൻനായർ**

**ഇ**ടവപ്പാതിയുടെ കേളികൊട്ടു കേട്ടപ്പോൾ വേദമാണിക്യത്തിനൊരാഹ്ലാദം, എണീറ്റു പുറത്തുചെന്നു നോക്കാനൊരാവേശം. ഉച്ചയ്ക്ക് ചോറുകൊണ്ടുവന്ന കൊച്ചുമോളോടു പറഞ്ഞു: "മോളേ ഭവാനിക്കുട്ടീ, അപ്പൂപ്പനെ ഒന്നു പിടിച്ചെണീപ്പീര്."

മൂത്രമൊഴിക്കാൻപോലും കിടക്കവിട്ടെണീക്കാൻ മടിക്കുന്ന അപ്പൂപ്പനിന്നെന്തുപറ്റിയെന്ന് ഭവാനി വിസ്മയിച്ചു. "ഇപ്പോ എന്തിനാ എണീക്കണെ? ഈ പാത്രത്തിലങ്ങു കൈ കഴുകിയാപ്പോരേ?"

"എന്നെ ഒന്നെണീപ്പീര് മക്കളേ"- വൃദ്ധൻ കെഞ്ചി.

അവൾ അനുസരിച്ചു.

"അപ്പൂപ്പനെ ആ ജനാലേടെ അടുത്തു കൊണ്ടു വിട്."



ജനാല തുറന്നാൽ പുലഭ്യം പറയാറുള്ള കിള വൻ. ഈ അറയുടെ പുറത്തുകടക്കുക മാസ ങ്ങൾ കൂടുമ്പോഴാണ്.

വൃദ്ധൻ ചോറിനെ ഗൗനിക്കാതെ വേച്ചുവേച്ചു നട തുടങ്ങി. അവൾ പിറകേ ചെന്നു കൈപി ടിച്ചു.

വേദമാണിക്യം ജനലഴികളിൽ പിടിച്ചു പുറത്തു നോക്കി. മഴ ചാറുന്നു. ആകാശം കാർ മൂടിക്കി ടക്കുന്നു. ഇടയ്ക്കിടെ ഇടിയും മിന്നലും. വൃദ്ധൻ മോണകാട്ടി ചിരിച്ചുരസിച്ചു നിന്നു.

അപ്പൂപ്പൻ ചിരി മറന്നുപോയെന്നാണു ഭവാനി കരുതിയിരുന്നത്. പരിഭവവും ദേഷ്യവുമല്ലാതെ മറ്റെന്തെങ്കിലും ഭാവം അടുത്തകാലത്തൊന്നും ആ മുഖത്ത് അവൾ കണ്ടിട്ടില്ല.

"കണ്ടോ, മഴയുടെ വരവു കണ്ടോ? ഇന്ന് തകർത്തുവാരിപ്പെയ്യും കേട്ടോ. ആ ശൗര്യം കണ്ടാലറിയാം-" വൃദ്ധൻ കുട്ടികളെപ്പോലെ തുള്ളി.

"രണ്ടു ദെവസമായല്ലോ മഴ തൊടങ്ങിയിട്ട്. ഇതിലെന്താണിത്ര രസം?"

"പാവം പെണ്ണേ, ഇത് നീ കണ്ടിട്ടൊള്ള മഴ യൊന്നുമല്ല. നോക്കിക്കോ. വെള്ളം ഓടിയോടി വന്നു നെറയും. അറയും പുരയുമൊക്കെ മുങ്ങും. തൊണ്ണൂറ്റി ഒമ്പതിലെപ്പോലെ..."

"അപ്പൂപ്പൻ വന്ന് ചോറുണ്ണ്......."

"ഒരു ചോറുകാരി!"

ഭക്ഷണത്തിന് വിനാഴിക വ്യത്യാസം വന്നാൽ അലമുറയിടുന്ന ഈ മനുഷ്യന്റെ കുടലിലെ തീയും മഴയിൽ കെട്ടുപോയെന്നോ!

അവൾ കൈ പിടിച്ചുവലിച്ചു. വൃദ്ധൻ നീരസം കാട്ടിയെങ്കിലും ഭവാനി വിട്ടില്ല. അയാളെ അന്ന ത്തിനു മുന്നിൽ കൊണ്ടിരുത്തിയിട്ട് അവൾ പോയി.

എച്ചിൽപ്പാത്രമെടുക്കാൻ അവൾ വന്നപ്പോൾ ചോറുരുളയുമായി ജനാലയ്ക്കപ്പുറത്തെ ആകാശംനോക്കി ഇരുപ്പാണ്. പെണ്ണ് ലഘുവാ യൊന്നു ശാസിച്ചപ്പോൾ വേദമാണിക്യം ഉരുള തിരികെ ഇട്ടു: "കൊണ്ടുപോടീ, എനിക്കു വിശപ്പില്ല."

കൈ കഴുകിയിട്ട് അയാൾ വീണ്ടും കെഞ്ചി: "നീ എന്നെ ജനാലയ്ക്കടുത്ത്....."

അവൾ ഒന്നും മിണ്ടാതെ പാത്രങ്ങളുമെടുത്ത് നടന്നു. വൃദ്ധനിൽ സങ്കടവും കോപവും ഇരമ്പി. അയാൾ കൈകാൽ തല്ലി വിളിച്ചുകൂവി. ഇതൊക്കെ ഇടയ്ക്കിടെ പതിവുള്ള കലാപരി പാടികളായതുകൊണ്ട് ആരും ഗൗനിച്ചില്ല.

പുറത്ത് മഴ കനത്തുകഴിഞ്ഞിരുന്നു. മഴയുടെ ഹുങ്കാരത്തിലും ഇടവിടാതെയുയരുന്ന ഇടി മുഴക്കത്തിലും വൃദ്ധന്റെ ആക്രോശങ്ങൾ മുങ്ങി പ്പോയി.

അത്താഴവുമായി ഭവാനി എത്തിയപ്പോഴും വൃദ്ധൻ കട്ടിലിലിരുന്ന് ജനാലയ്ക്കപ്പുറത്തെ മഴ ആസ്വദിക്കുകയാണ്. അവളെ കണ്ടപാടെ അയാൾ ചോദിച്ചു: "വെള്ളം പടിവരെ എത്തി യോടീ?"

വൃദ്ധന്റെ പ്രസന്നഭാവം കണ്ട് അവൾ മുഖം കനപ്പിച്ചു നിന്നു. ഇതേകണക്കിൽ പെയ്യുകയാ ണെങ്കിൽ പുലരുംമുമ്പ് ഇറയത്തു വെള്ളം കയ റുമെന്ന് അവൾ ഭയത്തോടെ ഓർത്തു.

വൃദ്ധൻ വഞ്ചിപ്പാട്ടിന്റെ ഈണത്തിൽ പറഞ്ഞു തുടങ്ങി: "കേട്ടോടീ, പണ്ട് വർഷാവർഷം താമ്രവർണിയാറങ്ങു നെറയും. ആറു നെറ ഞ്ഞാലോ, വെള്ളം കരയിലോടിച്ചാടിക്കയറും; കുടിലും കൊട്ടാരവും മുങ്ങും. അന്ന് എല്ലാ വീട്ടിലും വള്ളമൊണ്ടാരുന്നെടീ; ഓടിവള്ളവും ചുണ്ടനും ചങ്ങാടോം. എനിക്കോ, കൊഴുകൊ ഴുത്ത ചെറുപ്പം. വള്ളത്തിക്കേറി ചെറുബാല്യ ക്കാര് ഞങ്ങള് ഊരുചുറ്റും. വെള്ളം വിഴുങ്ങിയ ഭൂമിക്ക് അതിരൊണ്ടോ, വരമ്പൊണ്ടോ? തലേല് വട്ടക്കെട്ടും കെട്ടി, പാട്ടുംപാടി ഞങ്ങള ങ്ങനെ ചുറ്റിയടിക്കും. ഇപ്പൊ കന്നം തിരിഞ്ഞ കാലത്ത് വെള്ളവുമില്ല, വള്ളവുമില്ല........"

ഈ അർധവിരാമത്തിലെത്തിയപ്പോഴാണ് ഭവാനി സ്ഥലംവിട്ട കാര്യം വേദമാണിക്യം അറി ഞ്ഞത്. അതുകൊണ്ട് സ്വഗതം കൂട്ടിച്ചേർത്തു....

"കണ്ടില്ലേ, കെട്ടിക്കാറായ പെണ്ണിന്റെ ഇടതിരിവ്... ഇവളൊക്കെ ജലദേവതയെ കണ്ടിട്ടൊണ്ടോ.... ആ ഇളകിയാട്ടം കണ്ടിട്ടൊണ്ടോ...."

അയാൾ ആ രാത്രി ഉറങ്ങിയില്ല. ആഞ്ഞടിക്കുന്ന കാറ്റിന്റെ താളവും കോരിച്ചൊരിയുന്ന വർഷത്തിന്റെ സംഗീതവും കേട്ട്, അതിന്റെ ലഹരി നുണഞ്ഞ് കണ്ണുമിഴിച്ചു കിടന്നു. ഇടയ്ക്കിടെ ഓർമയുടെ താളിയോലകളിൽ നിന്ന് ഈരടികൾ മൂളി.

വെളുപ്പാൻകാലമായപ്പോൾ അറയ്ക്കു പുറത്ത് ബഹളം. വെള്ളം ഇറയത്തും പടിപ്പുരയിലുമെല്ലാം കയറിക്കാണും. വളരെനാൾകൂടി കിഴവൻ മനം നെറഞ്ഞു ചിരിച്ചു. "ചട്ടീം കലവുമൊക്കെ പെറുക്കി മാറ്റുകയാണ്. കാലാടുമായിരുന്നെങ്കില് എണ്ണീറ്റുചെന്നൊന്നു നോക്കാമായിരുന്നു." അയാൾ ഭവാനിയെ വിളിച്ചു. പിന്നെ മകനെ വിളിച്ചു. പുറത്തെ ശബ്ദകോലാഹലത്തിനിടയിൽ ആ ചിലമ്പിച്ച ഒച്ച നുരഞ്ഞുചെന്നില്ല. എങ്കിലും വൃദ്ധൻ വിളിച്ചുകൊണ്ടേയിരുന്നു- ആയം കൂട്ടിക്കൂട്ടിത്തുഴയുംപോലെ.

ഒടുവിൽ, മകൻ വാതിൽക്കൽ ഒഴുകിയെത്തി. "എന്തുവേണം അച്ഛന്?" അസഹ്യത വിങ്ങി നിൽക്കുന്ന ചോദ്യം.

"എടാ മോനേ, നിന്റെ തന്തയെ ഒന്നു പുറത്തുകൊണ്ടുപോടാ. ആ എറയത്തു കൊണ്ടിരുത്ത്."

"അവിടൊക്കെ വെള്ളം കേറി. വല്യ തണുപ്പും."

"അപ്പൊ ഞാനിവിടെ കെടന്നു ചാവട്ട്, അല്യോടാ?"

അതു ശരിയാണല്ലോ എന്നു മകനു തോന്നി. അറയ്ക്കുള്ളിലും ഉടനെ വെള്ളമെത്തും. വയസ്സന്മാർക്കാണല്ലോ മരണഭയമേറെ.

അവൻ പിതാവിനെ താങ്ങി എണീപ്പിച്ചു.

ഇറയത്തു ചെന്നപാടെ അയാൾ വിളിച്ചുകൂവി: "എടീ ഭവാനീ, ആ കസേര ഇങ്ങെടുത്തോടീ, ഞാനൊന്നിരിക്കട്ടെ."

ന്യായമായ ആവശ്യം എന്നേ എല്ലാവരും കരുതിയുള്ളൂ.

ചൂരൽക്കസേരയിൽ ചാരിയിരുന്ന് വൃദ്ധൻ ജലത്തെ നോക്കി പഴയ ചങ്ങാതിയോടെന്നപോലെ പുഞ്ചിരിച്ചു: "മക്കളേ, ഈ വെള്ളത്തിന്റെ ഒരു സന്തോഷം കണ്ടോ. കൂടു തുറന്നു വിട്ടപോലെ." അയാൾ ഓളങ്ങളോടു പാടി: "ഓടിവാ കള്ളീ, ചാടിവാ കള്ളീ, ചീമപ്പെണ്ണേ വാടീ വാടീ...."

പരിഭ്രാന്തരായ മറ്റുള്ളവർ അമർഷം കുടിച്ചിറക്കി സാധനങ്ങൾ മച്ചിലേക്കു കയറ്റുന്ന ജോലി തുടർന്നു.

വട്ടിയും കുട്ടയും പാത്രങ്ങളും കോഴിയും ആടും വരെ മച്ചിലെത്തിക്കഴിഞ്ഞു. കിഴക്കുനിന്ന് ഒരു കാറ്റടിച്ചു. കെട്ടിടത്തിന്റെ മോന്തായം കുലുങ്ങി. കുട്ടികൾ നിലവിളിച്ചു.

ചുറ്റിനും മരക്കൊമ്പുകൾ ഒടിയുന്ന ശബ്ദം. കൊന്നത്തെങ്ങുകൾ നിലംപറ്റെ താണുപൊങ്ങി.

അയൽപക്കങ്ങളിൽനിന്നും ധാരമുറിയാതെ അലമുറ ഉയർന്നുകൊണ്ടിരുന്നു.

മുറ്റത്ത് അരയോളം വെള്ളത്തിൽ വന്നുനിന്ന് അങ്ങേതിലെ വറീത് വൃദ്ധന്റെ മകനോടു ചോദിച്ചു: "ഇനിപ്പൊ എന്താചെയ്ക?"

"ഞങ്ങള് എല്ലാം തട്ടിൻമോളിൽ കയറ്റുകാ."

"എന്റെ വീടിന് മച്ചുമില്ല...."

"അതുംകൂടെ ഇവിടെ കേറ്റാമെന്നുവച്ചാല് തുലാം താങ്ങൂലാ, എല്ലാം ചെത്തും പൊടിഞ്ഞും ഇരിപ്പല്യോ. നീ പുത്തൻപുരക്കാരോട് പറ."

മഴയിരുട്ടിനെ ഭേദിച്ചുകൊണ്ട് ഒരു മിന്നൽപ്പിണർ. ആകാശം രണ്ടായിപ്പിളർന്നു ചൊരിഞ്ഞപോലെ. കണ്ണുമങ്ങിപ്പോയെങ്കിലും വൃദ്ധൻ ആവേശപൂർവം അങ്ങോട്ടുനോക്കി. സർവചരാചരങ്ങളെയും ഞടുക്കിക്കൊണ്ട് ഒരു ഇടിവെട്ടി. ആ ഞടുക്കത്തിൽനിന്നു മുങ്ങാംകുഴിയിട്ടു പൊങ്ങി വേദമാണിക്യം പറഞ്ഞു: "ബലേ

ഭേഷടാ ദേവേന്ദ്രാ, ബലേ, ഇതുപോലെ ഒന്നുകൂടി, ഇങ്ങുപോരട്ട്... ഒന്നുകൂടി, ആ വാളെടുത്ത് ആഞ്ഞൊന്നു വീശൂട്. ചൊണ കാണട്ട്....''

നാലഞ്ചുനിമിഷം കഴിഞ്ഞ് അത്ര തീക്ഷ്ണമല്ലാത്ത ഒരു മിന്നൽ; ദുർബലമായ ഒരിടിമുഴക്കം.

കിഴവൻ പറഞ്ഞു: "ഛെ! മോശം, നാണക്കേട്! നീ ആൺപിള്ള ശിങ്കമല്ലേടാ. ഒന്നുകൂടി വീശൂട്.... കാണട്ട്........ "

മകൻ വന്നുപറഞ്ഞു: ''അവളും പിള്ളേരുമൊക്കെ തട്ടിൽക്കയറിക്കഴിഞ്ഞു. താഴെ ഇനി ഒരു വസ്തൂം ഇല്ല. അച്ഛൻ എണീറ്റാട്ടെ....''

മറ്റൊരയൽക്കാരനായ സുദേവൻ ഓലക്കുടയും ചൂടി മുറ്റത്തുവന്ന് അറിയിച്ചു: "സർക്കാർവള്ളവും കുടിയാൻ വള്ളങ്ങളും എത്തീട്ടൊണ്ട്. അങ്ങേക്കരക്കാരെ അതിലു കേറ്റുകാ. എല്ലാരേം കുന്നുംപുറത്തെ സ്കൂളിലേക്കാ കൊണ്ടുപോണെ. ഉടനെ ഇങ്ങും വരും.''

മകൻ പറഞ്ഞു: "സുദേവാ, നീ ഇങ്ങു കേറിവാ. അച്ഛനെ മോളിൽ കൊണ്ടുപോകണം. ഒന്നു താങ്ങ്.''

കാൽവണ്ണയ്ക്കു ചുറ്റും വട്ടംകറങ്ങുന്ന വെള്ളത്തിനോട് കിന്നാരം പറഞ്ഞും കാലിട്ടിളക്കിയും രസിച്ചിരിക്കുന്ന വൃദ്ധൻ ആ ഭാഷണം ശ്രദ്ധിച്ചില്ല.

അവരിരുവരും ചേർന്ന് ചൂരൽക്കസേര പൊക്കിയപ്പോൾ അയാൾ അവരുടെ മുഖത്തു നോക്കി, എന്തിനാണീ പുറപ്പാടെന്ന അർഥത്തിൽ.

മകനോതി: "വെള്ളം ഇരച്ചുകേറുകാ. മോളിൽ പോകാം.''

കിഴവൻ പ്രതിഷേധിച്ചില്ല. അയാളെ തട്ടിന്റെ ഇരുളിൽ പ്രതിഷ്ഠിച്ചിട്ട് സുദേവൻ പോയി.

ഒരു മൂലയിൽ കത്തിക്കൊണ്ടിരിക്കുന്ന മുട്ടവിളക്കിന്റെ വെട്ടത്തിൽ വൃദ്ധനു ക്രമേണ മച്ചകമാകെ വ്യക്തമായി. നായ് അയാളെ വലംവച്ചു മുരണ്ടു നടന്നു.

ഇത്തിരിക്കഴിഞ്ഞ് അയാൾ മകനോടു പറഞ്ഞു:

''എടാ മോനേ, എനിക്ക് ശ്വാസംമുട്ടുന്നു. എന്തൊരു വേവ്! രണ്ടുവരി ഓല മാറ്റെടാ. ഞാൻ തല മോളിലിട്ട് കാറ്റുപിടിക്കട്ടടാ.''

"കാറ്റ്! പെരുംമഴയാ, കണ്ണും മൂക്കുമില്ലാത്ത മഴ.''

"ഞാൻ ചത്തുപോകുമെടാ. മഴ നനഞ്ഞാലും കുറ്റമില്ല. എടാ പൊന്നുമോനേ........'' വൃദ്ധൻ അലമുറയിട്ടു.

ഗത്യന്തരമില്ലാതെ മകൻ പിറുപിറുത്തുകൊണ്ട് ഒരു വരി ഓല നീക്കി. വൃദ്ധന് ആകാശം ഒരു ദീർഘചതുരമായി കാണാമെന്നായി. മകന്റെ ഭാര്യ, കെഴവന് ഭ്രാന്താണെന്ന് നിറുത്താതെ അലച്ചുകൊണ്ടിരുന്നു.

"എന്നെ ഒന്നെണീപ്പീരെടാ...''

വൃദ്ധൻ കരഞ്ഞുതുടങ്ങിയപ്പോൾ, മകൻ ആ മോഹവും നിറവേറ്റിക്കൊടുത്തു.

വേദമാണിക്യം കഴുക്കോലിൽ പിടിച്ചുകൊണ്ട് ഒരുനിമിഷം കഴുത്തു കുനിച്ചുനിന്നു. തലയിൽ വീഴുന്ന മഴത്തുള്ളികൾ അയാൾ അമൃതധാരപോലെ ഏറ്റുവാങ്ങി. വൃദ്ധൻ കഴുക്കോലിൽ പിടിമുറുക്കി നിവർന്നുനിന്നപ്പോൾ മകൻ കൈയയച്ചു. കുഴപ്പമില്ലെന്നു കണ്ട് അവൻ താഴേക്കിറങ്ങി.

വൃദ്ധൻ ഒരു കൈകൊണ്ട് ഒരു വരി ഓലകൂടി വലിച്ചുതാഴ്ത്തി. പിന്നെ സാഹസപ്പെട്ട് തല പുറത്തേക്കു നീട്ടി. കണ്ടുനിൽക്കേ വെള്ളം പൊങ്ങിപ്പൊങ്ങി വരുകയാണ്.

''ഭവാനീ, ഇപ്പോഴൊരു വള്ളം കിട്ടിയിരുന്നേല്, ഈ അപ്പൂപ്പൻ കാണിച്ചുതരാമായിരുന്നെടീ.''

ആരും പ്രതികരിച്ചില്ലെങ്കിലും അയാൾ പല വട്ടം അതു പറഞ്ഞു. വളരെ അകലെക്കൂടി വള്ളങ്ങൾ തിരക്കിട്ടുപോകുന്നു. "മേത്തുവന്നടിച്ചിട്ടും അവന്മാർക്ക് തേങ്ങേം വേണ്ടാ, കരിക്കും വേണ്ടാ, പ്രാന്തൻമാര്'' -വൃദ്ധൻ മുറുമുറുത്തു.

മകൻ മറ്റേ മൂലയിലെ കൂരപൊളിച്ചു തലപുറത്തിട്ടു. അകലെക്കൂടി പോകുന്ന വള്ള

ങ്ങളെ കൂവിവിളിച്ചു.

വള്ളങ്ങളിൽ കന്നുകാലികളും ആളുകളും ജംഗമസാധനങ്ങളും പൊയ്ക്കൊണ്ടിരുന്നു. ചിലർ തിരിഞ്ഞുനോക്കിയില്ല. മറ്റു ചിലർ കൈ കാണിച്ചിട്ടു കടന്നുപോയി.

"ഒരുത്തനും ഇങ്ങോട്ടു വരുന്ന കോളില്ല–" മകൻ പിറുപിറുത്തു. പിന്നെ ആ സങ്കടം അടുത്ത വീടിന്റെ കൂരയ്ക്കുമേലെ കണ്ട മനുഷ്യമുഖത്തോടു ചൊല്ലി. ആ മനുഷ്യനും നിറുത്താതെ കൂവിക്കൊണ്ടിരുന്നു. നാലുപാടും നിന്നുയരുന്ന ശബ്ദമേളം വേദമാണിക്യത്തിനൊരു ഹരമായി. കളരിപ്പയറ്റിന്റെ നാലു ചുവടു ചവിട്ടാൻ ഉടൽ തരിച്ചു.

"ഇന്നു രാത്രീംകൂടെ മഴയിങ്ങനെ നിന്നാല് നമ്മുടെ കൂരേം മുങ്ങും" -മകന്റെ ഭാര്യ തേങ്ങി.

ഭവാനിയുടെ ഇളയ പൈതങ്ങൾ ആരോഹണാവരോഹണങ്ങളോടെ കരഞ്ഞുകൊണ്ടേയിരുന്നു. പൂച്ച വട്ടിക്കുള്ളിൽ ചുരുങ്ങിക്കൂടിയിരുന്നു തേങ്ങി. ആടിന്റെ ചിണുങ്ങലിനും മുറിവുണ്ടായില്ല.

മകൻ ഇടയ്ക്കൊന്നു തല പിൻവലിച്ചപ്പോൾ നായ് പുരമുകളിലേക്കു കുതിച്ചുകയറി. ഓളങ്ങളെ നോക്കി ഓലിയിട്ടു. മകൻ വീണ്ടും വള്ളങ്ങൾക്കായി തലയും നാവും നീട്ടി.

ഒരു മലമ്പാമ്പ് ആ കൂരയ്ക്കുനേരെ തിരക്കിട്ടൊഴുകിവന്നു. നായ് മുന്നോട്ടു നീങ്ങി അതിനുനേരെ കുരച്ചു. പാമ്പ് തലപൊക്കി ചീറി. നായ് ഒന്നു മൂത്രമൊഴിച്ച് പിൻവാങ്ങി. മകൻ ഒരു വടി വലിച്ചെടുത്തു വെള്ളത്തിൽ തല്ലി.

ആ ജന്തു വലംചുറ്റി തിരിഞ്ഞൊഴുകിപ്പോകുന്നതു കണ്ട് വൃദ്ധൻ കാർക്കിച്ചുതുപ്പി: "അല്ലെങ്കിലും കൊണംപിടിക്ക്ണ ഇനമല്ല, ശാപം പിടിച്ച കൂട്ടം."

ചുണ്ടിൽ ഇറച്ചിയേന്തിയ രണ്ടു കാക്കകളെയും ചുമലിലേറ്റി ഒരു കാളയുടെ ശവം ധൃതിയിലൊഴുകിപ്പോയി; ഇത്തിരി കഴിഞ്ഞപ്പോൾ ഒരു പെണ്ണിന്റെ ജഡവും.

വേദമാണിക്യം മകനോടെന്നപോലെ പറഞ്ഞു: "ഒക്കെ ജലമഹാകാളീടെ ബലിയാ. ദേവതകൾക്ക് അറിഞ്ഞുകൊടുത്തില്ലെങ്കില് അവരങ്ങെടുക്കും...."

മരക്കൊമ്പുകൾ, പാത്രങ്ങൾ, പലതരം ചെടികൾ – ഇവയൊക്കെ വട്ടംകറങ്ങി ഒഴുകിവന്നുകൊണ്ടിരുന്നു. ഒരു സ്റ്റീൽപ്പാത്രം തുള്ളിത്തുള്ളിപ്പോകുന്നതു കണ്ടപ്പോൾ വൃദ്ധൻ സ്വരം താഴ്ത്തി, ഒരു നിഗൂഢരഹസ്യം വെളിപ്പെടുത്തുംമട്ടിൽ ചൊല്ലി: "ഉരുളീം വാർപ്പുമൊക്കെ വരും. അതിനകത്ത് നിധി കാണും, നിധി പിടിക്കാൻ ചെന്നാ മൊകത്ത് വെള്ളം ചീറ്റീട്ട് അതങ്ങ് പോകും. വിധിയൊള്ളവനേ അതു കിട്ടൂ."

ഇരുൾ കനത്തുതുടങ്ങുന്നു. അസ്തമയമായിരിക്കണം. മച്ചിനകത്തേക്കും ജലമെത്തിത്തുടങ്ങി.

ചീറിവന്ന കാറ്റിൽ ഒരു ഭാഗത്തെ ഓലകൾ പറന്നുപോയി. അങ്ങേവീട്ടിലെ ഓടുകൾ പറന്നുപോകുന്നതുനോക്കി വൃദ്ധൻ ഇളകിച്ചിരിച്ചു. ഗ്രാമമാകെ മുറവിളിയിൽ മുങ്ങിത്താഴുന്നു.

ഫണീന്ദ്രൻ വൃദ്ധനു നേരെ നീങ്ങി. കിളവൻ അതിനെ തലയാട്ടി സ്വാഗതം ചെയ്തു: "വാടാ, വാ... നെനക്കും എനിക്കും ഇതീന്നു പുറത്തുചാടാൻ ഇതുതന്നെ നേരം. ദാ, ഈ കൂരയിലും കേറി ചുരുള്......."



മകന്റെ ഭാര്യ ആരെയോ ഒക്കെ അലറിവിളിച്ച് ശപിച്ചുകൊണ്ടിരുന്നു. ഓല പറന്നുപോയ ഭാഗത്തെ ചുവരിന്റെ ഒരു കഷണം അടർന്നു വീണു. മകൻ ആവോളം പൊങ്ങി നിന്നു വള്ളക്കാരെ വിളിച്ചു കേണു.

ഒരു റാന്തൽ ആ വീടിനു നേരെ ഒഴുകിവരുന്നതു കണ്ടു. അവൻ ഭാര്യയെ വിളിച്ചുപറഞ്ഞു: "ഒരു വള്ളം വര്ണൊണ്ട്: കെട്ടുവള്ളം, എല്ലാം പെറുക്കിക്കൂട്ട്......."

വള്ളം അടുത്തടുത്തു വരുന്നതുകണ്ടപ്പോൾ വൃദ്ധൻ ശബ്ദമുയർത്തി വിളിച്ചുകൂവി: "ആഞ്ഞു തൊഴയെടാ.... ചീവനില്ല്യേ...."

മകൻ ഏതാനും വരി ഓലകൂടി വലിച്ചുമാറ്റി. വള്ളം അടുത്തുവന്നുനിന്നു. വള്ളക്കാരൻ എറിഞ്ഞുകൊടുത്ത കയർ അവൻ കഴുക്കോലിൽ ബന്ധിച്ചു. ഭവാനിയെയും ഭാര്യയെയും പൊക്കിയെടുത്ത് വള്ളത്തിലാക്കി. നായ് അക്ഷമനായി ചാടി വള്ളത്തിൽ വീണു. അമരത്തു ചെന്നു നിന്ന് കുരച്ചു. മറ്റു സന്തതികളെയും ആടിനെയും ജംഗമസാധനങ്ങളെയും ഒന്നൊന്നായി വള്ളത്തിലുള്ളവർ ഏറ്റുവാങ്ങി. ഒരു കുട്ട കൂരയ്ക്കു മേലെ എത്തിയപ്പോൾ പൂച്ച കുതിച്ചുചാടി വെള്ളത്തിൽ വീണുപിടഞ്ഞു. വൃദ്ധൻ കൈകൊട്ടിച്ചിരിച്ചു. ഭവാനി അതിനെ തൂക്കിയെടുത്ത് ഒരു തല്ലുകൊടുത്ത് വള്ളത്തിലിട്ടു.

"എല്ലാം വേഗം കേറ്റ്. ഈ പെരുമഴ വീണു വള്ളം നെറഞ്ഞാ എല്ലാം തീരും-" വള്ളത്തിൽ നിന്നു വെള്ളം കോരിമാറ്റിക്കൊണ്ടിരുന്നവർ തിടുക്കംകൂട്ടി.

അയൽപക്കത്തെ കൂരകളിൽനിന്നു ദീനാലാപനങ്ങൾ ഉയരുകയാണ്; കൂവലുകളും. വള്ളക്കാരൻ അൽപ്പം പൊറുക്കാൻ എല്ലാവരോടും കൈ കാണിച്ചുകൊണ്ടിരുന്നു.

സർവവും വള്ളത്തിനുള്ളിലായിക്കഴിഞ്ഞപ്പോൾ മകൻ വൃദ്ധനെ പിടിച്ചുപൊക്കി.

"ഇനി, വിടെടാ," വൃദ്ധൻ കാലു പൊക്കി മകനെ തൊഴിച്ചു: "ഞാനെങ്ങും വര്ണില്ല."

"അച്ഛനെന്തു പ്രാന്താ കാട്ടണെ. രണ്ടു നാഴിക കഴിഞ്ഞാ വെള്ളം കൂരയ്ക്കു മുകളിലെത്തും."

"എത്തട്ടെടാ, തീയല്ലല്ലോ."

"കെളവനെ ഇങ്ങു തൂക്കിയെടുത്തിടണ്ണാ-" വള്ളത്തിലെ സന്നദ്ധഭടനായ ചെറുപ്പക്കാരൻ കൽപ്പിച്ചു. അവൻ മകനെ തുണയ്ക്കാൻ കൂരയിൽ ചാടിക്കയറുകയും ചെയ്തു.

"എരപ്പകളേ, എന്നെ തൊടരുത്. ഞാനിവിടെ നിൽക്കും. നിങ്ങളു പോ..."

"അച്ഛനെന്താ ഭാവം?" മകൻ പരവശനായി ചോദിച്ചു.

"ഞാനോ, നോഹേടെ പെട്ടകം വരുമ്പം അതിലു കേറാൻ നിൽക്കുകയാ, എടാ മോനേ, നീ പിള്ളാരേംകൊണ്ട് കരപറ്റ്."

ചെറുപ്പക്കാരൻ തട്ടിലിറങ്ങി വൃദ്ധനെ സമീപിച്ചു: "പിടിയണ്ണാ, ഒരു കെഴട്ടുവാശി!"

അവൻ വൃദ്ധനെ ദൃഢമായി പുണർന്നുയർത്താൻ ശ്രമിച്ചു. വൃദ്ധൻ ഇരുകൈകൊണ്ടും കഴുക്കോലിനെ ചുറ്റിവരിഞ്ഞു ഞാണുകിടന്നു നിലവിളിച്ചു. ആ കൈകളെ അഴിച്ചെടുക്കാൻ മകൻ എത്ര ശ്രമിച്ചിട്ടും സാധിച്ചില്ല.

"ദ്രോഹികളേ, എന്നെ കൊല്ലാതിനെടാ."

വൃദ്ധൻ അലറി: "വള്ളത്തില് കേറ്റിയാ ഞാൻ വെള്ളത്തിൽ ചാടും. എന്റെ തന്തയാണെ ചാടും....."

പുറത്ത് വള്ളക്കാരൻ ധൃതികൂട്ടി. നേരം ഇരുട്ടുന്നു. മറ്റുള്ളവരേം കുന്നുംപുറത്തെത്തിക്കണം.

സന്നദ്ധസംഘത്തലവൻ അന്ത്യശാസനം നൽകി: "കയറഴിക്കാൻ പോവുകാ, ചെല്ലം കാണാനൊള്ള നേരമല്ല. നിങ്ങള് വര്ണൊണ്ടോ? വെള്ളം കുടിച്ചു ചാവാനാ മൂപ്പന്റെ വിധി."

മകൻ വൃദ്ധന്റെ കാലുപിടിച്ചിരന്നു: "അച്ഛാ, ആ കൈവിട്."

മഴ ദുർവാശിയോടെ കനത്തു. വീണ്ടും കാറ്റു ചീറിവന്നു.

വൃദ്ധൻ ശാന്തനായി പറഞ്ഞു: "മോനേ, നീ പോ. പിള്ളേരേം കൊണ്ടുപോ. വെള്ളം താഴ്ന്നിട്ട് വാ. ഞാൻ വര്ണില്ല. ഇവിടെ നിന്ന് ഇദൊക്കെ ഒന്നു കാണട്ട്, പോ......"

സന്നദ്ധഭടനായ ചെറുപ്പക്കാരൻ തിരികെ വള്ളത്തിൽ ചാടി കയറഴിക്കാനൊരുങ്ങി. വീണ്ടും വെള്ളത്തിൽ കണ്ണുനട്ടുകഴിഞ്ഞ അച്ഛനെ ദീനമായൊന്നു നോക്കിയിട്ട് മകനും വള്ളത്തിലിറങ്ങി.

വള്ളം നീങ്ങിത്തുടങ്ങവേ മകൻ കൈ രണ്ടും നീട്ടി ഒരിക്കൽക്കൂടി അച്ഛനോടപേക്ഷിച്ചു.

പക്ഷേ, ഓളങ്ങളുടെ താളവട്ടത്തിൽ കണ്ണൂന്നി നിന്ന വൃദ്ധന്റെ പ്രജ്ഞയിൽ ആ കരച്ചിൽ പതിച്ചില്ല. അയാൾ കൈവീശി യാത്രാനുമതിയേകി. വള്ളത്തിലെ വെളിച്ചം കണ്ണിൽനിന്നു മായുംവരെ കൈവീശിച്ചിരിച്ചു. ഒന്നിനു പിറകേ ഒന്നായി കടന്നുവന്ന വെളിച്ചങ്ങൾക്കെല്ലാം കൈവീശിക്കൊണ്ട് വേദമാണിക്യമങ്ങനെ നിന്നു; മഴയറിയാതെ, തണുപ്പറിയാതെ, ഇരുളറിയാതെ, ആകാശവും ജലവും ഭൂമിയും തിരിച്ചറിയാനാവാത്തവിധം ഒന്നായി, ഇരുളായിത്തീർന്നിട്ടും വേദമാണിക്യം ചിരിച്ചുരസിച്ചു നിന്നു.

***(എന്റെ പരദൈവങ്ങൾ)***

- ആകാശവും ജലവും ഭൂമിയും തിരിച്ചറിയാനാവാത്ത വിധം ഒന്നായി, ഇരുളായിത്തീർന്നിട്ടും ചിരിച്ചുരസിച്ചു നിന്ന വേദമാണിക്യത്തിന് പിന്നീട് എന്താവും സംഭവിച്ചിട്ടുണ്ടാവുക? നിങ്ങളുടെ സങ്കൽപ്പങ്ങൾ ഒരു കഥയായി ആവിഷ്കരിക്കുക.
- "കണ്ടോ, മഴയുടെ വരവ് കണ്ടോ? ഇന്നു തകർത്തുവാരി പെയ്യും, കേട്ടോ. ആ ശൗര്യം കണ്ടാലറിയാം" - ഇതുപോലെ മഴയെക്കുറിച്ച് വേദമാണിക്യം നടത്തുന്ന അഭിപ്രായപ്രകടനങ്ങൾ കഥയിൽ നിന്നു കണ്ടെത്തുക. അവയിലൂടെ വെളിപ്പെടുന്ന കഥാപാത്രത്തിന്റെ മനോഭാവമെന്താണ്? - കൂട്ടുകാരുമായി ചർച്ചചെയ്ത് കുറിപ്പെഴുതുക.
- "വേദമാണിക്യത്തെയും മകനെയും പോലെ ജലവും ഈ കഥയിൽ സജീവമായ ഒരു കഥാപാത്രമാണ്"- ഈ നിരീക്ഷണത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? - ചർച്ചചെയ്ത് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കഥയ്ക്ക് ആസ്വാദനം തയാറാക്കുക.
- കിനാവുകളുടെ കാലം, വെള്ളപ്പൊക്കത്തിൽ എന്നീ പാഠഭാഗങ്ങളിലെ സംഭാഷണഭാഷയുടെ സവിശേഷതകൾ എന്തൊക്കെയാണ്? നിങ്ങളുടെ പ്രദേശത്തെ സംഭാഷണഭാഷ ശേഖരിക്കൂ. സംഭാഷണഭാഷയിൽ മാത്രം ഉപയോഗിക്കുന്ന പദങ്ങൾ അക്ഷരമാലാക്രമത്തിൽ എഴുതി അർഥം, വിശദീകരണം, ഉപയോഗിക്കുന്ന പ്രദേശം എന്നിവ ഉൾപ്പെടുത്തി നിഘണ്ടു തയാറാക്കൂ.
- മഴക്കെടുതികൾ പ്രമേയമായി വരുന്ന കഥകൾ ശേഖരിച്ച് വായനക്കുറിപ്പു തയാറാക്കുക.

  ഉദാ:- വെള്ളപ്പൊക്കത്തിൽ - തകഴി

*പ്രകൃതിയുടെ ഭാവപ്പകർച്ചകളിൽ മനുഷ്യന്റെ വ്യത്യസ്ത ഭാവങ്ങൾ കാണാൻ കഴിയില്ലേ? ഇത്തരം സങ്കൽപ്പങ്ങൾ നിങ്ങളുടെ മനസ്സിൽ എപ്പോഴെങ്കിലും രൂപപ്പെട്ടിട്ടുണ്ടോ? അനുഭവങ്ങൾ പങ്കുവയ്ക്കൂ.*

# മഴയ്ക്കപ്പുറം

**വിജയലക്ഷ്മി**



**വീ**ട്ടുമുറ്റത്തെ കിണറ്റുവെള്ളം
ഞാറ്റുവേലപ്പെയ്ത്തിലാർത്തുപൊങ്ങി
ആകാശം കാണുവാനെത്തിനോക്കി,
ആവാതെയപ്പോഴേ താണിറങ്ങി.

ആറ്റിലേക്കെത്താനറിഞ്ഞുകൂടാ
ആഴിത്തിരയോളം പോക വയ്യ
ആടിമാസക്കറുപ്പൊന്നുമാത്രം
ആഴക്കടൽ പോലകത്തൊതുക്കാം.

ഓളമില്ലോർമതൻ താളമില്ല,
നീരൊഴുക്കിന്റെ തിളക്കമില്ല,
പാറപ്പുറത്തു ചെന്നെത്തിനോക്കി-
ച്ചാടിത്തിമിർക്കാൻ കയങ്ങളില്ല.

വെള്ളാരങ്കല്ലില്ല, തുള്ളിനീങ്ങും
വെള്ളിപ്പരൽമീൻ കിലുക്കമില്ല,
മുങ്ങിക്കിടക്കുവാൻ കൊമ്പനില്ല,
മൂവന്തിപ്പൊട്ടിൻ തുടുപ്പുമില്ല.

ആരുമില്ലാപ്പകൽ പോയി, രാവും
മൂകം, നിലയ്ക്കുന്നു മേഘരാഗം
പാരിജാതത്തിൻ സുഗന്ധപൂരം
പാതിരാക്കാറ്റിന്റെ സ്നേഹസാക്ഷ്യം

എത്തുന്നു താഴേയ്ക്കിലത്തലപ്പിൻ
മുത്തിറ്റുവീഴും പതിഞ്ഞ നാദം;
ഇത്തിരിച്ചീവീടിനുള്ളിലെങ്ങും
മെത്തുന്നു ജീവന്റെ സംഘഗാനം;

മാമരപ്പച്ച വകഞ്ഞുമാറ്റി,
ചാരുവായാരോ ചിരിച്ചുനിൽക്കെ
ആവോളം കാണാൻ കുതിച്ചുപൊങ്ങി-
ത്തൂവുമാത്തേങ്ങൽ പിടിച്ചടക്കി,

വീട്ടുമുറ്റത്തെ കിണറ്റുവെള്ളം
വീർപ്പടക്കിക്കൊണ്ടൊതുങ്ങിനിന്നു,
ആർദ്രമൗനത്തിന്നകത്തനന്തം
ദീപ്തനക്ഷത്രങ്ങൾ വിൺതുറന്നു.

- "ആറ്റും മണമ്മേലെ ഉണ്ണിയാർച്ച
ഊണും കഴിഞ്ഞങ്ങുറക്കമായി
ഉറക്കത്തിൽ സ്വപ്നവും കണ്ടു പെണ്ണ്
അല്ലിമലർക്കാവിൽക്കൂത്തല്ലാണ്
അയ്യപ്പൻകാവിൽ വിളക്കല്ലാണ്"

  ഈ വരികളിലെ താളത്തിനും കവിതയിലെ താളത്തിനും സമാനതകളുണ്ടോ? ചൊല്ലിനോക്കൂ.

- കിണറ്റിൽ അകപ്പെട്ടുപോയ വെള്ളത്തിന്റെ ചിന്തകൾ കവിതയിൽ നിന്നു കണ്ടെത്തിക്കുറിക്കൂ. അവയെ മനുഷ്യജീവിതവുമായി ബന്ധപ്പെടുത്താൻ ശ്രമിക്കൂ. കണ്ടെത്തലുകൾ ചർച്ചയ്ക്കായി ക്ലാസിൽ അവതരിപ്പിക്കണം.

- "മാമരപ്പച്ച വകഞ്ഞുമാറ്റി,
ചാരുവായാരോ ചിരിച്ചുനിൽക്കെ
ആവോളം കാണാൻ കുതിച്ചുപൊങ്ങി-
ത്തൂവുമാത്തേങ്ങൽ പിടിച്ചടക്കി
വീട്ടുമുറ്റത്തെ കിണറ്റുവെള്ളം
വീർപ്പടക്കിക്കൊണ്ടൊതുങ്ങിനിന്നു
ആർദ്രമൗനത്തിന്നകത്തനന്തം
ദീപ്തനക്ഷത്രങ്ങൾ വിൺതുറന്നു."

  ഈ വരികളിൽ തെളിയുന്ന പ്രതീക്ഷയുടെയും നിരാശയുടെയും വ്യാപ്തി വിശദീകരിക്കുക.

- കവിതയിൽ നിന്നു ലഭിക്കുന്ന ആശയങ്ങൾ പ്രയോജനപ്പെടുത്തി കിണറ്റിൽ പതിച്ച മഴത്തുള്ളിയുടെ വീർപ്പുമുട്ടലുകൾ ഡയറിയായി എഴുതൂ.

- "ആടിമാസക്കറുപ്പൊന്നുമാത്രം
ആഴക്കടൽ പോലകത്തൊതുക്കാം"

  ഈ വരികളിലെ അലങ്കാരകല്പനയുടെ ഔചിത്യം വിശദമാക്കുക.

*മഴയ്ക്കപ്പുറം എന്ന കവിതയിലേതുപോലുള്ള അനുഭവങ്ങൾ നമുക്കു നഷ്ടപ്പെടുകയാണോ? എന്താണിതിനൊക്കെ കാരണം? നമുക്കെന്തൊക്കെ ചെയ്യാൻ കഴിയും?*



# സമൃദ്ധിയെ ക്ഷാമമാക്കി മാറ്റൽ

**വന്ദനശിവ**

വെള്ളം സംസ്കാരത്തിന്റെ ഉൽപ്പത്തികേന്ദ്രമാണ്; ജീവന്റെ അടിസ്ഥാനമാണ്. അറബി, ഉർദു, ഹിന്ദുസ്ഥാനി ഭാഷകളിൽ അതിനെ 'അബ്' എന്നാണു വിളിക്കുക. 'അബദ്രഹോ' എന്നതു സമൃദ്ധിക്കും ക്ഷേമൈശ്വര്യത്തിനുമായുള്ള ആശംസയാണ്. ഇന്ത്യ എന്ന പേരുതന്നെ രൂപപ്പെട്ടത് മഹത്തായ സിന്ധുനദി (Indus) എന്ന പദത്തിൽ നിന്നാണ്. സിന്ധുനദീ പരിധിയിലുള്ള ഭൂമിയെ ഇന്ത്യ എന്നു വിളിച്ചുവന്നു. ലോകമെങ്ങുമുള്ള സമൂഹങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ക്ഷേമത്തിൽ വെള്ളത്തിനു കേന്ദ്രസ്ഥാനമാണുള്ളത്. നിർഭാഗ്യവശാൽ, വിലമതിക്കാനാവാത്ത ഈ വിഭവം ഇന്നു ഭീഷണിയെ അഭിമുഖീകരിക്കുകയാണ്. ഭൂമിയുടെ മൂന്നിൽ രണ്ടു ഭാഗം വെള്ളമാണെങ്കിലും നാം കടുത്ത ജലക്ഷാമം നേരിടേണ്ടിവരുന്നു.

ഭൂമിയുടെ പാരിസ്ഥിതികനാശത്തിൽ, ജലപ്രതിസന്ധിക്ക് സർവതലസ്പർശിയും തീക്ഷ്ണവും അത്യധികം സൂക്ഷ്മവുമായ ഒരു മാനമാണുള്ളത്. 1998-ൽ ഇരുപത്തെട്ടു രാജ്യങ്ങൾ ജലക്ഷാമമോ ദൗർലഭ്യമോ അനുഭവിച്ചു. 2025 ൽ ഇത്തരം രാജ്യങ്ങളുടെ എണ്ണം ഇതിന്റെ ഇരട്ടിയാവും. 1990 നും 2025 - നുമിടയിൽ, ആവശ്യമായത്ര വെള്ളം ലഭിക്കാതെ ജീവിക്കുന്ന വിവിധ രാജ്യങ്ങളിലെ ജനങ്ങളുടെ എണ്ണം 131 മില്യണിൽ നിന്ന് 817 മില്യൺ ആയി ഉയരും. 2025 ആവുന്നതിന് എത്രയോ മുമ്പ് ഇന്ത്യ ജലക്ഷാമത്തിലേക്ക് എത്തിച്ചേരാൻ സാധ്യതയുണ്ട്.

ഒരു രാജ്യത്ത്, പ്രതിവർഷ - പ്രതിശീർഷ ജലലഭ്യത ആയിരം ക്യൂബിക് മീറ്ററിനു താഴെയാണെങ്കിൽ ആ രാജ്യം ഗൗരവപൂർണമായ ജലക്ഷാമം നേരിടുന്നുവെന്നു പറയാം. ജലലഭ്യത ഇതിനും താഴെയായാൽ രാജ്യത്തിന്റെ ആരോഗ്യ - സാമ്പത്തികവികസനം

തടസ്സപ്പെടും. പ്രതിശീർഷ ജലലഭ്യത 500 ക്യുബിക് മീറ്ററിനും താഴെയായാൽ ജനങ്ങളുടെ നിലനിൽപ്പു തന്നെ ഗുരുതരമായ തകരാറിലാവും. 1951-ൽ ഇന്ത്യയിലെ പ്രതിശീർഷ – പ്രതിവർഷ ജലലഭ്യത 3,450 ക്യുബിക് മീറ്ററായിരുന്നു. എന്നാൽ 1990 കളുടെ അവസാനമായപ്പോഴേക്കും അത് 1,250 ക്യുബിക് മീറ്ററായി കുറഞ്ഞു. 2050 ആവുമ്പോഴേക്കും 760 ക്യുബിക് മീറ്ററായി കുറയുമെന്നു കരുതപ്പെടുന്നു. 1970 മുതൽ ആഗോള പ്രതിശീർഷ ജലലഭ്യത മുപ്പത്തിമൂന്നു ശതമാനമായി താഴ്ന്നു. ഇതിനുകാരണം ജനസംഖ്യാവളർച്ച മാത്രമല്ല; അമിതമായ ജലോപയോഗം കൂടിയാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ, വെള്ളത്തിന്റെ പിൻവലിയൽ നിരക്ക് ജനസംഖ്യാവളർച്ചനിരക്കിനെ അതിലംഘിച്ചിരിക്കുന്നു.

എന്റെ നാട് ജലസമൃദ്ധിയിൽ നിന്നു ജലക്ഷാമത്തിലേക്കു മാറുന്നതിന് ഞാൻ സാക്ഷ്യംവഹിച്ചു. എന്റെ താഴ്വരയിലെ ആണ്ടോടാണ്ടു വറ്റാതിരുന്ന നീരൊഴുക്ക് 1982-ൽ വറ്റിവരണ്ടു. ജലസംഭരണമേഖലയിൽ നടന്ന അക്വിഫിയർ ഖനനത്തിന്റെ ഫലമായിരുന്നു അത്. ഡെക്കാൻ പീഠഭൂമിയിൽ, യൂക്കാലിപ്റ്റസിന്റെ ഏകമുഖ കൃഷി വ്യാപിച്ചതോടെ കുളങ്ങളും അരുവികളും വറ്റിവരണ്ടതു ഞാൻ കണ്ടു. ഹരിതവിപ്ലവത്തിന്റെ സാങ്കേതികതകൾ വെള്ളം ഊറ്റിയെടുത്തതിനാൽ സംസ്ഥാനങ്ങൾ ഒന്നൊന്നായി ജലക്ഷാമത്തിലേക്കു തള്ളിവിടപ്പെടുകയാണെന്നു ഞാൻ കണ്ടു. ജലസമ്പന്നമായ പ്രദേശങ്ങളിലെ സമുദായങ്ങൾ, അവരുടെ ജലസ്രോതസ്സുകൾ മാലിന്യങ്ങളാൽ വിഷമയമാവുന്നതിനെതിരേ നടത്തുന്ന സമരത്തിൽ ഞാൻ പങ്കാളിയായി. അത്യാർത്തിയുടെയും അലംഭാവപൂർണമായ സാങ്കേതികതയുടെയും പ്രകൃതിക്ക് നൽകാവുന്നതിലേറെയെടുക്കുന്നതിന്റെയും കഥകളാണ് ഓരോ ജലക്ഷാമത്തിന്റെയും പിന്നിലുള്ളത്.

**ജലത്തിന്റെ പരിസ്ഥിതിശാസ്ത്രം**

ജലത്തെ മഴയായോ മഞ്ഞായോ സ്വീകരിക്കുന്ന പാരിസ്ഥിതികപ്രക്രിയ ജലത്തിന്റെ ചാക്രികതയാണ്. ഭൂമിയിൽ വീഴുന്ന ഈർപ്പം, നീരൊഴുക്കുകൾ, അക്യുഫേർസ്, ഭൂഗർഭജല സ്രോതസ്സുകൾ എന്നിവയെ ഇവ റീചാർജ് ചെയ്യുന്നു. ഒരു പ്രത്യേക പാരിസ്ഥിതികവ്യവസ്ഥയുടെ ജലലഭ്യത എന്നത് പ്രദേശത്തിന്റെ കാലാവസ്ഥ, ഭൂപ്രകൃതിശാസ്ത്രം, വൃക്ഷലതാദികൾ, ഭൗമശാസ്ത്രം എന്നിവയെ ആശ്രയിച്ചാണു നിലനിൽക്കുന്നത്. ഈ ഓരോ തലത്തിലും ആധുനികമനുഷ്യർ ഭൂമിയെ ദുർവിനിയോഗം ചെയ്യുകയും വെള്ളത്തെ, സ്വീകരിക്കാനും സ്വാംശീകരിക്കാനും സംഭരിക്കാനുമുള്ള അതിന്റെ കഴിവിനെ നശിപ്പിക്കുകയും ചെയ്യുന്നു. വനനശീകരണവും ഖനനവും ജലസംഭരണമേഖലകളെയും വെള്ളം സംരക്ഷിക്കാനുള്ള കഴിവിനെയും നശിപ്പിക്കുന്നു. ഏകമുഖ കൃഷിരീതിയും കൃത്രിമ വനവൽക്കരണവും പാരിസ്ഥിതികവ്യവസ്ഥയെ ഊറ്റിയെടുത്തു തരിശാക്കുന്നു.

കൽക്കരി പോലുള്ള ഫോസിൽ ഇന്ധനങ്ങളുടെ വർധിച്ചുവരുന്ന ഉപയോഗം അന്തരീക്ഷ മലിനീകരണത്തിനും കാലാവസ്ഥാമാറ്റത്തിനും കാരണമാവുന്നു. ഇത് ആവർത്തിച്ചുള്ള വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, വരൾച്ച എന്നിവയിലേക്കു നയിക്കുന്നു.

**വ്യാവസായിക വനവൽക്കരണവും ജലപ്രതിസന്ധിയും**

വനങ്ങൾ പ്രകൃതിസ്വാഭാവിക തടാകങ്ങളാണ്. അവ വെള്ളത്തെ സംഭരണപ്രദേശങ്ങളിൽ നിലനിർത്തുകയും അരുവികളായും നീരുറവകളായും പതുക്കെ പുറത്തേക്കു വിടുകയുമാണു ചെയ്യുന്നത്. മഴയെയും മഞ്ഞുവീഴ്ചയെയും വനങ്ങളുടെ മേലാപ്പ് തടയുന്നു. ഇതു മണ്ണിനെ സംരക്ഷിക്കുകയും കാടുകളിലെ നിലത്തിന് വെള്ളം വലിച്ചെടുക്കാനുള്ള ശേഷി വർധിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ കുറച്ചു വെള്ളം ബാഷ്പീകരിച്ച് അന്തരീക്ഷത്തിൽ തിരിച്ചെത്തുന്നുമുണ്ട്. വനങ്ങളിലെ ഭൂമിയാകെ ജീർണിച്ച ജൈവാംശങ്ങളാലും വീണുകിടക്കുന്ന ഇലകളാലും ആവരണം ചെയ്തിരിക്കു

ന്നു. ഇത് വെള്ളത്തെ തടഞ്ഞുനിർത്തുകയും പുനരുൽപ്പാദിപ്പിക്കുകയും ചെയ്യും. കൃത്രിമ വനവൽക്കരണവും ഏകമുഖ കൃഷിസമ്പ്രദായവും വെള്ളം ഒഴുകിപ്പോകുന്നതിനും മണ്ണിന്റെ ജലസംഭരണശേഷി നശിക്കുന്നതിനും കാരണമാകുന്നു.

വടക്കുകിഴക്കേ ഇന്ത്യയിലെ ചിറാപ്പൂഞ്ചിയാണ് ഭൂമിയിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചിരുന്ന സ്ഥലം. പ്രതിവർഷം പതിനൊന്നു മീറ്റർ മഴയാണ് അവിടെ പെയ്യുന്നത്. ഇപ്പോൾ അവിടത്തെ വനം നശിപ്പിക്കപ്പെട്ടു. ചിറാപ്പൂഞ്ചി കുടിവെള്ളപ്രശ്നത്തിലാണ്! ഹിമാലയത്തിൽ നിന്നു പിറവികൊള്ളുന്ന അരുവികൾ വറ്റിവരണ്ടത് എന്നെ ചിന്തിപ്പിച്ചു. കുട്ടിക്കാലത്ത് ഞാൻ കുളിച്ചിരുന്നത് ഇത്തരം അരുവികളിൽ നിന്നായിരുന്നു. അതു ഭൗതികശാസ്ത്രത്തിൽ നിന്നു പരിസ്ഥിതിവിജ്ഞാനീയത്തിലേക്കുള്ള എന്റെ മാറ്റത്തെ ത്വരിപ്പിച്ചു. വനം വച്ചുപിടിപ്പിക്കുന്നതിലൂടെ ജലവിഭവങ്ങളുടെ നാശം തടയുന്നതിനു കൂടിയാണ് ചിപ്കോ പ്രസ്ഥാനം ആരംഭിച്ചത്.

ഹിമാലയത്തിലെ പാരിസ്ഥിതികപ്രതിസന്ധി മൂർച്ഛിപ്പിച്ചത് വാണിജ്യാടിസ്ഥാനത്തിലുള്ള വനവൽക്കരണമാണ്. ജലപ്രഭവകേന്ദ്രങ്ങൾ വറ്റിവരണ്ടതോടെ ഒരുകാലത്ത് ഭക്ഷ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തമായിരുന്ന ഗ്രാമങ്ങളിലേക്കു ഭക്ഷ്യവസ്തുക്കൾ ഇറക്കുമതി ചെയ്യാൻ തുടങ്ങി. വനങ്ങൾ അപ്രത്യക്ഷമായതോടെ മലയിടിച്ചിലും വെള്ളപ്പൊക്കവും നിത്യസംഭവങ്ങളായി. 1970-ലെ അളകനന്ദ ദുരന്തം ഓർക്കുക. ഒരു വലിയ മണ്ണിടിച്ചിലിന്റെ ഫലമായി അളകനന്ദയുടെ ഗതി തടയപ്പെടുകയും ആയിരം ചതുരശ്രകിലോമീറ്റർ ഭൂമി വെള്ളത്തിൽ മുങ്ങുകയും നിരവധി പാലങ്ങളും റോഡുകളും നാമാവശേഷമാവുകയും ചെയ്തു. 1978-ലാണ് തേവാഘട്ട് ദുരന്തം നടന്നത്. അത് അളകനന്ദ ദുരന്തത്തെക്കാൾ രൂക്ഷമായിരുന്നു. നാല് ചതുരശ്രകിലോമീറ്റർ വ്യാപ്തിയുള്ള ഒരു തടാകം രൂപപ്പെട്ട് ഭാഗീരഥീ നദിയിലേക്ക്, ഒരു മലഞ്ചരിവു മുഴുവനായും തകർന്നുവീഴുകയായിരുന്നു. ഇതോടെ തടാകം പൊട്ടിത്തകർന്ന് ഗംഗാതടത്തിൽ ഒരു വെള്ളപ്പൊക്കം ഉണ്ടായി. ഈ സംഭവം വനങ്ങളിലെ ജലസംഭരണ കേന്ദ്രങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള തിരിച്ചറിവിലേക്കു ഭരണാധികാരികളെ ഉണർത്താൻ കാരണമായി.

***(ജലയുദ്ധങ്ങൾ)***

*പരിഭാഷ:* ***ഐ.വി. ബാബു***

- "മകളേ, ഈ വെള്ളത്തിന്റെ സന്തോഷം കണ്ടോ? കൂടുതുറന്നുവിട്ടപോലെ-" കൂടുതുറന്നുവിട്ടപോലെ വന്നിരുന്ന നമ്മുടെ ജലസമ്പത്ത് ഇന്നു കൂട്ടിലടയ്ക്കപ്പെട്ട അവസ്ഥയിലാണ്. അതിനുള്ള കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തൂ. ലോക ജലദിനത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള എഡിറ്റോറിയൽ തയാറാക്കൂ.
- "അത്യാർത്തിയുടെയും അലംഭാവപൂർണമായ സാങ്കേതികതയുടെയും പ്രകൃതിക്കു നൽകാവുന്നതിലേറെ എടുക്കുന്നതിന്റെയും കഥകളാണ് ഓരോ ജലക്ഷാമത്തിന്റെയും പിന്നിലുള്ളത്"- ലേഖികയുടെ ഈ നിരീക്ഷണം എത്രത്തോളം പ്രസക്തമാണ്? നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്ന ജലപ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.
- നമ്മുടെ ജീവിതപരിസരങ്ങളിലെ ജലവിനിയോഗം നിരീക്ഷിക്കുക. അമിതമായ ജലവിനിയോഗം അവിടങ്ങളിലൊക്കെ നടക്കുന്നുണ്ടോ? കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പോസ്റ്റർ, ലഘുലേഖ, നോട്ടീസ് മുതലായവ തയാറാക്കി ബോധവൽക്കരണപ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

# നിഘണ്ടു

അംഭസ്സ് - ജലം
അധീശത്വം - മേൽക്കോയ്മ
അനന്തം - അവസാനമില്ലാത്തത്, അന്തമില്ലാത്തത്
അനശ്വരം - നശിക്കാത്തത്, നശ്വരമല്ലാത്തത്
അനർഘം - വിലമതിക്കാൻ വയ്യാത്ത
അനുരണനം - മാറ്റൊലി
അന്ധവിശ്വാസം - മൂഢവിശ്വാസം
അസാംഗത്യം - യോജിപ്പില്ലായ്മ
ആടിമാസം - ഒരു തമിഴ് മാസം (കർക്കിടകമാസം)
ആത്മമിത്രം - ഉറ്റചങ്ങാതി
ആനായനാരി - ഗോപസ്ത്രീ
ആഭാസം - അതുപോലെ തോന്നിക്കുന്നത് (ആഭാസിക്കുന്നത്)
ആർത്തി - ദുഃഖം, കൊതി
ആർദ്രം - അലിവ്, നനവ്
ആലയം - വീട്
ആലംബം - ആശ്രയം
ഇകഴ്ത്തുക - മോശമായി കാണിക്കുക
ഇടവപ്പാതി - ഇടവമാസത്തിന്റെ മധ്യം, (കാലവർഷം)
ഇളകിയാട്ടം - കഥകളിയിലെ രണ്ടു തരം അഭിനയങ്ങളിൽ ഒന്ന്
ഇറയം - തിണ്ണ, പുറന്തിണ്ണ (ഇറയകം - ഇറയം)
ഉത്തുംഗശൃംഗം - ഉയർന്ന കൊടുമുടി
ഉഷസ്സ് - പ്രഭാതം
കയം - ജലാശയത്തിലെ ആഴത്തിലുള്ള സ്ഥലം
കരിമ്പടം - പരുപരുത്ത കറുത്ത പുതപ്പ്
കല്പാന്തം - പ്രളയം, പ്രളയകാലം (കല്പത്തിന്റെ അന്തം)
കാനനം - കാട്
കിളവൻ - വൃദ്ധൻ (കിഴവൻ)
കൊന്നത്തെങ്ങ് - വളരെ പൊക്കമുള്ളതും ഫലം നിന്നതുമായ തെങ്ങ്
കൃതജ്ഞത - നന്ദി
ഗത്യന്തരം - മറ്റു മാർഗം (ഗതി + അന്തരം - മറ്റൊരു ഗതി)
ചാല - വളരെ, ചാലെ (പഴയ മലയാള പദം)
ചാവുപൂയന - മരണാനന്തരപൂജ (പ്രാദേശികം)
ചിണുങ്ങൽ - കുഞ്ഞുങ്ങളെപ്പോലെ ശാഠ്യംപിടിച്ചു കരയൽ
ചുഴലവും - ചുറ്റും
ജംഗമം - ഇളകുന്നത്
ഞാറ്റുവേല - സൂര്യൻ ഒരു നക്ഷത്ര മണ്ഡലത്തിൽ നിൽക്കുന്ന കാലം (ഞായറ് വേല) ഞായർ - സൂര്യൻ
താരുണ്യം - യുവത്വം
താളിയോല - എഴുതാനുപയോഗിക്കുന്ന പനയോല
ത്യജിക്കുക - ഉപേക്ഷിക്കുക
ദീനം - രോഗം, സുഖക്കേട്
ദീനാലാപനം - സങ്കടം നിറഞ്ഞ സംഭാഷണം
ദീപ്തം - പ്രകാശമയം
ധൂളി - പൊടി
നശ്വരം - നശിക്കുന്നത്
നിർധനൻ - പാവപ്പെട്ടവൻ, ദരിദ്രൻ (ധനമില്ലാത്തവൻ)
നിസ്തേജൻ - ശോഭയില്ലാത്തവൻ (തേജസ്സില്ലാത്തവൻ)
നീരസം - മുഷിച്ചിൽ, വിരോധം (രസമില്ലാത്തത്. നിഃ+രസം)
നീരുറ്റ - ജലം കൂടിയ
നീറാവുക - വെണ്ണീറാവുക, ചാരമാവുക
നെരിപ്പോട് - തീച്ചട്ടി
നൈരന്തര്യം - നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നത് (തുടർച്ച)

പവിത്രം - പരിശുദ്ധം

പാരിച്ച - വർധിച്ച (ഭാരിച്ച)

പാരിടം - ഭൂമി

പുലഭ്യം - ചീത്ത, വഷളത്തം

പൂർണേന്ദു - പൂർണചന്ദ്രൻ (പൂർണ + ഇന്ദു)

പ്രകൃതിജന്യം - പ്രകൃതിയിൽനിന്ന് ഉണ്ടാകുന്നത്

പ്രകൃത്യനുസാരി - പ്രകൃതിക്കനുസരിച്ച

ഫണി - പാമ്പ് (ഫണം ഉള്ളത്. ഫണം - പത്തി)

ഫണീന്ദ്രൻ - സർപ്പങ്ങളുടെ രാജാവ് (അനന്തൻ)

മന്തിരിക്കുക - മന്ത്രിക്കുക

മഹേശ്വരൻ - ശിവൻ

മൂവന്തി - മൂന്നാമത്തെ അന്തിയായ സന്ധ്യ. (പ്രഭാതം, ഉച്ച, സന്ധ്യ എന്നിങ്ങനെ മൂന്ന് അന്തികൾ)

മെത്തുന്നു - നിറയുന്നു

യുനാനി - ഒരു ചികിത്സാരീതി

യോദ്ധാവ് - യുദ്ധം ചെയ്യുന്നവൻ, പടയാളി

ലാവണ്യം - സൗന്ദര്യം, ഉപ്പ് എന്നർഥമുള്ള ലവണപദ ത്തിൽ നിന്ന് ഉണ്ടായത്.

ലായം - കുതിരയെ കെട്ടുന്ന ആല

വങ്കത്തം - വിഡ്ഢിത്തം

വമിക്കുക - വർഷിക്കുക, വെളിയിലേക്കു വിടുക

വണ്ണമെഴുന്ന - വണ്ണമുള്ള

വലാഹം - മേഘം (വലാഹകം)

വാരണം - ആന

വിൺതുറക്കുക - (വിണ്ണ്) ആകാശം തുറക്കുക

വിണ്ണവർ - ദേവന്മാർ (വിണ്ണിലുള്ളവർ)

ശിശിരം - തണുപ്പുകാലം, ഇലപൊഴി യുന്ന കാലം (ആറ് ഋതുക്കളിൽ ഒന്ന്)

ശുഷ്കം - ഉണങ്ങിയ, ശോഷിച്ച

ശൈലം - പർവതം

ശൗര്യം - ശൂരത

ശ്വാവ് - നായ

സവാരി - യാത്ര

സ്പർധ - മത്സരം, അസൂയ

സർവസംഗ പരിത്യാഗി - സന്ന്യാസി

സാന്ധ്യശോഭ - സന്ധ്യാസമയത്തെ ശോഭ

സംക്രമിക്കുക - പകരുക

സംഭ്രാന്തർ - പരിഭ്രമിച്ചവർ

സംസാരക്ലേശ മുക്തി - ജീവിതദുഃഖങ്ങളിൽ നിന്നുള്ള മോചനം

ഹേമന്തം - മഞ്ഞുകാലം (ആറ് ഋതുക്കളിൽ ഒന്ന്)

# ഗ്രന്ഥകാരന്മാരും കൃതികളും

**ചെറുശ്ശേരി**

എ.ഡി. 15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാകവി. എ.ഡി. 1445 - 75 കാലത്ത് കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു. കവിതാവാസനയും പാണ്ഡിത്യവും ഭാവനാസമ്പത്തും ഒത്തിണങ്ങിയ കവി. കൃഷ്ണഗാഥയാണ് പ്രധാന കൃതി. ഭക്തിയും ഫലിതവും ശൃംഗാരവും കലർന്ന കാവ്യമാണ് കൃഷ്ണഗാഥ.

**വള്ളത്തോൾ നാരായണമേനോൻ (1878 - 1958)**

മലബാറിലെ വെട്ടത്തുനാട്ടിൽ ചേന്നര വള്ളത്തോൾ വീട്ടിൽ ജനിച്ചു. ദേശീയബോധം ഉണർത്തുന്ന കവിതകൾ എഴുതി. ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലനമറിയം, ശിഷ്യനും മകനും, അച്ഛനും മകളും തുടങ്ങിയ ഖണ്ഡകാവ്യങ്ങൾ, ചിത്രയോഗം മഹാകാവ്യം, 'സാഹിത്യമഞ്ജരി'യെന്ന പേരിൽ പതിനൊന്നു കവിതാസമാഹാരങ്ങൾ തുടങ്ങിയവ പ്രധാന കൃതികളാണ്. വാല്മീകിരാമായണം, ഋഗ്വേദം, ഭാസന്റെയും കാളിദാസന്റെയും നാടകങ്ങൾ തുടങ്ങി ധാരാളം കൃതികൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തു. കേരള കലാമണ്ഡലം സ്ഥാപിക്കുന്നതിനു നേതൃത്വം നൽകി. പത്മഭൂഷൺ ബഹുമതി ലഭിച്ചിട്ടുണ്ട്.

**സഞ്ജയൻ (എം.ആർ.നായർ) (1903 - 1943)**

മാണിക്കോത്ത് രാമുണ്ണി നായർ. കണ്ണൂർ ജില്ലയിൽ തലശ്ശേരി തിരുവങ്ങാട് ഒതയോത്ത് ജനിച്ചു. സഞ്ജയൻ എന്നത് തൂലികാനാമമാണ്. ഭരണാധികാരികൾ ഉൾപ്പെടെ വിവിധ രംഗങ്ങളിലുള്ളവർ സഞ്ജയന്റെ മൂർച്ചയേറിയ പരിഹാസത്തിനു പാത്രങ്ങളായിട്ടുണ്ട്. സാമൂഹിക പുരോഗതിയാണ് ഈ പരിഹാസത്തിലൂടെ ലക്ഷ്യമാക്കിയത്. 'സറ്റയർ' വിഭാഗത്തിൽപ്പെടുന്നതാണ് ഹാസരചനകളിലധികവും. സഞ്ജയൻ (6 ഭാഗം), സാഹിത്യനികഷം (2 ഭാഗം), ഹാസ്യാഞ്ജലി, ഒഥല്ലോ (പരിഭാഷ) എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.

**വൈക്കം മുഹമ്മദ് ബഷീർ (1908- 1994)**

കോട്ടയം ജില്ലയിൽ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ചു. പാത്തുമ്മായുടെ ആട്, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്!, പ്രേമലേഖനം, ബാല്യകാലസഖി, ശബ്ദങ്ങൾ, മരണത്തിന്റെ നിഴലിൽ, ജീവിതനിഴൽപ്പാടുകൾ, മതിലുകൾ, മാന്ത്രികപ്പൂച്ച, അനുരാഗത്തിന്റെ ദിനങ്ങൾ, ജന്മദിനം, ഓർമക്കുറിപ്പ്, വിശ്വവിഖ്യാതമായ മൂക്ക്, വിശപ്പ്, ആനപ്പൂട, ചിരിക്കുന്ന മരപ്പാവ, ഭൂമിയുടെ അവകാശികൾ, ശിങ്കിടിമുങ്കൻ, യാ ഇലാഹി, മുച്ചീട്ടുകളിക്കാരന്റെ മകൾ, ആനവാരിയും പൊൻകുരിശും, സ്ഥലത്തെ പ്രധാന ദിവ്യൻ, കഥാബീജം, നേരും നുണയും, ഓർമയുടെ അറകൾ (ആത്മകഥ), ഭാർഗവീനിലയം (തിരക്കഥ) തുടങ്ങിയവ പ്രധാന കൃതികൾ.

കേരള സാഹിത്യ അക്കാദമി അംഗത്വം, കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്, സ്വാതന്ത്ര്യ സമരപ്രവർത്തനത്തിന് താമ്രപത്രം, കാലിക്കറ്റ് സർവകലാശാലയുടെ ഓണററി ഡി ലിറ്റ്, വള്ളത്തോൾ പുരസ്കാരം എന്നിങ്ങനെ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**എസ്.വി. വേണുഗോപൻനായർ**

1946-ൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ കുളത്തൂർ (കാരോട്) എന്ന സ്ഥലത്ത് ജനനം. കോളേജ് അധ്യാപകൻ, പ്രിൻസിപ്പൽ എന്നീ നിലകളിൽ പ്രവർത്തിച്ചു.

കൃതികൾ: ഗർഭശ്രീമാൻ, ആദിശേഷൻ, തിക്തം തീക്ഷ്ണം തിമിരം, ഒറ്റപ്പാലം, കഥകളതിസാദരം, പരദൈവങ്ങൾ, വീടിന്റെ നാനാർഥം, വരു

മ്പോൾ ഞാനെന്തു പറയും?, രേഖയില്ലാത്ത ഒരാൾ, ഭൂമിപുത്രന്റെ വഴി. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**ഡോ: വന്ദനശിവ**

1952-ൽ ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ ജനിച്ചു. ഭൗതികശാസ്ത്രജ്ഞ, പരിസ്ഥിതിപ്രവർത്തക, എഴുത്തുകാരി. വനനശീകരണത്തിനെതിരേ 1970 കളിൽ നടന്ന ചിപ്കോ പ്രസ്ഥാനത്തിലൂടെ പരിസ്ഥിതി സംരക്ഷണരംഗത്ത് വന്നു. ഭൗതികശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. ഇക്കോഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ നായകരിൽ ഒരാളാണ്. 1993-ൽ ബദൽ നോബൽ സമ്മാനമെന്നറിയപ്പെടുന്ന റൈറ്റ് ലൈവ്ലിഹുഡ് അവാർഡ് കരസ്ഥമാക്കി. ഐക്യരാഷ്ട്രസഭയുടെ എർത്ത്ഡേ, യു.എൻ.ഇ.പിയുടെ ഗ്ലോബൽ-500 തുടങ്ങിയ അവാർഡുകളും ലഭിച്ചിട്ടുണ്ട്.

സ്റ്റേയിങ് എലൈവ്, ഇക്കോളജി ആന്റ് ദ പൊളിറ്റിക്സ് ഓഫ് സർവൈവൽ, ദ വയലൻസ് ഓഫ് ഗ്രീൻ റെവലൂഷൻ, സ്റ്റോളൻ ഹാർവെസ്റ്റ്, വാട്ടർ വാർസ് എന്നിവ കൃതികൾ.

**വിജയലക്ഷ്മി**

1960-ൽ എറണാകുളം ജില്ലയിലെ മുളന്തുരുത്തിയിൽ ജനിച്ചു. ടെലികോം വകുപ്പിൽ ജോലി. കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗം. മൃഗശിക്ഷകൻ, തച്ചന്റെ മകൾ, മഴതൻ മറ്റേതോ മുഖം, അന്ത്യപ്രലോഭനം, ഹിമസമാധി, ഒറ്റമണൽത്തരി തുടങ്ങിയവയാണ് പ്രധാന കവിതാസമാഹാരങ്ങൾ. സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**ജി.മധുസൂദനൻ**

കൊല്ലം ജില്ലയിൽ പെരിനാട് പഞ്ചായത്തിലെ ചെറുമൂട് എന്ന ഗ്രാമത്തിൽ ജനിച്ചു. 1976-ൽ ഐ.എ.എസ്. ലഭിച്ചു ഇപ്പോൾ വിശ്വസുസ്ഥിര ഊർജ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ജനറൽ. പ്രധാന കൃതികൾ: ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ, കഥയും പരിസ്ഥിതിയും തുടങ്ങിയവ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**യൂറി നഗീബിൻ (1920 - 1994)**

റഷ്യൻ സാഹിത്യകാരൻ. മോസ്കോയിൽ ജനനം. തിരക്കഥാകൃത്തും ചെറുകഥാകൃത്തും.ബുക്ക് ഓഫ് ചിൽഡ്രൻ, മാൻ ഫ്രം ഫ്രണ്ട്, ബിഗ് ഹാർട്ട്, ഗ്രൈൻ ഓഫ് ലൈഫ്, മാൻ ആന്റ് റോസ്, ഫാർ ആന്റ് നിയർ, ഗ്രീൻ ബേഡ് വിത്ത് റെഡ് ഹെഡ് എന്നിവ കൃതികൾ..

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# ഇന്ത്യൻ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ – താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് –**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.